# സത്യദൂതൻ

2016 ഫെബ്രുവരി | ലക്കം 2

വില ₹ 30



## ന്യൂക്ലിയർ ഹോളോകാസ്റ്റ്

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android


**Quran**
Read the Holy Quran in easy Yassarnal Quran Font

**Conditions of Bai'at**
A pocket reference of Shara't-e-Bai'at in 7 languages



**Sermons**
Huzoor's Friday Sermons In 15 languages

**MTA**
Watch MTA Live, view Schedule and much more



**Ahmadiyya News**
Stay up to date with the Latest jama'at news

View these apps at
alislam.org/apps
or scan the QR code below






The Sathyadoothan Monthly


# സത്യദൂതൻ

2016 ഫെബ്രുവരി
ഹി.ശ.1396 - തബ്‌ലീഗ്
1437 - റ.ആഖിർ - ജ.അവ്വൽ
പുസ്തകം 88 ലക്കം 2
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം


**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
ഖുത്വ്ബ
**മാപ്പും ശിക്ഷയും**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)
അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 2016 ജനുവരി 22 ന് ബൈത്തുൽ ഫുതൂഹ് ലണ്ടനിൽനിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം

**12**
**ന്യൂക്ലിയർ ഹോളോകാസ്റ്റ് (ആണവ കൂട്ടഹത്യ)**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

**18**
**മഹ്ദീ ഇമാമിന്റെ കുടുംബ ജീവിതം**
ഹ്ദറത്ത് മൗലാനാ അബ്ദുൾ കരീം സിയാൽകോട്ടി (റ)

**21**
**സർ സഫറുല്ലാഹ് ഖാൻ**
ഡോ. താഹിർ മഹ്മൂദ്

**24**
**വാഗ്ദത്ത മസീഹിന്റെ വാഗ്ദത്ത ഖലീഫമാർ**
ശറഫുദ്ദീൻ ഇർഫാനി അഗത്തി
വാഗ്ദത്ത മസീഹിന്റെ ഖലീഫമാരുടെ ജീവിതം പൂർവികരുടെ ആത്മീയാനുഭവങ്ങളുടേയും പ്രവചനങ്ങളുടേയും അടിസ്ഥാനത്തിൽ വിശദീകരിക്കുന്നു

**28**
**ആറ്റം ബോംബ് വീണപ്പോൾ**
എം. മാലിക്ക് പഴയങ്ങാടി

**30**
**സത്യദൂതൻ**
ടി. ശറഫുദ്ദീൻ, കണ്ണൂർ

**33**
**ഹദ്റത്ത് മസീഹ് മൗഊദി (അ) നെ കേരള അഹ്മദി നേരിട്ട് കണ്ടിരുന്നുവോ ? ഒരു വിയോജനക്കുറിപ്പ്**
മുഈൻ അഹ്മദ് സിദ്ധീക്ക്, പഴയങ്ങാടി

**39**
കുറിപ്പുകൾ
**വടക്കൻ കൊറിയയുടെ ഹൈഡ്രജൻ ബോംബ്**
മുസാഫിർ

**43**
**വാർത്തകൾ**



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി - 682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**സുൽത്താൻ നസീർ**
**ഫോൺ**: 9544274240

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ**: 8907182933
Email-salimqld@gmail.com


മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

## വിശുദ്ധ ഖുർആനിൽ നിന്ന്

അവരുടെ കൂടിയാലോചനകളിൽ മിക്കതിലും യാതൊരു നന്മയുമില്ല. ദാനധർമം ചെയ്യുന്നതിനോ നല്ല കാര്യങ്ങൾക്കായോ ജനങ്ങൾക്കിടയിൽ രഞ്ജിപ്പു ണ്ടാക്കുന്നതിനോ കൂടിയാലോചന ചെയ്യുന്നവരുടേ തൊഴിച്ച്. അല്ലാഹുവിന്റെ തൃപ്തി അന്വേഷിച്ച് കൊണ്ട് ആരെങ്കിലും അങ്ങനെയുള്ള കൂടിയാലോചന ചെയ്യുന്നതായാൽ നാം അവന് മഹത്തായ പ്രതി ഫലം നൽകുന്നതാണ്. **(4:115)**





## നബിവചനം

തിരുനബി(സ)യുടെ അടുക്കൽ ഒരാൾ തന്റെ ഹൃദയത്തിന്റെ കാഠിന്യത്തെ പറ്റി സങ്കടം പറഞ്ഞു. ഒരു അനാഥകുട്ടിയെ ലാളിക്കുവാനും അഗതിക്ക് ആഹാരം നൽകാനും നബി (സ) അദ്ദേഹത്തെ ഉപദേശിക്കുകയാണ് ചെയ്തത്. **(നബി വചനം)**

## വാഗ്ദത്ത മസീഹിന്റെ വചനം

### ഐക്യമത്യം മഹാബലം

ഐക്യം അഥവാ മൈത്രി എത്രയം അമൂല്യമായതാകുന്നു. മറ്റ് യാതൊരു മാർഗേണയും ദുരീകരിക്കാൻ കഴിയാത്ത വിപത്തുകളേയും ഐക്യം മുഖേന വിജയിക്കാൻ സാധിക്കുന്നത് ആർക്കും ഗോപ്യമായതല്ല. ഐക്യത്തിന്റെ അനുഗൃഹീത സ്ഥലങ്ങളിൽ നിന്നും നാം നമ്മെ അകറ്റി ക്കളയുന്നത് ഒരിക്കലും ബുദ്ധിപൂർവകമായിരിക്കില്ല. **(പൈഗാമെ സുൽഹ്)**



എഡിറ്റോറിയൽ

# സമാധാനം പുലരാൻ

മനുഷ്യസമൂഹത്തെ രാഷ്ട്രങ്ങൾ തങ്ങളുടെ അതിർത്തികളിൽ അടച്ചു പൂട്ടിയിരിക്കുകയാണ്. മാരകമായ ആയുധ സന്നാഹങ്ങളും വിഭിന്ന സ്വത്വബോധവുമുള്ള രണ്ട് രാഷ്ട്രങ്ങൾ അടുത്തടുത്ത് നിൽക്കുമ്പോൾ അതിർത്തികൾ സംഘർഷ ഭരിതമാകുന്നു. ആധുനിക കാലത്ത് സമാധാനം പുലരാൻ ഉഭയ രാഷ്ട്രങ്ങൾ മാത്രം ആഗ്രഹിച്ചാൽ പോര. ലോകം മുഴുവൻ വലയം ചെയ്തു നിൽക്കുന്ന വൻ ശക്തികളുടെ സഹകരണവും ആശീർവാദവും അവരുടെ താൽപര്യങ്ങൾക്ക് വിധേയപ്പെടലും മറ്റു പല സങ്കീർണമായ ഘടകങ്ങളുടെ അനുകൂലാവസ്ഥയും ഉണ്ടാവണം. സമാധാനത്തിന് വേണ്ടി സമർപ്പിക്കപ്പെട്ട ആഗോള സ്ഥാപനമായ ഐക്യരാഷ്ട്ര സഭ പോലും സമാധാനം കൊണ്ടുവരാനും യുദ്ധവും സംഘർഷവും ഇല്ലാതാക്കാനും പര്യാപ്തമല്ല.

ഇസ്‌ലാമിന് ഏറ്റവും പ്രിയപ്പെട്ട ആശയമാണ് സമാധാനം. ഇസ്‌ലാം എന്ന പദത്തിന്റെ അർഥം തന്നെ സമാധാനം എന്നാണ്. ദൈവസ്മരണയുള്ള മനുഷ്യ ഹൃദയമാണ് സമാധാനത്തിന്റെ അധിഷ്ഠാനമായി ഇസ്‌ലാം കാണുന്നത്. ***'വിശ്വസിക്കുകയും അല്ലാഹുവിന്റെ സ്മരണ മൂലം മനസ്സമാധാനം പ്രാപിക്കുകയും ചെയ്തവർ. അറിയുക, അല്ലാഹുവിന്റെ സ്മരണകൊണ്ട് മാത്രമേ മനസ്സമാധാനം കൈവരികയുള്ളൂ '***

(13: 29) യഥാർഥ മുസ്‌ലിംകളെ പോലെ സമാധാനം കാംക്ഷിക്കുന്ന നിരവധി മനുഷ്യ സ്നേഹികൾ ലോകത്തുണ്ട്. ആത്മീയവും ധാർമികവുമായ മൂല്യങ്ങൾ ആദർശങ്ങളായി സ്വീകരിച്ചാൽ മാത്രമേ വ്യക്തിക്കും സമൂഹത്തിനും സമാധാനം കൈവരുകയുള്ളൂ.

ഖലീഫത്തുൽ മസീഹ് 2008 ഒക്ടോബർ 22 ന് ബ്രിട്ടീഷ് പാർലമെന്റിനെ അഭിസംബോധന ചെയ്ത്കൊണ്ട് നടത്തിയ പ്രസംഗത്തിൽ ഒരു ഖുർആൻ വചനം ഉദ്ധരിച്ചുകൊണ്ട് അന്യരുടെ വിഭവങ്ങളിൽ കണ്ണുവെച്ച് ചൂഷണം ചെയ്യാൻ ശ്രമിക്കുന്നതാണ് ലോകത്ത് അശാന്തി പടരുന്നതിന്റെ മൂലകാരണം എന്ന് പറയുകയുണ്ടായി. വ്യക്തിക്കെന്നപോലെ രാജ്യങ്ങൾക്കും സമൂഹങ്ങൾക്കും ഇത് ബാധകമാണ്. ആ ഖുർആൻ വചനം ഇപ്രകാരമാണ് ***'അവരിൽ നിന്നുള്ള പല വിഭാഗങ്ങൾക്കും നാം ഐഹിക വിഭവങ്ങൾ അനുഭവപ്പെടുത്തി കൊടുത്തതിന്റെ നേരെ നീ നിന്റെ കണ്ണുകൾ ഉയർത്തരുത്. അവരെ പരീക്ഷിക്കുന്നതിനുവേണ്ടിയാണ് നാം അത് നൽകിയത്.(20:132)*** ഇങ്ങനെ തങ്ങൾക്കനുവദിക്കപ്പെട്ട ഭൗതിക വിഭവങ്ങളിൽ തൃപ്തരാവാതെ അന്യന് അവകാശപ്പെട്ട വിഭവങ്ങൾ കൂടി കൊള്ളയടിക്കാനുള്ള ത്വരയാണ് ലോകത്ത് യുദ്ധങ്ങൾക്കും സംഘർഷങ്ങൾക്കും കാരണം.

മനുഷ്യന്റെ ക്ഷണികമായ ഈ ജീവിത പ്രയാണത്തിന്റെ പൊരുളും ലക്ഷ്യവും മറന്നു കൊണ്ടും നീതിയുടെ മൂല്യങ്ങൾ ബലികഴിച്ചു കൊണ്ടും നശ്വരമായ ഈ ലോകത്തിന് വേണ്ടി നാം ഇത്ര വീറോടെ പൊരുതേണ്ടതുണ്ടോ? യേശുവിന്റെ ഒരു ഉപദേശം ശ്രദ്ധിക്കുക.***'ഭൂമി യിൽ നിനക്കായി നിക്ഷേപങ്ങൾ സംഭരിച്ച് വെക്കരുത്. അവിടെ അവയെ കീടങ്ങളും തുരുമ്പും തിന്നു നശിപ്പിക്കും. കള്ളന്മാർ കുത്തിക്കവർന്നു കൊണ്ടു പോകുകയും ചെയ്യും. കീടങ്ങളും തുരുമ്പും തിന്നു നശിപ്പിക്കാത്തതും കള്ളന്മാർ കവർച്ച നടത്താത്തതുമായ സ്വർഗത്തിൽ നിനക്കായി നിക്ഷേപങ്ങൾ കരുതിവെക്കുക. കാരണം നിക്ഷേപം എവിടെയാണോ അവിടെയായിരിക്കും നിന്റെ ഹൃദയം.'(മത്താ: 6:19))***

വ്യക്തികളിൽ നിന്നും ആരംഭിക്കുന്ന നീതിയുമായി ബന്ധപ്പെട്ട സ്വർഗീയ സമാധാന ചിന്തകൾ സാർവദേശീയ പ്രസ്ഥാനമായി വളർന്നു വികസിക്കട്ടെ. അല്ലാഹു പറയുന്നു: ***വിശ്വസിച്ചരേ നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിന് വേണ്ടി നിലകൊള്ളുക. ഒരു സമുദായത്തോടുള്ള വിരോധം അവരോട് നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ . നിങ്ങൾ എപ്പോഴും നീതി പാലിക്കുക. അത് ദൈവഭക്തിയുമായി ഏറ്റവും അടുത്തതാണ് . നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് സൂക്ഷ്മമായി അറിവുള്ളവനാണ്. (വി.ഖുർആൻ 5: 9)'മനുഷ്യവംശത്തെ അവൻ സമാധാനത്തിന്റെ ഗേഹത്തിലേക്ക് ക്ഷണിക്കുന്നു' (വി.ഖുർആൻ. 10:26)***



ഹദ്റത്ത് അഹ്മദ് (അ)


# ആത്മീയ വിപ്ലവം ആസന്നം

അല്ലയോ ഉറങ്ങുന്നവരേ! ഉണരുക. അല്ലയോ അശ്രദ്ധരേ! ജാഗരൂഗരാവുക ഒരു മഹത്തായ ആത്മീയ വിപ്ലവത്തിന്റെ കാലം സമാഗത മായിരിക്കുന്നു. ഇത് വിലപിക്കാനുള്ള നേരമാണ്. ഉറങ്ങിക്കിടക്കാനുള്ളതല്ല. (ദൈവസന്നിധിൽ) സങ്കടപ്പെടുവാനുള്ള നേരമാണ്. പരിഹാസവും അവഹേളനവും കുഫ്ര് ഫത്വകളും നടത്തേണ്ട നേരമല്ല. ഈ കാല ത്തെ നീക്കുവാനായി ദൈവിക കാരുണ്യം സജ്ജമാക്കിയ ആത്മീയ പ്രകാശത്തെ ദർശിക്കു വാനുള്ള കണ്ണുകൾ അല്ലാഹു നിങ്ങൾക്ക് തരുവനായി പ്രാർഥിക്കുക. രാത്രിയുടെ അവസാന യാമങ്ങളിൽ എഴുന്നേറ്റു ദൈവ സന്നിയിൽ കരഞ്ഞുകൊണ്ട് നേർ മാർഗത്തിനായി പ്രാർഥി ക്കുക. ഈ ആത്മീയ പ്രസ്ഥാനത്തെ നശിപ്പിക്കാ നുള്ള ബദ്ദുആ ചെയ്യാതിരിക്കുകയും ഇതിന്നെതി രെയുള്ള പദ്ധതികൾ ആവിഷ്ക്കരിക്കാതിരിക്കു കയും ചെയ്യുക. അല്ലാഹു നിങ്ങളുടെ ഈ അനാസ്ഥയെയും അശ്രദ്ധയേയും നിങ്ങളുടെ മനസ്സിലും ഹൃദയത്തിലുമുള്ള വിഡ്ഢിത്തങ്ങളെ യും നിങ്ങൾക്ക് പ്രത്യക്ഷപ്പെടുത്തി തരുന്നതാണ്. അല്ലഹു തന്റെ ദാസന്മാരെ സഹായിക്കുന്നതാണ്. അല്ലാഹു സ്വയം നട്ടു വളർത്തിയ ഈ വൃക്ഷത്തെ അവൻ ഒരിക്കലും സ്വയം വെട്ടിക്കള യുകയില്ല. ഒരു ഫലവൃക്ഷത്തെ നട്ടുവളർത്തി അതിന്റെ ഫലത്തെ പ്രതീക്ഷിച്ചിരിക്കുന്ന ഒരാൾക്ക് അതിനെ വെട്ടിമാറ്റി ക്കളയാൻ കഴിയുമോ? എന്നാൽ സർവ ജ്ഞനും എല്ലാം കാണുന്നവനുമായ അല്ലാഹു ഫലം പ്രതീക്ഷിച്ചിരിക്കുന്ന ഈ വൃക്ഷത്തെ എങ്ങനെ വെട്ടിമുറിക്കാനാണ്?. ഒരു മനുഷ്യനായി ക്കൊണ്ട് നിങ്ങൾ ചെയ്യാത്ത ഒരു പ്രവൃത്തി അദൃശ്യജ്ഞാ നിയായ (ആലി മുൽ ഗൈബായ) ഹൃദയത്തിന്റെ ഏറ്റവും അടിത്തട്ടുവരെ കാണുന്ന അല്ലാഹു എങ്ങനെയാണ് ചെയ്യുക?

അത്കൊണ്ട് നിങ്ങൾ ഈ യുദ്ധത്തിൽ നിങ്ങളുടെ തന്നെ അവയവങ്ങളെ വെട്ടി മുറിക്കുകയാണ്. നന്നായോർമിച്ചുകൊള്ളുക. നിങ്ങൾ അനാവശ്യമായി അഗ്നിയിൽ കയ്യിടരുത്. ഭസ്മമാക്കാനും ഇടയാകുന്ന താണ്... ഇത് മനുഷ്യനിർമിതമായ ഒരു കാര്യമായിരുന്നുവെങ്കിൽ ഇതിനെ നശിപ്പിക്കാൻ എന്തുകൊണ്ട് കഴിയുന്നില്ല.? വളരെ പേർ വന്നുവെങ്കിലും അത് ഇന്ന് ഈ നിലയിൽ എത്തിച്ചേർന്നിരിക്കയാണ്. ദൈവം തന്നോട് സംസാരിക്കുന്നുവെന്ന് അവന്റെ പേരിൽ കറ്റുകെട്ടി പറഞ്ഞതിന് ശേഷവും ഒരു നീണ്ട കാലം ജീവിച്ചിരിക്കുന്ന ഏതെങ്കിലും ഒരു വ്യാജവാദിയെ നിങ്ങൾക്ക് കാൺമാൻ സാധിച്ചിട്ടുണ്ടോ?. നിങ്ങൾ ഒന്നും തന്നെ ചിന്തിക്കുന്നില്ല. എത്ര പരിതാപ കരം?

വിശുദ്ധ ഖുർആൻ റസൂൽ തിരുമേനിയോട് നീ അൽപ്പമെങ്കിലും കറ്റുകെട്ടി പറയുക യാണെങ്കിൽ നിന്റെ ജീവനാഡി അറുത്തു കളയുന്നതാണ് എന്ന് പറഞ്ഞ ആയത്തിനെ പറ്റി നിങ്ങൾ എന്തുകൊണ്ട് ഓർക്കുന്നില്ല. അതായത് അല്ലാഹുവിന്റെ പേരിൽ ഇത്രവലിയ കറ്റുകെട്ട് ചെയ്തിട്ടും രക്ഷപ്പെടാൻ നബിതിരുമേനിയെക്കാളും പ്രിയങ്കരനായിട്ടാരാണ് ഉള്ളത്?

അതുകൊണ്ട് സഹോദരന്മാരേ അഹങ്കാര ത്തിൽ നിന്നും മാനസികേച്ഛകളിൽ നിന്നും സ്വയം മോചിതരാവുക. അല്ലാഹുവിന് മാത്രമുള്ള അറിവിന്റെ കാര്യത്തിൽ നിങ്ങൾ പിടിവാദം നടത്തരുത്. നിങ്ങളുടെ ഇത്തരം സ്വഭാവങ്ങളെ പരിത്യജിച്ചു കൊണ്ട് പുതിയ മനുഷ്യരായി തഖ്വയുടെ വഴിയിൽ കാലടിവെക്കുക. എന്നാൽ മാത്രമേ അല്ലാഹുവിന്റെ കാരുണ്യം നിങ്ങൾക്ക് ലഭിക്കുകയുള്ളൂ. നിങ്ങളുടെ പാപങ്ങളെ അവൻ പൊറുത്തു തരികയും ചെയ്യുകയുള്ളൂ. അത് കൊണ്ട് ഭയപ്പെടുക ഇത്തരം കാര്യങ്ങളിൽ നിന്നും വിരമിക്കുക നിങ്ങളുടെ ഇടയിൽ നല്ലയാളായിട്ട് ഒരുത്തനുമില്ലേ? (റൂഹാനി ഖസായിൽ വോ 5 പേ 53,54,55)



# മാപ്പും ശിക്ഷയും

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 2016 ജനുവരി 22 ന് ബൈത്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബ്ബയുടെ സംഗ്രഹം

***തിന്മയ്ക്കുള്ള പ്രതിഫലം, ചെയ്യുന്ന തിന്മയ്ക്ക് തത്തുല്യമായതാണ്. എന്നാൽ, വല്ലവനും മാപ്പു ചെയ്യുകയും നന്മ വരുത്തുകയും ചെയ്യുന്നതായാൽ അവന്റെ പ്രതിഫലം അല്ലാഹുവിന്റെ അടുക്കലാണ്. തീർച്ചയായും അവൻ അക്രമികളെ ഇഷ്ടപ്പെടുന്നില്ല. (42:41)***

ഇസ്‌ലാമികാധ്യാപനങ്ങളിൽ തെറ്റായ പ്രവൃത്തി ചെയ്യുന്നവനോടും നഷ്ടം ഉണ്ടാക്കുന്നവനോടും അത് ചെറുതാവട്ടെ വലുതാവട്ടെ, അല്ലെങ്കിൽ ശത്രുവാകട്ടെ, അവനെ നന്നാക്കിയെടുക്കുക എന്ന ഉദ്ദേശ്യത്തോടെ പെരുമാറാനുള്ള പാഠമാണുള്ളത്. ഇസ്‌ലാമിൽ ശിക്ഷ നല്കുക എന്ന സങ്കല്പം തീർച്ചയായുമുണ്ട്. പക്ഷേ, അതിനോടൊപ്പം മാപ്പു കൊടുക്കുക, വിട്ടുവീഴ്ച്ച ചെയ്യു ക എന്ന കല്പനയുമുണ്ട്. ഈ വചനത്തിലും ഇതേ കല്പനയാണുള്ളത്. അതായത് തിന്മയും ദോഷ പ്രവൃത്തിക്കുന്നവർക്ക് ശിക്ഷ നല്കുക. പക്ഷേ, ആ ശിക്ഷ നല്കുന്നതിന്റെ പിന്നിലും, ആ ശിക്ഷ കൊണ്ട് തിന്മചെയ്യുന്നവനെ അല്ലെങ്കിൽ നഷ്ടമുണ്ടാക്കുന്നവനെ അല്ലെങ്കിൽ കുറ്റവാളിയെ നന്നാക്കിയെടുക്കണം എന്ന ഉദ്ദേശ്യമാണ് ഉണ്ടായിരിക്കേണ്ടത്. കുറ്റവാളി പരിഷ്ക്കരിക്കുക എന്ന ഉദ്ദേശ്യമാകുമ്പോൾ ശിക്ഷ നല്കുന്നതിനു മുമ്പേ, ഈ ശിക്ഷകൊണ്ട് ഉദ്ദേശ്യം പരിഹരിക്കപ്പെടുമോ എന്ന് ചിന്തിക്കേണ്ടതാണ്. ചിന്തിച്ചതിനു ശേഷവും, കുറ്റവാളിയുടെ അവസ്ഥ കണ്ടതിനു ശേഷവും, ഈ കുറ്റവാളിക്ക് മാപ്പു കൊടുത്താൽ അവൻ നന്നാകുമെന്ന് കണ്ടാൽ മാപ്പു കൊടുക്കുക. ഇനി ശിക്ഷ കൊണ്ടേ നന്നാകുകയുള്ളൂ വെന്ന് കണ്ടാൽ ശിക്ഷ നല്കുക. ഈ മാപ്പു കൊടുക്കലും നിങ്ങളെ അല്ലാഹു വിന്റെ ഉത്തമമായ പ്രതിഫലത്തിന് അവകാ ശിയാക്കുന്നതാണ്. അവസാനം **ഇന്നഹൂ ലായുഹിബ്ബു ള്ളാലിമീൻ** എന്ന് പറഞ്ഞുകൊണ്ട്, ശിക്ഷ നല്കുന്നതിൽ അതിരുകടക്കാൻ ശ്രമിച്ചാൽ അക്രമികളിൽ പെടുന്ന

> മുമ്പേയുള്ള മതങ്ങളെപ്പോലെ ഇസ്‌ലാമിൽ അമിതത്വമോ അതിമിതത്വമോ ഇല്ല. ഇതിന്റെ അത്യുന്നതമായ മാതൃക നമുക്ക് നബി (സ) തിരുമേനിയുടെ ജീവിതത്തിൽ കാണാൻ കഴിയുന്നു.

താണെന്നും വ്യക്തമാക്കിയിരിക്കുന്നു. എന്തായാലും പരിഷ്കരണത്തിന്റെ ഈ അടിസ്ഥാന പരമായ നിയമവും ശിക്ഷയുടെ ചട്ടവും വിശുദ്ധ ഖുർആനിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. അത് നമ്മുടെ വ്യക്തിപരമായ ജീവിതത്തിലെ കാര്യങ്ങളിൽ വലയം ചെയ്ത് നില്ക്കുന്നതിനും ഭരണപരമായ കാര്യങ്ങളിൽ എന്നല്ല അന്താരാഷ്ട്ര കാര്യങ്ങളിലും സമൂഹത്തിന്റെ പരിഷ്കരണത്തിനും ഈ അടിത്തറ തന്നെയാണുള്ളത്. ഏതെങ്കിലും കുറ്റവാളിയെ ശിക്ഷിക്കുന്നതിന്റെ യഥാർഥ ഉദ്ദേശ്യം ഞാൻ പറഞ്ഞതുപോലെ പരിഷ്കരിച്ചെടുക്കലും സ്വഭാവംനന്നാക്കിത്തീർക്കലുമാണ്.

അതുകൊണ്ട് കേവലം ശിക്ഷയിൽ മാത്രം ഊന്നൽ നൽകാ തെ പരിഷ്കരണ വശത്തിന്നും ഊന്നൽ കെടുക്കണം എന്നാണ് ഇസ്‌ലാം പറയുന്നത്. മാപ്പ് കൊടുത്താൽ നന്നാകുമെന്ന് നിങ്ങൾ മനസ്സിലാക്കുന്നുവെങ്കിൽ മാപ്പു കൊടുക്കുക. എന്നാൽ, ശിക്ഷ കൊടുത്താലെ നന്നാകുകയുള്ളൂ എന്നു പറയുന്നെങ്കിൽ ശിക്ഷ കൊടുക്കുക. പക്ഷേ, ചെയ്ത കുറ്റത്തിനനുസരിച്ചുള്ള ശിക്ഷയായിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കുറ്റത്തേക്കാൾ കൂടുതലാണ് ശിക്ഷയെങ്കിൽ അത് അന്യായവും അതിക്രമവുമാണ്. അന്യായത്തേയും അതിക്രമത്തേയും അല്ലാഹു ഇഷ്ടപ്പെടുന്നില്ല.

മുമ്പേയുള്ള മതങ്ങളെപ്പോലെ ഇസ്‌ലാമിൽ അമിതത്വമോ അതിമിതത്വമോ ഇല്ല. ഇതിന്റെ അത്യുന്നതമായ മാതൃക നമുക്ക് നബി (സ) തിരുമേനിയുടെ ജീവിതത്തിൽ കാണാൻ കഴിയുന്നു. കുറ്റവാളിയുടെ സ്വഭാവം നല്ലതായിത്തീർന്നിരിക്കുന്നുവെന്ന് ആ മഹാത്മാവ് കണ്ടപ്പോൾ, ദ്രോഹിയായ കഠിന ശത്രുവിനുപോലും അവിടന്ന് മാപ്പു കൊടുത്തു. നബി(സ) തിരുമേനിയുടെമേലും ആ മഹാത്മാവിന്റെ മക്കളുടെമേലും അവിടത്തെ അനുചരന്മാരുടെമേലും എന്തെന്തെല്ലാം അക്രമങ്ങളാണ് ഉണ്ടാകാതിരുന്നത്. പക്ഷേ, ശത്രു മാപ്പു ചോദിച്ചപ്പോൾ, അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനയനുസരിച്ച് ജീവിക്കുമെന്ന് അവർ പ്രതിജ്ഞ ചെയ്തപ്പോൾ നബി (സ) തിരുമേനി എല്ലാം മറന്ന് അവർക്ക് മാപ്പുകൊടുത്തു.

ഹദീഥിൽ വന്നിരിക്കുന്നു. മക്കയിൽനിന്ന് ഹിജ്റ പോകുന്ന നേരത്ത് നബി (സ)തിരുമേനിയുടെ മകൾ ഹദ്റത്ത് സയ്നബിനെ, ഒരു അക്രമി ഹബ്ബാർബിൻ അസ്‌വദ് കുന്തം കൊണ്ട് വധിക്കാൻ ശ്രമം നടത്തി. അവർ അപ്പോൾ ഗർഭിണിയായിരുന്നു. ആ ആക്രമണത്താൽ അവർക്കു മുറിവ് പറ്റി, അവരുടെ ഗർഭവും അലസിപ്പോയി. അവസാനം ആ മുറിവ് അവരുടെ മരണത്തിനിടയാക്കി. ആ കുറ്റം കാരണത്താൽ അയാൾക്കെതിരിൽ വധശിക്ഷ വിധിക്കപ്പെട്ടു. പക്ഷേ, നബി(സ) തിരു മേനിയുടെ മാപ്പുകൊടുക്കൽ എത്ര മാത്രം വിശാലമായിരുന്നുവെന്നാൽ, അയാൾ തന്റെ അതിക്രമങ്ങളും കുറ്റകൃത്യ ങ്ങളും സമ്മതിച്ചുകൊണ്ട് മാപ്പു ചോദിച്ചപ്പോൾ നബി (സ) തിരുമേനി തന്റെ മകളുടെ ആ ഘാതകനും മാപ്പു നല്കി. പറഞ്ഞു: 'ഹബ്ബാറെ നീ പൊയ്ക്കൊള്ളുക! നിന്നിൽ അല്ലാഹുവിന്റെ ഔദാര്യമുണ്ടായിരിക്കുന്നു. അവൻ നിനക്ക് ഇസ്‌ലാം സ്വീകരിക്കാനും സത്യസ ന്ധ മായി തൗബ ചെയ്യാനും തൗഫീഖ് നല്കി.'

ഇപ്രകാരംതന്നെ ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. 'കഅ്ബബിൻ ളുഹീർ എന്ന ഒരു കവി ഉണ്ടായിരുന്നു. അയാൾ മുസ്‌ലിം സ്ത്രീകളെ കുറിച്ച് ചീത്ത കാവ്യങ്ങൾ രചിച്ചിരുന്നു. അവരുടെ ചാരിത്രത്തിനുമേൽ ആക്രമണം നടത്തിയിരുന്നു. അയാൾക്കെതിരിലും ശിക്ഷ പുറപ്പെടുവിച്ചു കഴിഞ്ഞിരുന്നു.

മക്ക വിജയിച്ചു കഴിഞ്ഞപ്പോൾ കഅ്ബിന്റെ സഹോദരൻ അയാൾക്കെഴുതി, മക്ക വിജയിച്ചു കഴിഞ്ഞിരിക്കുന്നു. നീ നബി (സ) തിരുമേനിയോടു മാപ്പു ചോദിക്കുന്നതാണ് നല്ലത്. അങ്ങനെ അയാൾ മാന സാന്തരപ്പെട്ട് മദീനയിൽ വരികയും മാപ്പു ചോദിക്കുകയും ചെയ്തു. അപ്പോൾ നബി (സ) തിരുമേനി അങ്ങേയറ്റം അനുകമ്പയോടുകൂടി അയാൾക്കും മാപ്പു കൊടുത്തു. പിന്നീട് അയാൾ ഒരു ഖസ്വീദ എഴുതി നബി (സ) തിരുമേനിയുടെ തിരുസന്നിധിയിൽ സമർപ്പിച്ചു. നബി (സ) തിരുമേനി തന്റെ മനോഹരമായൊരു ചാദുർ സമ്മാനമായി അയാൾക്കു നല്കി.

വധ ശിക്ഷ പുറപ്പെടുവിച്ചു കഴിഞ്ഞിരുന്ന ആ ശത്രു നബി (സ) തിരുമേനിയുടെ ദർബാറിൽ നിന്ന് ജീവൻ രക്ഷിച്ചുവെന്ന് മാത്രമല്ല, പ്രത്യുത സമ്മാനം നേടിക്കൊണ്ടാണ് പോയത്. ഇതു പോലുള്ള ധാരാളം സംഭവങ്ങൾ നബി (സ) തിരുമേനിയുടെ ജീവിതത്തിൽനിന്ന് നമുക്ക് ലഭിക്കുന്നതാണ്. തന്റെ വ്യക്തിപരമായ ശത്രുവിനും അയാൾ സ്വഭാ വം നന്നാക്കി വന്നപ്പോൾ നബി (സ) തിരുമേനി മാപ്പു കൊടുത്തു. ഇസ്‌ലാ മിനെതിരിൽ നിന്ന ശത്രുവിനും മാപ്പു കൊടുത്തു. എന്നാൽ, നന്നാകാൻ ശിക്ഷ വേണ്ടിടത്ത്, ശിക്ഷ

നിർബന്ധമായ ഘട്ടത്തിൽ ശിക്ഷി ക്കുകയും ചെയ്തു. ഈ സുപ്ര ധാന കല്പനയുടെ പ്രാധാന്യത്തി ന്റെ യഥാർഥ ഉദ്ദേശ്യം നിങ്ങൾ അവരെ പരിഷ്കരിച്ചെടുക്കണം, പ്രതികാരം ചെയ്യരുത് എന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) സൂറ ശൂറാ യിലെ ഈ 41-ാം വചനത്തിന് തന്റെ ഗ്രന്ഥങ്ങളിലും ഉപദേശ നിർദേശ ങ്ങളിലും പലയിടത്തും വിശദീക രണം നല്കിയിട്ടുണ്ട്. അദ്ദേഹ ത്തിന്റെ 13 ഗ്രന്ഥങ്ങളിൽ ഉദ്ധരണികൾ കാണുന്നുണ്ട്. അതി നേക്കാൾ കൂടുതലുമുണ്ടാ കാം. അവ യിൽ 21, 22 സ്ഥലങ്ങളിൽ ഇത് ഉദ്ധരിച്ചുകൊണ്ട് എഴുതിയിട്ടുണ്ട്. ഇപ്രകാരംതന്നെ തന്റെ മജ്ലിസു കളിലും പലയിടത്തും ഇതു സംബ ന്ധമായി പറഞ്ഞിട്ടുണ്ട്. 'ഇസ്ലാമീ ഉസൂൽ കി ഫലാസഫി' എന്ന ഗ്രന്ഥ ത്തിൽ അവിടന്ന് മാപ്പിന്റെയും ശിക്ഷയുടേയും തത്ത്വവും ആത്മാ വും വിവരിച്ചുകൊണ്ടു പറയുന്നു: 'തിന്മക്കുള്ള ശിക്ഷ, ചെയ്യപ്പെട്ടതിന് തത്തുല്യമായ തിന്മയാണ്. (അതാ യത് ഈ വചനത്തിന്റെ വെളിച്ച ത്തിൽ). എന്നാൽ, ആരെങ്കിലും പാപം പൊറുത്തു കൊടുക്കുകയും, തെറ്റു ചെയ്തവനിൽ പരിഷ്കരണം ഉണ്ടാകുന്ന അവസരത്തിൽ പൊറു ത്തുകൊടുക്കുകയാണെ ങ്കിൽ, ഒരു ഉപദ്രവം ഉണ്ടാകുന്നില്ലെങ്കിൽ അതാ യത് കൃത്യമായ മാപ്പിന്റെ സ്ഥാന ത്താകുകയും അസ്ഥാനത്താകാതി രിക്കുകയുമാണെങ്കിൽ അതിന് അവൻ പ്രതിഫലം പ്രാപിക്കുന്ന താണ്.' (അതായത് പൊറുത്തു കൊടുക്കുന്നവൻ അല്ലാഹുവിന്റെ പക്കൽ പ്രതിഫലം നേടുന്നതാണ്) പറഞ്ഞു: 'ഈ ആയത്തിൽ നിന്ന്, അനാവശ്യമായ എല്ലായിടത്തും ഉപദ്രവത്തെ നേരിടാതിരിക്കുക എന്നതല്ല ഖുർആനിക പാഠമെന്ന് വ്യക്തമാണ്. (ചിലയിടത്ത് ഉപദ്രവ ത്തെ നേരിടേണ്ടതായും വരുന്നു). ഉപദ്രവകാരികളേയും അക്രമി കളെയും ശിക്ഷിക്കേണ്ടി വരുന്നു. ആ അവസരം പാപം പൊറുത്തു കൊടുക്കുന്നതാണോ ശിക്ഷകൊടു ക്കുന്നതിനുള്ളതാണോ എന്ന് നോ ക്കേണ്ടതാണ്. അതുകൊണ്ട് കുറ്റ വാളിയുടെ അവകാശത്തിലും പൊതു മനുഷ്യരുടെ അവകാശ ത്തിലും എന്തൊന്നാണോ യഥാർഥ ത്തിൽ ഉത്തമമായിട്ടുള്ളത് ആ മാർഗമാണ് സ്വീകരിക്കേണ്ടത്.

ഇക്കാലത്ത് മനുഷ്യാവകാശ ത്തിന്റെ ധ്വജവാഹകരായി വിലസി നടക്കുന്നവർ, ഒരു ഭാഗത്തേക്കു മാത്രമാണ് പോകുന്നത്. ഒരാളുടെ എത്ര വലിയ കുറ്റമാണെങ്കിലും മാനുഷികമായ അനുകമ്പയുടെ പേരിൽ കുറ്റവാളികൾക്കും എത്ര മാത്രം ഇളവാണ് നല്കുന്നതെ ന്നാൽ, കുറ്റവാളികൾക്ക് കുറ്റകൃത്യ ത്തിന്റെ ബോധം തന്നെ ഇല്ലാതാ യിരിക്കുന്നു. കൊലപാതകികളുണ്ട്, കൂലിക്ക് കൊല നടത്തുന്നവരുണ്ട്. ആളുകൾ അഹങ്കാരത്തിലും അഹ ന്തതയിലും എത്രമാത്രം വളർന്നിരി ക്കുന്നുവെന്നാൽ അവർക്ക് തങ്ങ ളുടെ ജീവിതത്തെ കുറിച്ചല്ലാതെ മറ്റുള്ളവരുടെ ജീവിതത്തിന്റെ പ്രാധാന്യമേ കാണാൻ കഴിയുന്നില്ല. അത്തരം ആളുകൾക്ക് വധശിക്ഷ തന്നെ ലഭിക്കേണ്ടതാണ്; വധിക്ക പ്പെടുന്നവരുടെ ബന്ധുക്കൾ മാപ്പു നല്കിയാലൊഴികെ.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു: 'കുറ്റവാളിയ്ക്ക് എന്താണ് ഉത്തമം എന്ന് നോക്കിയാൽ മാത്രം പോരാ. ചിലപ്പോൾ കുറ്റവാളികളെ മാത്രമല്ല നോക്കേണ്ടിവരുന്നത്, സമൂഹത്തിന്റെ ഗുണവും നോക്കേ ണ്ടി വരും. ചെറിയ വസ്തുക്കൾ വലുതിനു വേണ്ടി ത്യാഗം ചെയ്യുക. അല്ലെങ്കിൽ സമൂഹത്തിന്റെ വിശാല മായ നേട്ടം മുന്നിൽ വെക്കുക. ഇതു ചില ഘട്ടങ്ങളിൽ നിർബന്ധമായി ത്തീരുന്നു. അതുകൊണ്ട് ഏതു ശിക്ഷയും തീരുമാനിക്കുന്ന നേര ത്ത് സമൂഹത്തെ മൊത്തമായ നിലയിൽ അതെങ്ങനെ ബാധിക്കു മെന്നു നോക്കേണ്ടതും നിർബന്ധ മാണ്. ചിലപ്പോൾ മാപ്പുകൊടു ക്കുന്നത് സമൂഹത്തെ ദോഷക രമായി ബാധിക്കും. നോക്കുക, ഇത്ര വലിയ കുറ്റവാളി ഒരു ദുഷ്കൃത്യം ചെയ്ത് വീണ്ടും രക്ഷപ്പെട്ടുവെന്ന് ജനം പറയും. അങ്ങനെ വരുമ്പോൾ ദ്രോഹ പ്രകൃതരായ ആളുകൾ തെറ്റു ചെയ്തിട്ട് മാപ്പു ചോദിച്ച് രക്ഷപ്പെട്ടേക്കാം എന്ന് വിചാരിക്കും. ഈ അവസ്ഥ പിന്നീട് കുറ്റവാളി കൾക്ക് കൂടുതൽ കുറ്റകൃത്യങ്ങൾ ചെയ്യാൻ ധൈര്യം പകരും, ശക്തി പകരും. മാപ്പു കൊടുക്കൽ കുറ്റ വാളികൾക്ക് തന്റേടം പകരുന്ന താണെ ങ്കിൽ ശിക്ഷ കൊടുക്കലാണ് അ പ്പോൾ ആവശ്യമുള്ളത്, മാപ്പു കൊടുക്കലല്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ)ഒരവസരത്തിൽ ഇസ് ലാമിന്റെ മനോഹരമായ അധ്യാപന വും തൗറാത്തിന്റെയും ഇഞ്ചീലി ന്റെയും അധ്യാപനവും തമ്മിൽ താരതമ്യം ചെയ്തുകൊണ്ട് പറ ഞ്ഞു: 'തിന്മയെ നേരിടരുതെന്ന് ബൈബിളിൽ എഴുതിയിരിക്കുന്നു.' ചുരുക്കത്തിൽ ഇഞ്ചീലിന്റെ അധ്യാ പനം അതിമിതത്ത്വത്തിലേക്ക് കുനി ഞ്ഞിട്ടാണുള്ളത്. പ്രത്യേക അവ സ്ഥയിലല്ലാതെ മനുഷ്യന് അതനു സരിച്ച് പ്രവർത്തിക്കാൻ സാധ്യമല്ല. മറുഭാഗത്ത് തൗറാത്തിന്റെ അധ്യാപ നം നോക്കുകയാണെങ്കിൽ അത് അമി തത്ത്വത്തിലേക്ക് കുനിഞ്ഞിട്ടു ള്ളവയാണ്. അതിലും വെറും ഒരേയൊരു വശത്തേക്കുമാത്ര മാണ് സമ്മർദം ചെലുത്തപ്പെട്ടിരി ക്കുന്നത്. ജീവനു പകരം ജീവൻ, കണ്ണിനു പകരം കണ്ണ്, ചെവിക്കു പകരം ചെവി, പല്ലിനു പകരം പല്ല്. ഇതിൽ മാപ്പിന്റേയും വിട്ടു വീഴ്ച യുടേയും പേരു പോലും എടുക്ക പ്പെട്ടിട്ടില്ല. എന്നാൽ, വിശുദ്ധ ഖുർആൻ നമുക്ക് എത്ര പരിശു ദ്ധമായ വഴിയാണ് പറഞ്ഞു തന്നത്. അത് അതിമിത ത്വത്തിൽ നിന്നും അമിതത്വത്തിൽ നിന്നും പരിശുദ്ധവും മനുഷ്യ പ്രകൃതി അനു സരിച്ചുള്ളതുമാണ്. ഉദാഹരണത്തിന് വിശുദ്ധ ഖുർ ആനിൽ പറയുന്നു. **ജസാഉ സയ്യി അത്തിൻ സയ്യിഅത്തുൻമ്മിഥ് ലുഹാ ഫമൻ അഫാ വ അസ്ലഹ ഫ അജ്റുഹു അലല്ലാഹി**. എത്ര തിന്മയാണോ ചെയ് തിട്ടുള്ളത് അത്ര തിന്മമാത്രം പകരം ചെയ്യേ ണ്ടതാണ്. തത്തുല്യമായ ശിക്ഷ കൊടുക്കുന്ന താണ് അനുവദ നീയം. എന്നാൽ, ആരെങ്കിലും മാപ്പു കൊടുക്കുക

യാണെങ്കിൽ, ആ മാപ്പു കൊടുക്കുന്നതിനുള്ള ഉദ്ദേ ശ്യം അയാളിൽ പരിഷ്കരണം ഉണ്ടാകണമെന്നതാണെങ്കിൽ, അസ്ഥാനത്തുള്ള മാപ്പു കൊടുക്കലല്ലെങ്കിൽ, മറിച്ച് സ്ഥാനത്താണെ ങ്കിൽ അത്തരം മാപ്പുകൊടുക്കുന്ന തിന് അവന് പ്രതിഫലമുണ്ട്. അത് അവന് അല്ലാഹുവിൽ നിന്ന് ലഭിക്കുന്നതാണ്.

ശിക്ഷ കൊടുക്കാനാണെങ്കിലും മറ്റെന്തെങ്കിലും പ്രശ്നങ്ങൾക്കാണെങ്കിലും എക്കാലത്തേയും ലോകത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരമുള്ളതാണ് ഇസ്‌ലാമിന്റെ അധ്യാപനം. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: 'ഒരു വിഭാഗമുണ്ട്, അവർക്ക് മാപ്പു കൊടുക്കാൻ തന്നെ അറിയില്ല. പിതാമഹന്മാരുടേയും പ്രപിതാമഹന്മാരുടെയും കാലത്തുള്ള വിരോധങ്ങളും അവർ ഓർമിച്ച് വെച്ചിട്ടുണ്ട്. മറുഭാഗത്ത് അവർ നാണം കെട്ടവരും ലജ്ജയില്ലാത്തവരുമാണ്. അതായത് സദാചാരത്തിൽ ഒരു കറുത്ത പൊട്ടാണ്. മാപ്പിന്റെ പേരിൽ ലജ്ജയില്ലായ്മ കാണിക്കുന്നു. അതുകൊണ്ട് ലജ്ജയില്ലായ്മയും ഉണ്ടാകാൻ പാടില്ല. അക്രമവും ഉണ്ടാകാൻ പാടില്ല. ആരെങ്കിലും ആരുടെയെങ്കിലും മകളുടേയോ സഹോദരിയുടേയോ ചാരിത്രത്തിനുമേൽ ആക്രമണം നടത്തിയാൽ നിയമത്തിന്റെ വൃത്തത്തിനുള്ളിൽ നിന്നുകൊണ്ട് നടപടി സ്വീകരിക്കേണ്ടതാണ്. അവിടെ മാപ്പ് കൊടുക്കലല്ല പ്രശ്നം. അതിനാൽ മാപ്പും ലജ്ജയില്ലായ്മയും തമ്മിലുള്ള വ്യത്യാസവും മനസ്സിലാക്കാൻ ശ്രമിക്കേണ്ടതാണ്. പക്ഷേ, നിയമം കയ്യിലെടുക്കാൻ പാടില്ല. ഇതെന്തായാലും നിബന്ധനയാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) നിരവധി സ്ഥലങ്ങളിൽ ഇതുദ്ധരിച്ചുകൊണ്ട് വിശദീകരിച്ചിരിക്കുന്നു. ആ മഹാത്മാവിന്റെ മറ്റുചില ഉദ്ധരണികളും സമർപ്പിക്കുകയാണ്. ബാഹ്യമായി ഈ ഉദ്ധരണികൾ നോക്കുമ്പോൾ തോന്നുന്നത്, ഒരേയൊരു വിഷയമാണ്. പക്ഷേ, ഓരോ അവസരത്തിലും, അദ്ദേഹം ഉദ്ധരിച്ചുകൊണ്ട് പറഞ്ഞിട്ടുള്ള കാര്യങ്ങൾ വിവിധ വർണങ്ങളും വിവിധ ഉപദേശങ്ങളുമാണ്. ഒരിടത്ത് അദ്ദേഹം പറഞ്ഞു: 'തിന്മയുടെ പ്രതിഫലം, ചെയ്ത തിന്മയ്ക്ക് തത്തുല്യമായതാണ്. എന്നാൽ, ആരാണോ മാപ്പു കൊടുക്കുകയും പാപം പൊറുക്കുകയും ചെയ്യുന്നത്, ആ മാപ്പു കൊടുക്കു ന്നതുകൊണ്ടു ള്ള ഉദ്ദേശ്യം പരിഷ്കരണമുണ്ടാക്കുകയും ദോഷമൊന്നും ഇല്ലാതിരിക്കുകയുമാണെങ്കിൽ അല്ലാഹു അവനിൽ സംതൃപ്തനായിരിക്കും. അവന് അതിന്റെ പ്രതിഫലം നല്കും. അതുകൊണ്ട് ഖുർആ നിന്റെ അടിസ്ഥാനത്തിൽ എല്ലായി ടത്തും പകരം വീട്ടുക എന്നത് സ്തുത്യർഹമായ കാര്യമല്ല. എല്ലായിടത്തും മാപ്പു കൊടുക്കുക എന്നതും സ്തുത്യർഹമായ കാര്യമല്ല. പ്രത്യുത സന്ദർഭം തിരിച്ചറിയേണ്ടതാണ്. പകരം വീട്ടു ന്നതിന്റേയും മാപ്പുകൊടുക്കുന്നതി ന്റേയും സ്വഭാവം സന്ദർഭവും സാഹചര്യവും നോക്കി ആകേണ്ടതാണ്. ഇതാണ് ഖുർആനിന്റെ ഉദ്ദേശ്യം.'

പറഞ്ഞു:'ആരുടെ ഉദ്ദേശ്യമാണോ നല്ലതായിട്ടുളളത് ആ വ്യക്തിയെ അല്ലാഹു ഇഷ്ടപ്പെടുന്നു. അവന്റെ കർമങ്ങളുടേയും പ്രവർത്തനത്തിന്റേയും ഉദ്ദേശ്യം പരിഷ്കരണമാണ്. വൃത്തികെട്ട പണിയെടുക്കുന്നവന് മാപ്പു കൊടുക്കുന്നത് അല്ലാഹു ഇഷ്ടപ്പെടുന്നില്ല. പ്രതികാര ഉദ്ദേശ്യത്തോടെ പ്രവർത്തിക്കുന്നവനേയും അല്ലാഹു ഇഷ്ടപ്പെടുന്നില്ല. ഈ രണ്ടു കാര്യങ്ങളും മുന്നിലുണ്ടായിരിക്കേണ്ടതാണ്. തികച്ചും നാണംകെട്ടവനാകുന്ന വിധം നാണംകെട്ടവനാകരുത്. തികച്ചും നാണംകെട്ടവനാകുന്നവിധം മൃദുലഭാവവും കാണിക്കരുത്. അതും അല്ലാഹു ഇഷ്ടപ്പെടുകയില്ല. പ്രതികാരോദ്ദേശ്യവും ഉണ്ടാകരുത്. അതും അല്ലാഹുവിനെ വെറുപ്പിക്കുന്നു. അതിനാൽ രണ്ടു പരിധികളേയും മുന്നിൽവച്ചുകൊണ്ട് മാപ്പു കൊടുക്കണോ ശിക്ഷ കൊടുക്കണോ എന്ന് തീരുമാനിക്കേണ്ടതാണ്. ഇതുസംബന്ധമായി ജമാഅത്തിന്റെ ഭാരവാഹികളും വ്യവസ്ഥിതിയും ശ്രദ്ധിക്കേണ്ടതാണ്. പൊതുവെ കാണുന്നത് ചിലർക്കെതിരെയുള്ള തീരുമാനം അല്ലെങ്കിൽ എനിക്കു വരുന്ന ശിപാർശയിൽ -പ്രതികാരംകൊണ്ടാണെന്ന് ഞാൻ പറയില്ല- പക്ഷേ, ശിപാർശ ചെയ്യുന്നവരുടെ താൽപര്യം കർക്കശ നടപടി എടുക്കണമെന്നതിലേക്കായിരിക്കും. ചിലരാണെങ്കിൽ ആവശ്യത്തെക്കാളേറെ മൃദുഭാവം കാണിക്കുന്നവരും മാപ്പു കൊടുക്കാൻ താൽപര്യം കാണിക്കുന്നവരുമാണ്. ഇതുമുഖേന പിന്നീട് കുഴപ്പങ്ങളുണ്ടാകുന്നു. അതിനാൽ ശിക്ഷിക്കുന്നത് ഇഷ്ടപ്പെട്ട കാര്യമല്ല, മാപ്പുകൊടുക്കുന്നതും സ്തുത്യർഹമായ കാര്യമല്ല. യഥാർഥ കാര്യം അല്ലാഹുവിന്റെ തൃപ്തിയുടെ ലഭ്യതയാണ്. പരിഷ്കരണം ഉദ്ദേശ്യമാകുമ്പോഴാണ് അത് ലഭിക്കുന്നത്. ഇതിനുവേണ്ടി ബന്ധപ്പെട്ട വകുപ്പുകൾ ശ്രമിക്കേണ്ടതാണ്. ഉമൂറെ ആമയുണ്ട്, ഖളായുണ്ട്. വളരെ ആഴത്തിൽച്ചെന്ന് ശിപാർശ ചെയ്യേണ്ടതാണ്. തീരുമാനം എടുക്കേണ്ടതാണ്.

> എല്ലാ കർമത്തിലും അല്ലാഹുവിന്റെ സംപ്രീതി കരസ്ഥമാകണമെന്നുള്ള ചിന്ത എപ്പോഴും ഉണ്ടായിരിക്കുക എന്നതാണ് യഥാർഥ കാര്യം. ഇതുണ്ടാകുമ്പോൾ പരിഷ്കരണവും ഉണ്ടാകും.



ആ യഥാർഥമായ വ്യവസ്ഥിതിയും അവസ്ഥകളും നമ്മൾ നമ്മുടെ ജമാഅത്തിൽ ഉണ്ടാക്കുന്നതിനുവേണ്ടിയാണിത്. അത് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതായിരിക്കണം. അതിന് അല്ലാഹുവിനോട് ദുആ ചെയ്യുകയും സഹായം തേടുകയും ചെയ്യേണ്ട ആവശ്യമുണ്ട്. എപ്പോൾ തീരുമാനം എടുക്കുകയാണെങ്കിലും അത് ദുആയോടു കൂടിയായിരിക്കണം. പിന്നീട് ഖലീഫക്ക് ശിപാർശ ചെയ്യേണ്ടതാണ്. ഇത് എല്ലാവിധ ദുഷ്പ്രേരണകളിൽനിന്നും ആർക്കെതിരാലാണോ പരാതി ഉന്നയിക്കപ്പെട്ടത് ആ വ്യക്തിയും ജമാഅത്തിന്റെ വ്യവസ്ഥിതിയും സുരക്ഷിതമായിരിക്കാൻ വേണ്ടിയാണ്. ജമാഅത്തിലുണ്ടാകുന്ന ഒരു തീരുമാനവും ഒരു തരത്തിലുള്ള അസ്വസ്ഥതയ്ക്കും നിമിത്തമാകാൻ പാടില്ല.

ഇപ്രകാരംതന്നെ തന്റെ ഗ്രന്ഥമായ 'നസീമെ ദഅ്വ'ത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരിടത്ത് ഈ വിഷയം വിവരിച്ചുകൊണ്ട് പറയുന്നു:'ഇസ്‌ലാമിനെതിരിൽ ആക്ഷേപം ഉന്നയിക്കുന്നവരും അമുസ്‌ലീംകളും ഇസ്‌ലാമിന്റെ ഈ മനോഹര അധ്യാപനത്തെ കുറിച്ച് അറിഞ്ഞിരിക്കേണ്ടതാണ്.' അവിടന്ന് ഇക്കാര്യം തുറന്നു പറഞ്ഞിരിക്കുന്നു. ഇത് മറ്റൊരു മതത്തിലും ഇല്ലാത്ത മനാഹരമായ അധ്യാപനമാണ്. അവിടന്ന് പറഞ്ഞു: 'ആരെങ്കിലും നിങ്ങളെ വിഷമിപ്പിച്ചാൽ ഉദാഹരണത്തിന് അടിച്ച് പല്ലുകൊഴിക്കുക, അല്ലെങ്കിൽ കണ്ണു കുത്തിപ്പൊട്ടിക്കുക തുടങ്ങിയ വയ്ക്കുള്ള ശിക്ഷ തത്തുല്യമായതു മാത്രമാണ്. പക്ഷേ, നിങ്ങൾ അത്തരം ഘട്ടത്തിൽ മാപ്പുകൊടുക്കുകയാണെങ്കിൽ -ആ മാപ്പുകൊടുക്കുന്നതുകൊണ്ട് സൽഫലം ഉളവാകുകയാണെങ്കിൽ, എന്തെങ്കിലുംപരിഷ്കരണമുണ്ടാകുകയാണെങ്കിൽ ഉദാഹരണത്തിന് കുറ്റവാളി തന്റെ കുറ്റകൃത്യത്തിൽനിന്ന് പിന്തിരിയുകയാണെങ്കിൽ അത്തരം ഘട്ടത്തിൽ മാപ്പു നല്കുന്നതുതന്നെയാണ് ഉത്തമം. ആ മാപ്പുകൊടുക്കുന്നതുകൊണ്ട് അല്ലാഹുവിൽനിന്ന് പ്രതിഫലം കിട്ടുന്നതാണ്.'

നമ്മുടെ പ്രകൃതിനിയമമാണ് നമ്മുടെ ഭക്ഷണ സാധനങ്ങളും മാറിമറിഞ്ഞുകൊണ്ടിരിക്കുന്നുവെന്നത്. ഭക്ഷണ വസ്തുക്കളും കാലാവസ്ഥകളനുസരിച്ച് അല്ലാഹു ഉണ്ടാക്കിയിട്ടുള്ളതാണ്. ഇപ്രകാരംതന്നെ ഉഷ്ണകാലത്ത് വസ്ത്രങ്ങളും മാറിമറിഞ്ഞുകൊണ്ടിരിക്കുന്നു. ഈ എല്ലാ കാര്യങ്ങളും പ്രകൃതിനിയമമനുസരിച്ചാണ്. പറഞ്ഞു: 'ഇപ്രകാരം നമ്മുടെ സ്വഭാവപരമായ അവസ്ഥകളും സന്ദർഭോചിതം മാറ്റങ്ങൾ ആഗ്രഹിക്കുന്നു. ഭാവഗാംഭീര്യം കാണിക്കേണ്ട ഒരു സ്ഥലമുണ്ട്. അവിടെ മൃദുവായ പെരുമാറ്റവും വിട്ടുവീഴ്ചയും കാര്യം കുഴപ്പത്തിലാക്കും. മൃദുവായ പെരുമാറ്റവും സൗമ്യതയും കാണിക്കേണ്ടിടത്ത് ഭാവഗാം ഭീര്യം കാണിക്കുന്നത് അല്പത്വമായി മനസ്സിലാക്കപ്പെടുന്നു. ചുരുക്കത്തിൽ എല്ലാ ഓരോ സമയവും എല്ലാ ഓരോ സ്ഥലവും ഒരു കാര്യം ആഗ്രഹിക്കുന്നു. അതുകൊണ്ട് സന്ദർഭോചിതം പെരുമാറാത്തവൻ മൃഗമാണ്, മനുഷ്യനല്ല. അപരിഷ്കൃതനാണ്. സംസ്കാരമുള്ളവനല്ല.'

വേറൊരിടത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു:'വിശുദ്ധ ഖുർആൻ ഫലമില്ലാത്തിടത്ത് മാപ്പുകൊടുക്കലും വിട്ടുവീഴ്ച ചെയ്യലും അനുവദിക്കുന്നില്ല. കാരണം അതു മുഖേന മാനുഷികമായ ധാർമികത ദുഷിക്കുന്നു. ഐക്യത്തിന്റെ വ്യവസ്ഥിതി തകരുന്നു. എന്തെങ്കിലും നന്മ ഉണ്ടാകുന്ന കാര്യത്തിലാണ് മാപ്പുകൊടുക്കാൻ അനുവാദം നല്കിയിട്ടുള്ളത്.'

ഓരോ വ്യക്തിയും തങ്ങളുടെ നിത്യേനയുള്ള കാര്യങ്ങളിലും പരസ്പര ബന്ധങ്ങളിലും-മറ്റുള്ളവരെ സംബന്ധിച്ച് എന്താണ് ചിന്തിക്കുന്നത്, തന്നെ സംബന്ധിച്ച് എന്താണ് ചിന്തിക്കുന്നത്- എന്ന് ആത്മപരിശോധന നടത്തുകയാണെങ്കിൽ അതുമുഖേന സമൂഹത്തിൽ ഒരു ഭംഗി ഉണ്ടാകുന്നതാണ്.

എല്ലാ കർമത്തിലും അല്ലാഹുവിന്റെ സംപ്രീതി കരസ്ഥമാകണമെന്നുള്ള ചിന്ത എപ്പോഴും ഉണ്ടായിരിക്കുക എന്നതാണ് യഥാർഥ കാര്യം. ഇതുണ്ടാകുമ്പോൾ പരിഷ്കരണവും ഉണ്ടാകും.

അതിനാൽ ഈ രണ്ടു കാര്യവും എപ്പോഴും നമ്മൾ മുന്നിൽ വെക്കേണ്ടതാണ്. പരിഷ്കരിച്ചെടുക്കുകയും തിന്മയെ തടയുകയും ചെയ്യണം എന്ന വിചാരം നമ്മൾ മുന്നിൽ വെക്കേണ്ടതാണ്. സമൂഹത്തിൽ സമാധാനത്തിന്റേയും ശാന്തിയുടേയും അന്തരീക്ഷം ഉണ്ടാക്കേണ്ടതാണ്. എല്ലാത്തിനെക്കാളുമുപരി അല്ലാഹുവിനെ സംതൃപ്തനാക്കേണ്ടതാണ്. കാരണം അവൻ ദ്രോഹികളെ ഇഷ്ടപ്പെടുന്നില്ല. അല്ലാഹു നമുക്ക് ഖുർആനികാധ്യാപനങ്ങൾ മനസ്സിലാക്കാനും അതനുസരിച്ച് പ്രവർത്തിക്കാനും തൗഫീഖ് നല്കുമാറാകട്ടെ.

വിവർത്തനം:

**-മുഹമ്മദ് ഇസ്മായിൽ, ആലപ്പുഴ**

# ന്യൂക്ലിയർ ഹോളോകാസ്റ്റ്

## (ആണവ കൂട്ടഹത്യ)

ഭൂമിയെ ചുടലക്കളമാക്കി മാറ്റുന്ന നാരകീയമായ അണുവായുധ യുദ്ധം മനുഷ്യ സമൂഹത്തിനു മുമ്പിൽ ഒരു ഭീഷണിയായി നിൽക്കുന്നു. ജനപഥങ്ങളെ ജനശൂന്യമാക്കിക്കളയുന്ന ഈ മാരകമായ ന്യൂക്ലിയർ വിപത്തിനെ പറ്റി അത്ഭുതകരമായ സൂക്ഷ്മതയോടെ വിശുദ്ധ ഖുർആൻ പ്രവചന ഭാഷയിൽ വിവരിക്കുന്നു.

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

നമ്മുടെ കാലഘട്ടത്തിലെ കണ്ടുപിടുത്തങ്ങളും സംഭവങ്ങളുമായി ബന്ധപ്പെട്ട ഖുർആനിക പ്രവചനങ്ങളിൽ ചിലത് അസാധാരണമാം വിധം പ്രാധാന്യമുള്ളതും ആഗോളതലത്തിൽ പ്രസക്തങ്ങളുമാണ്. അത്തരത്തിൽപ്പെട്ട ഒന്നാണ് ആസന്നമായ ആണവകൂട്ടഹത്യ (ന്യൂക്ലിയർ ഹോളോകാസ്റ്റ്).

അണു വിസ്ഫോടനത്തെപറ്റി മനുഷ്യന്റെ ഭാവനയിൽ പോലും ചിന്തിക്കാൻ കഴിയാത്ത ഒരു കാലഘട്ടത്തിലാണ് ഈ പ്രവചനം ഉണ്ടായത്. എന്നാൽ, നാമിവിടെ വിവരിക്കാൻ പോവുന്നത് സൂക്ഷ്മകണങ്ങളെ സംബന്ധിച്ച് പറഞ്ഞ ഖുർആൻ ആയത്തിനെ കുറിച്ചാണ്. നരകത്തിലെ തീ, സൂക്ഷ്മ കണങ്ങളിൽ ഉള്ളടക്കം ചെയ്തത്പോലെ അപാരമായ ഊർജത്തിന്റെ സംഭരണശാലയായി സൂക്ഷ്മ കണങ്ങളെ ഈ ഖുർആൻ ആയത്തിൽ വ്യക്തമായും പ്രതിപാദിച്ചിരിക്കുന്നു. അത് കാണുമ്പോൾ അത്ഭുതപ്പെട്ടുപോകും. താഴെ കാണുന്ന വചനങ്ങളിൽ അക്ഷരാർഥത്തിൽ അവ വിവരിക്കപ്പെട്ടിരിക്കുന്നത് ഇപ്രകാരമാണ്

***'പരദൂഷകനും അപവാദം പരത്തുന്നവനുമായ ഓരോരുത്തനും നാശം. ധനം ശേഖരിച്ചുവെക്കുകയും അത് എണ്ണിയെണ്ണി കണക്കാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നവൻ. തന്റെ ധനം അവനെ ശാശ്വതനാക്കിയിരിക്കയാണെന്ന് അവൻ ധരിക്കുന്നു. അങ്ങനെയല്ല അവൻ ഹുത്വമയിൽ എറിയപ്പെടുന്നതാണ്. ആ ഹുത്വമ എന്താണെന്ന് നിനക്കെന്തറിയാം. ശേഖരിക്കപ്പെട്ട ഇന്ധനം പോലെയുള്ള അല്ലാഹുവിന്റെ അഗ്നിയാണത്. അവർക്കെതിരെ ഉപയോഗിക്കാനായി നീണ്ട സ്തംഭങ്ങളിൽ അടച്ചു പൂട്ടപ്പെട്ടതായിരിക്കുമത്.' (104: 2 10)***

ഈ കൊച്ചു ഖുർആനികാദ്ധ്യായത്തിൽ അടങ്ങിയിരിക്കുന്ന അമ്പരപ്പിക്കുന്ന പ്രസ്താവനകൾ അക്കാലത്തെ ജനങ്ങളുടെ ഗ്രാഹ്യശക്തിക്ക് എത്രയോ അകലെയാണ്. കൗതുകകരമായിട്ടുള്ള കാര്യം, ചില വിവരണങ്ങളിൽ പാപികളായ ആളുകൾ *'ഹുത്വമ'* യിൽ എറിയപ്പെടുന്നതായിട്ടാണ് വർണിച്ചിട്ടുള്ളത്. *'ഹുത്വമ'* എന്നാൽ അരണ്ട വെളിച്ചമുള്ള ഒരു മുറിയിലേക്ക് കടന്നുവരുന്ന സൂര്യപ്രകാശത്തിന്റെ ഒരു കിരണത്തിൽ നാം കാണുന്ന ചെറിയ സൂക്ഷ്മമായ പൊടിയാണ്. അതിൽ എറിയുമെന്നാണ് വിവരണം.

ആധികാരികമായ അറബി ശബ്ദകോശങ്ങൾ 'ഹുത്വമ'ക്ക് രണ്ട് വിധത്തിലുള്ള ധാത്വാർഥങ്ങളുണ്ടെന്ന് പറയുന്നു. അതിൽ *'ഹത്വമഃ'* എന്നതിന്റെ അർത്ഥം പൊടിക്കുക (To Pound) അല്ലെങ്കിൽ അതിസൂക്ഷ്മ കണങ്ങളാക്കി ധൂളികരിക്കുക (Pulverize into extreamely small particles). രണ്ടാമത്തേത് *'ഹിത്വമഃ'* എന്നാണ്. ഏറ്റവും സൂക്ഷ്മമായ നിസ്സാരമായ ചെറു കണിക എന്നാണ് അർഥം. *ഹിത്വമഃ* എന്നത് ഏതെങ്കിലും ഒരു വസ്തുവിനെ ഏറ്റവും ചെറിയ ഘടകങ്ങളാക്കി മാറ്റുമ്പോൾ ഉണ്ടാവുന്ന സൂക്ഷ്മ കണം എന്നാണർഥം.

വിഭജിക്കാൻ കഴിയാത്ത വിധത്തിലെത്തുന്ന ഏതൊരു വസ്തുവിന്റേയും ഏറ്റവും ചെറിയ ഘടകത്തെ വിശേഷിപ്പിക്കാൻ ഉപയോഗിക്കാവുന്ന രണ്ടർഥങ്ങളാണ് മുകളിൽ പ്രതിപാദിച്ചിട്ടുള്ളത്. പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പേ ആറ്റത്തിന്റെ യാതൊരു സങ്കൽപ്പവും ജന്മം കൊണ്ടിരുന്നില്ല.. ആറ്റം എന്ന സങ്കൽപത്തിന് പകരം നിൽക്കാൻ പറ്റിയ ഏറ്റവും അടുത്ത പദമാണ് *ഹുത്വമഃ.* മനുഷ്യൻ ഹുത്വമഃയിൽ വലിച്ചെറിയപ്പെടും എന്ന വാദത്തിലെ ആഘാതത്തിൽ നിന്ന് കഷ്ടിച്ച് മുക്തനായി വരുമ്പോൾ അതിനേക്കാൾ അമ്പരപ്പിക്കുന്ന മറ്റൊരു അവകാശവാദമാണ് കാണുന്നത്.

*ഹുത്വമഃ*യെപറ്റി വിശുദ്ധ ഖുർആൻ വിവരിക്കുമ്പോൾ അതിൽ അടക്കം ചെയ്ത ജ്വലിക്കുന്ന അഗ്നിയെക്കുറിച്ചും നീണ്ട സ്തംഭങ്ങളിൽ അത് ബന്ധിക്കപ്പെട്ടതിനെക്കുറിച്ചുമാണ് സംസാരിക്കുന്നത്. മനുഷ്യൻ ഇതിലേക്ക് എറിയപ്പെടുമ്പോൾ ഈ അഗ്നി അവന്റെ ഹൃദയത്തിൽ നേരിട്ടു പതിക്കുമെന്നാണ് ഖുർആൻ പ്രഖ്യാപിക്കുന്നത്. ഹൃദയത്തെ



പൊതിഞ്ഞുകൊണ്ടുള്ള ഒരു അസ്ഥിപഞ്ചരം ഇല്ലാത്തത് പോലെയാണ് അത് ഹൃദയത്തെ ബാധിക്കുന്നത്. ഈ അഗ്നി തികച്ചും വ്യത്യസ്ത സ്വഭാവത്തോടുകൂടിയ ഒന്നാണെന്നാണ് ഇത് അർഥമാക്കുന്നത്. അത് ശരീരത്തെ പൊള്ളിക്കുന്നതിന്മുമ്പേ ഹൃദയത്തെ കൊല്ലുമെന്നാണ്. തീർച്ചയായും അത്തരത്തിലുള്ള ഒരഗ്നിയെക്കുറിച്ച് അക്കാലത്തെ ജനങ്ങൾക്ക് അറിവുണ്ടായിരിക്കയില്ല.

ഇത് മാത്രമല്ല ഈ വിവരണത്തിൽ അത്ഭുതപ്പെടാനുള്ളത്. അതിന്ശേഷം പറയുന്നത് അതിനേക്കാൾ അത്ഭുതകരമാണ്. ഈ അഗ്നി നീണ്ട സ്തംഭങ്ങളിൽ അടച്ചു പൂട്ടിയിട്ടിരിക്കുകയാണെന്നും അത് കെട്ടഴിച്ചു വിടപ്പെടുന്ന സമയം ആഗതമായാൽ മനുഷ്യനു മേൽ ചാടി വീഴാൻ അത് കാത്തിരിക്കുകയാണെന്നും ഈ വചനം പറയുന്നു.

ഇത്തരത്തിൽ ലളിതമായ വചനങ്ങളിൽ അത്ഭുതത്തിനുമേൽ അത്ഭുതങ്ങൾ കുമിഞ്ഞു കൂടുകയാണ്. ആദ്യത്തെ പ്രഖ്യാപനമിതാണ്. മനുഷ്യൻ ഏറ്റവും ചെറിയ സൂക്ഷ്മ കണികയിലേക്കെറിയപ്പെടുന്ന ഒരു കാലം വരും. അതിനുശേഷം ആ ചെറുകണികയെക്കുറിച്ചും അതിലടങ്ങിയിരിക്കുന്നതിനെപറ്റിയുമുള്ള വിവരണമാണ്. അതിലടങ്ങിയിരിക്കുന്നത് ഒരു തരത്തിലുള്ള അഗ്നിയാണ്. അത് നീളമുള്ള സ്തംഭങ്ങളെ പോലെ പ്രത്യക്ഷമാവുന്നു. സൂക്ഷ്മമായ പാത്രങ്ങളിലാണ് അത് അടക്കിയിരിക്കുന്നത്.

ഈ സൂക്ഷ്മമായ കണികയിലേക്ക് മനുഷ്യനെ എറിയുമെന്നതിന്റെ അർഥം ഒരു മനുഷ്യനെ അതിൽ എറിയുമെന്നല്ല. മനുഷ്യൻ എന്ന് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത് ഒരു വർഗത്തിന്റെ പൊതു നാമം എന്ന നിലക്കാണ്. 'എറിയുക' എന്നതിന്റെ സൂചന മനുഷ്യന് വന്നുഭവിക്കുന്ന നാശത്തെ സംബന്ധിച്ചാണ്. അളവറ്റ ഊർജം സംഭരിച്ചു വെച്ചിരിക്കുന്ന ആറ്റത്തിന്റെ രഹസ്യം മനുഷ്യൻ കണ്ടെത്തിയ ഈ കാലഘട്ടത്തിലാണ് ഇതിന്റെ അർഥം ഗ്രഹിക്കാൻ സാധിക്കുന്നത്. ഒരു ചെറിയ കണത്തിൽ ഉള്ളടക്കം ചെയ്തിരിക്കുന്ന അഗ്നി പുറത്തേക്ക് വമിക്കുകയും ആയിരക്കണക്കിന് മൈൽ വിസ്തീർണമുള്ള വിശാലമായ ഭൂപ്രദേശങ്ങളെ വിഴുങ്ങുകയും ചെയ്യുന്ന കാലഘട്ടമിതാണ്. മനുഷ്യനേയും മറ്റെല്ലാ വസ്തുക്കളേയും ഉൾപ്പെടെ അതിന് എത്തിപ്പെടാൻ കഴിയുന്നിടംവരെയുള്ള എല്ലാറ്റിനെയും അത് വിഴുങ്ങുന്നു, പതിനാല് നൂറ്റാണ്ടുകൾക്ക്മുമ്പേ അയഥാർഥമായി കണ്ടിരുന്നതെന്തൊന്നാണോ അത് ചെറിയ കുട്ടികൾക്ക്പോലും സുപരിചിതമായ ഒരു യാഥാർഥ്യമായി കഴിഞ്ഞു.

അത്ഭുതങ്ങളുടെ ആധിക്യം അതിശയോക്തി കലർന്ന പ്രയോഗങ്ങൾ ഈ പ്രവചനത്തിന്റെ മഹത്വത്തോട് നീതി ചെയ്യുന്നതല്ല. ആ കാലത്തുള്ള ജനങ്ങൾക്ക് '*അൽ ഹുമസ*' എന്ന ഈ സൂറത്തി (അദ്ധ്യായം) ന്റെ പ്രാധാന്യം തിരിച്ചറിയുവാൻ സാധിച്ചില്ല എന്നതിൽ അത്ഭുതപ്പെടാനൊന്നുമില്ല. അല്ലെങ്കിൽ അത് അവരുടെ ഹൃദയത്തെ ബാധിക്കുന്നതിനേക്കാൾ അവരുടെ മതത്തേയും വിശ്വാസത്തേയുമാണ് ബാധിച്ചത് എന്ന് പറയാം. അത്ഭുതകരമായ ഈ പ്രസ്താവന അവരുടെ ശ്രദ്ധയിൽപ്പെടാതിരുന്നതും വെല്ലുവിളിക്കപ്പെടാതിരുന്നതും എങ്ങനെയെന്നത് യുക്തിക്കതീതമാണ്. ഈ ലോകത്തെ സംഭവങ്ങളുമായി ബന്ധമുള്ളതല്ല അതെന്നും പരലോകത്തെ നിഗൂഢാത്മകമായ അജ്ഞാത മേഖലയുമായി ബന്ധപ്പെട്ടതായിരിക്കാമെന്നുമുള്ള വിശ്വാസത്തിൽ അവർ അഭയം തേടിയതായിരിക്കാം. നിരവധി ഖുർആൻ വ്യാഖ്യാതാക്കൾ ഈ വചനങ്ങളെ വിശദീകരിക്കാൻ ശ്രമിക്കാതെ തീർത്തും ഒഴിവാക്കുകയായിരുന്നു. ചിലർ ഈ വചനത്തെ വ്യാഖ്യാനിക്കുന്നതിലെ വെല്ലുവിളി ഏറ്റെടുത്തു. ഈ വചനത്തിലെ പ്രതിപാദ്യം പുനരുത്ഥാനനാളിൽ സംഭവിക്കേണ്ടതാണെന്ന്പറഞ്ഞ് ബോധപൂർവം ഈ

ഭാരം ഇറക്കിവെക്കുകയുണ്ടായി. അത് പൂർണമായും അജ്ഞാത മേഖലക്ക് വിട്ടുകൊടുത്തുകളഞ്ഞു.

ഖുർആന്റെ പാശ്ചാത്യ വിവർത്തകരിൽ സെയിൽ '*ഹുത്വമ*' എന്ന പദം എങ്ങനെ അക്ഷരാർഥത്തിൽ വിവർ ത്തനം ചെയ്യണമെന്നറിയാതെ കുഴങ്ങിയിരുന്നു. അദ്ദേഹം '*അൽ ഹുത്വമ*' എന്ന പദം വിവർത്തനം ചെയ്യാതെ കുറേ ആളുകളെ ഹുത്വമയിൽ പിടിച്ചു തള്ളും എന്ന് മാത്രം വിവർത്തനം ചെയ്യുകയുണ്ടായി. ഈ വിവർത്തനം ഇംഗ്ലീഷ് വായനക്കാരിൽ യാതൊരു അപകടവും വരുത്തിയില്ല. ജനങ്ങളെ ഏറ്റവും ചെറിയ കണികയിലേക്ക് പിടിച്ചെറിയപ്പെടും എന്ന വിവർത്തനത്തിലെ അസംഭാവ്യതയെ അതുകൊണ്ട് അവർക്ക് അവിശ്വസിക്കേണ്ടിവന്നില്ല. അവർക്ക് *ഹുത്വമ* എന്നതിനെ സംബന്ധിച്ച് യാതൊന്നുമറിയാത്തതിനാൽ വലിയ ഒരു മുറി നിറയെ ജ്വലിക്കുന്ന അഗ്നിയായിരിക്കാം ഹുത്വമ (ചെറുകണിക) എന്നതിനർഥം എന്ന് ഭാവന കൊള്ളാൻ അവർക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നു. സെയിലിന്റെ ഈ തന്ത്രം ഇത് വിവർത്തനം ചെയ്യുന്നതിന്റെ ബുദ്ധിമുട്ടിൽ നിന്ന് അദ്ദേഹത്തെ രക്ഷിച്ചു. അതേസമയം ഈ അത്ഭുതകരമായ പ്രവചനത്തോട് നീതി പുലർത്തുന്നതിൽ അദ്ദേഹം പരാജയപ്പെടുകയുണ്ടായി.

ഈ വചനത്തിൽ വിവരിക്കപ്പെട്ട അഗ്നി അത് ഭൂമിയിലെ ജ്വലിക്കുന്ന അഗ്നിയോ അല്ലെങ്കിൽ പരലോകത്തെ ആളിക്കത്തുന്ന അഗ്നിയോ ആയാലും ഒരിക്കലും തന്നെ അതിനെ സൂക്ഷ്മമായ കണികക്കുള്ളിലാക്കാൻ കഴിയില്ല. മറ്റു ഖുർആൻ ഭാഷ്യകാരൻമാരെ പോലെ സെയിൽ അഭിമുഖീകരിച്ച പ്രശ്നം ഇത് മാത്രമായിരുന്നില്ല. നീട്ടിയ സ്തംഭങ്ങളിൽ അടച്ചുപൂട്ടിയ അഗ്നി എന്നാൽ എന്താണ്? ആധുനിക കാലത്ത് ആറ്റംയുഗം ആവിർഭവിച്ചതിന് ശേഷമല്ലാതെ മനസ്സിലാക്കാൻ കഴിയാത്ത ഒരു വചനമാണിത്. ഈ വചനത്തെക്കുറിച്ച് അവർ എന്തായിരുന്നു മനസ്സിലാക്കിയത്? ഇപ്പോഴാണ് ഈ ജിഗ്സോ പസിൾ (Jigsaw puzzle -ചിത്രത്തിന്റെ കഷണങ്ങൾ യോജിപ്പിച്ച് ചിത്രം പൂർണമാക്കുന്ന കളി) ശരിയായ സ്ഥലത്ത് ശരിയായ കഷണങ്ങൾ ചേർത്തുവെച്ച് കൊണ്ട് ഈ പ്രശ്നം പരിഹരിക്കപ്പെട്ടത്.

ഒരു ആറ്റം വിസ്ഫോടനം എങ്ങനെയാണ് സംഭവിക്കുക എന്നും അതിലെ ന്യൂക്ലിയർ മാസി (Nuclear Mass)ൽ എന്തൊക്കെ മാറ്റങ്ങളാണ് സംഭവിക്കുക എന്നതിനെ സംബന്ധിച്ചുമുള്ള ശാസ്ത്രീയ വിവരണങ്ങളെ സംബന്ധിച്ച് പരിചയമില്ലാത്ത ഒരാൾക്ക് 'നീട്ടപ്പെട്ട സ്തംഭങ്ങൾ' എന്ന ഖുർആനിക പ്രയോഗത്തിന്റെ അർഥം ഗ്രഹിക്കാൻ കഴിയാതെ വരും. ന്യൂക്ലിയർ വിദഗ്ധൻമാർ ആറ്റം വിസ്ഫോടനം സംഭവിക്കാനാവശ്യമായ ക്രിറ്റിക്കൽ മാസി (Critical Mass - ക്രാന്തിക ദ്രവ്യമാനം) നെക്കുറിച്ച് വിവരിക്കുന്നത് ഇപ്രകാരമാണ്. ന്യൂക്ലിയർ ദ്രവ്യത്തിന്റെ ന്യൂക്ലിയർ പ്രവർത്തനങ്ങൾ (വിഘടനം) വൈകിപ്പിച്ചും കമ്പനങ്ങൾ (Pulse) ഉണ്ടാക്കിയും അതിനുള്ളിൽ അളവറ്റ മർദം സൃഷ്ടിക്കപ്പെടുന്നു. ഇത് സാധിക്കുന്നത് ന്യൂക്ലിയർ പ്രവർത്തനങ്ങൾ ദീർഘിപ്പിക്കുന്നത് മൂലമാണ്. ഇങ്ങനെ മർദം കൂട്ടി സ്ഫോടനം നടക്കുന്നതിന്മുമ്പേ മൂലകങ്ങളുടെ പ്രവർത്തനത്തിൽ ഉന്നത അറ്റോമിക ഭാരമുള്ള മൂലകങ്ങൾ വിഘടിച്ച് കുറഞ്ഞ അറ്റോമിക ഭാരമുള്ള മൂലകങ്ങളായി മാറുന്നു. ഇപ്രകാരം പുതുതായി രൂപം കൊള്ളുന്ന മൂലകങ്ങളുടെ അറ്റോമികഭാരം അതിനുമുമ്പേയുണ്ടായിരുന്ന മാതൃമൂലകങ്ങളുടെ ഭാരത്തേക്കാൾ അൽപം കുറവായിരിക്കുമല്ലോ. ഇതിനെയാണ് ഘനമൂലകങ്ങൾ എന്ന് പറയുന്നത്. ഈ ആണവ പ്രക്രിയയിൽ നഷ്ടപ്പെടുന്ന അറ്റോമികഭാരം ഊർജമായി മാറ്റപ്പെടുന്നു. ഈ മാതൃകയിലൂടെ മാത്രമല്ല ഒരു ന്യൂക്ലിയർ ബോംബ് പ്രവർത്തിക്കുന്നത്. പക്ഷേ നാട്ടപ്പെട്ട സ്തംഭങ്ങളുടെ പ്രവർത്തനത്തെപ്പറ്റി വിവരിക്കാൻ മാത്രമാണ് നാം ഈ ലളിതമായ മാതൃക ഇവിടെ തിരഞ്ഞെടുത്തത്.

എങ്ങനെയാണ് ഈ അഗ്നി നേരിട്ട് ഹൃദയത്തെ ബാധിക്കുക എന്ന വിഷയത്തിലേക്ക് നമുക്ക് തിരിയാം. അതിന്റെ ശാസ്ത്രീയ വിവരണമാണ് താഴെ കൊടുത്തിരിക്കുന്നത്.

സ്ഫോടനം നടന്ന ഉടനെതന്നെ വളരെയധികം ഗാമാരശ്മികളും ന്യൂട്രോണുകളും, എക്സ്റേകളും ഉൽസർജിക്കപ്പെടുന്നു. എക്സ്റേ വമ്പിച്ച തോതിൽ താപം ഉയർത്തുന്നു. അങ്ങനെ അണുവിസ്ഫോടനത്തിൽ മോചിപ്പിക്കപ്പെടുന്നു. അത്യധികം താപം ഭീമാകാരമായ ഒരു അഗ്നിഗോളത്തെ സൃഷ്ടിക്കുകയും അത് ഉടൻ മുകളിലോട്ടുയരുകയും ചെയ്യുന്നു. ഈ അഗ്നിഗോളം ദൂരെനിന്ന് വലുതായി കാണാവുന്നവിധം ബൃഹദാകാരമുള്ള ഒരു കൂൺ പോലെ അഗ്നിയുടെ ഒരു മേലാപ്പായിത്തീരുന്നു.

എക്സ്റേ-രശ്മികൾ നാനാവശങ്ങളിലേക്കും ന്യൂട്രോണുകൾ സഹിതം സഞ്ചരിക്കുന്നു. ഇത് ഉണ്ടാക്കുന്ന വമ്പിച്ച താപം, സഞ്ചരിക്കുന്ന വഴിക്കുള്ളതിനെയെല്ലാം കരിച്ചു കളയുന്നു. ശബ്ദതരംഗങ്ങളേക്കാൾ അനേക ഇരട്ടി വേഗത്തിൽ സഞ്ചരിക്കുന്ന ഈ കൊടും ചൂടിന്റെ അലകൾ ആഘാത തരംഗങ്ങൾ (Shock waves)കൂടി സൃഷ്ടിക്കുന്നു. എന്നാൽ ഇതിനേക്കാൾ വേഗത്തിലും തുളച്ചു കയറിയും സഞ്ചരിക്കുന്നത് ഗാമാരശ്മികളാണ്. കൊടും താപത്തിന്റെ അലകളെ കവച്ചുവെച്ചുകൊണ്ട് പ്രകാശ വേഗത്തിലാണ് ഗാമാരശ്മികളുടെ സഞ്ചാരം. ഗാമാരശ്മികൾ അത്യഗാധമായ പ്രകമ്പനമുണ്ടാക്കും. അതിന്റെ കിടിലം കൊള്ളിക്കുന്ന പ്രകമ്പന ശക്തിയാൽ അത് മനുഷ്യ ഹൃദയത്തിൽ ആഘാതമായി പതിച്ച് മരണമുണ്ടാക്കുന്നു. അതായത് ആറ്റം ബോംബിട്ടാൽ എക്സ്റേ ഉണ്ടാക്കുന്ന കൊടുംചൂടു കൊണ്ടല്ല ആളുകൾ മരിക്കുന്നത്. ഗാമാ രശ്മികളുടെ വമ്പിച്ച ഊർജ്ജത്തിന്റെ ആഘാതം കൊണ്ടാണ് പെട്ടന്നുള്ള മരണം സംഭവിക്കുന്നത്. ഇതാണ് കൃത്യ

മായും ഖുർആൻ വിവരിക്കുന്നത്.

സൂറഃ *അൽദുഖാനിൽ* (ധൂമം) മാരകമായ പ്രസരണമുണ്ടാക്കുന്ന അപകടകാരിയായ മേഘത്തെക്കുറിച്ച് ഖുർആൻ വിവരിക്കുന്നു.

***അതിനാൽ ആകാശം സ്പഷ്ടമായ ഒരുതരം ധൂമത്തെ കൊണ്ടുവരുന്നൊരു നാളിനെ നോക്കി പാർക്കുക. അത് ജനങ്ങൾക്ക്മീതെ ഒരു നിഴൽ വിരിക്കും. ഇത് വേദനാജനകമായ ഒരു യാതനയായിരിക്കും.44 :11,12)***

ഈ ധൂമത്തിന്റെ സ്വഭാവം വീണ്ടും താഴെ കാണുന്ന വചനങ്ങളിൽ വിവരിക്കുന്നു.

***നിങ്ങൾ നിഷേധിച്ചു കൊണ്ടിരിക്കുന്നതിലേക്ക് നിങ്ങൾ പോവുക. മൂന്ന് ശാഖകളുള്ള ആ നിഴലിലേക്ക് നിങ്ങൾ പോവുക. അതൊരിക്കലും നിങ്ങൾക്ക് തണൽ തരുന്നതല്ല. തീജ്വാലയിൽ നിന്ന് നിങ്ങളെ രക്ഷിക്കുന്നതുമല്ല. അത് സൗധസമാനമായ തീജ്വാലകൾ പരത്തും. അത് മഞ്ഞ നിറത്തിലുള്ള ഒട്ടകങ്ങളെ പോലെയിരിക്കും. (77: 30 34)***

'നിങ്ങൾ പോവുക' എന്ന ഖുർആനിക വചനം സൂചിപ്പിക്കുന്നത് യാതനാനിർഭരമായ ഒരു മേഘത്തിന്റെ കാലഘട്ടത്തിലേക്ക് മനുഷ്യരാശി ക്രമേണ കൊണ്ടു വരപ്പെടുമെന്നാണ്. ആ മേഘം അവർക്ക് നിഴലോ രക്ഷയോ വാഗ്ദാനം ചെയ്യുന്നതല്ല. സാധാരണയായി നിഴൽ നമുക്ക് ആശ്വാസവും അഭയവും നൽകുന്നതാണ്. ജ്വലിക്കുന്ന സൂര്യന്റെ ചൂടിനും നമുക്കുമിടയിലാണ് മേഘം നിൽക്കുക. മേൽ വചനത്തിൽ സൂര്യനെ ക്കുറിച്ച് പരാമർശമില്ല. വെറും ഒരു അഗ്നിയെക്കുറിച്ച് മാത്രമാണ് പറഞ്ഞത്. അതിന്റെ ജ്വലനത്തിൽ നിന്ന് പ്രസ്തുത നിഴൽ യാതൊരു സംരക്ഷണവും നൽകുന്നില്ല. രക്ഷ നൽകുന്നതിന്പകരം ഈ മേഘം അഗ്നിയുടെ ദാരുണമായ യാതനകളാണ് പ്രസരിപ്പിക്കുക. ആ നിഴലിനുകീഴിലുള്ള യാതൊന്നും സുരക്ഷിതമല്ല. ഇത് തികച്ചും റേഡിയോ പ്രസരണമുള്ള ന്യൂക്ലിയർ മേഘങ്ങളെക്കുറിച്ചുള്ള വിവരണമാണ്. ഇവിടെ വിവരിക്കപ്പെട്ട സംഭവത്തിൽ മഞ്ഞ നിറത്തിൽ കാണപ്പെടുന്ന വൻ അഗ്നിനാളങ്ങളെക്കുറിച്ച് പറയപ്പെട്ടിരിക്കുന്നു. അത് ഉയർന്ന കെട്ടിടത്തെ പോലെയും ഒട്ടകത്തെ പോലെയും കാണപ്പെടുന്നു. ഒരു പക്ഷേ ഒട്ടകത്തിന്റെ നിറം മാത്രമല്ല അതിന്റെ പൂഞ്ഞയുടെ ആകൃതിയുടെ സാമ്യത പോലും ഇവിടെ വർണിക്കപ്പെട്ടിരിക്കുന്നു.

ഏഴാം നൂറ്റാണ്ടിലെ ജനങ്ങൾക്ക് അത്തരത്തിൽ മാരകമായ മേഘങ്ങളെക്കുറിച്ചോ ധൂമങ്ങളെക്കുറിച്ചോ മനസ്സിലാക്കാൻ കഴിയുമായിരുന്നില്ല. അത് അവരുടെ ഗ്രാഹ്യശക്തിക്കതീതമായിരുന്നു. ഇക്കാലത്ത് നമുക്ക് ആണവ വിസ്ഫോടനത്തെക്കുറിച്ചും അത് ഉൽപാദിപ്പിക്കുന്ന റേഡിയോ പ്രസരണമുള്ള മേഘങ്ങളെക്കുറിച്ചുമറിയാം.

വിധി നിർണായകമായ വിവരണം മറ്റൊരു ഖുർആൻ വചനത്തിൽ നമുക്ക് വായിക്കാം.

ആ ദിവസം നിഷേധികൾക്ക് മഹാനാശം. ആ ദിവസം എന്നത് വിധി നാൾ എന്ന് പറയാവുന്നതാണ്. പക്ഷേ, അത് ഭൂമിയിലെ ഒരു ദിവസത്തേയും സൂചിപ്പിക്കുന്നു. ദൃഷ്ടാന്തങ്ങളിലുള്ള വിശ്വാസത്തെ നിഷേധിക്കുന്നവർ (മുഖദ്ദിബീൻ) മാരകമായ ധൂമത്താൽ ശിക്ഷിക്കപ്പെടുമെന്നാണ് പറഞ്ഞിരിക്കുന്നത്. അതിനടിയിലുള്ള യാതൊന്നിനേയും അത് വിട്ടു കളയില്ല. ആ നിഴൽ ഒരു സ്ഥലത്ത്നിന്ന് മറ്റൊരു സ്ഥലത്തേക്ക് സഞ്ചരിക്കുന്നതായിരിക്കും. അത് യാതൊരുവിധ ആശ്വാസവും നൽകില്ല എന്നു മാത്രമല്ല നാശം മാത്രം നൽകുന്ന ഒരു നിഴലായിരിക്കുമത്. അതിഭയാനകമായ തോതിലുള്ള ശിക്ഷക്ക് സാക്ഷ്യം വഹിക്കുന്ന ഒരു കാലഘട്ടമായിരിക്കുമത്. മനുഷ്യൻ അവസാനം ഈ അസഹനീയമായ ശിക്ഷയിൽ നിന്ന് രക്ഷിക്കാൻ ദൈവത്തോട് യാചിച്ചു കൊണ്ട് അവനിലേക്ക് തിരിയുന്നതാണ്. പക്ഷേ, അല്ലാഹുവിന്റെ കോപം ജനങ്ങൾക്ക് മേൽ പതിക്കുമ്പോൾ മാപ്പിന്റേയും മോചനത്തിന്റേയും സമയം കഴിഞ്ഞു പോയിട്ടുണ്ടാവും. അതാണ് ഖുർആൻ വിവരിക്കുന്നത്.

***അവർക്ക് എങ്ങനെ ഉപദേശം പ്രയോജനപ്പെടും. സകല കാര്യങ്ങളും സ്പഷ്ടമായി വിവരിച്ചു കൊടുക്കുന്ന പ്രവാചകൻ അവർക്ക് വന്നു കഴിഞ്ഞിട്ടുണ്ടല്ലോ? എന്നിട്ട് അവൻ പഠിപ്പിക്കപ്പെട്ടവനാണ്, ബാധയേറ്റവനാണ് എന്ന് പറഞ്ഞ് അദ്ദേഹത്തിൽ നിന്ന് അവർ പിന്തിരിഞ്ഞു കളഞ്ഞു.***

പ്രവാചകൻമാരുടെ താക്കീത് മനുഷ്യനെ വരാനിരിക്കുന്ന വമ്പിച്ച വിപത്തിനെപറ്റി ഒന്നുണർത്താൻ വേണ്ടി മാത്രമുള്ളതാണ്. പക്ഷേ, അതിന്റെ അനന്തരഫലങ്ങളുടെ ഉത്തരവാദി മനുഷ്യൻ മാത്രമാണ്. മേൽ പറഞ്ഞ പ്രവചനം വ്യക്തമായും നമ്മുടെ കാലഘട്ടവുമായി ബന്ധപ്പെട്ടതാണ്. ആ പ്രവചനങ്ങളിൽ പറയപ്പെട്ട കാര്യങ്ങളെപറ്റി പണ്ട് കാലത്തെ ജനങ്ങൾക്ക് യാതൊന്നുമറിയില്ലായിരുന്നു. ഇത്തരം പ്രവചനങ്ങളുടെ എല്ലാ കാര്യങ്ങളുടേയും വിശദാംശങ്ങൾ റസൂൽ തിരുമേനി(സ)ക്ക് ദൈവം വെളിപ്പെടുത്തിയിരുന്നുവോ എന്ന് ആരും അത്ഭുതപ്പെട്ടുപോകും. എന്നാൽ, വിധിയുടെ വിശാലമായ പാവക്കൂത്ത്ശാലയിൽ പ്രവചനാത്മകമായ പാവക്കൂത്ത് കാണുന്ന ഒരാളെ പോലെ ഭാവി സംഭവങ്ങളെപറ്റിയുള്ള അദ്ദേഹത്തിന്റെ വിവരണം അവയെപറ്റി ശക്തമായ ഒരു പ്രതീതി ബോധം മാത്രമേ നൽകൂ. എങ്കിലും ഈ പ്രവചനങ്ങളുടെ സാക്ഷാത്ക്കാരത്തിന് ആയിരം വർഷങ്ങൾക്ക്മുമ്പേ മനുഷ്യവംശം കാത്തിരിക്കേണ്ടതുണ്ടായിരുന്നു. എന്നാൽ, അദൃശ്യലോകത്തു നിന്ന് ദൃശ്യലോകത്തേക്കുള്ള ഈ സംഭവങ്ങളുടെ യഥാർഥ മാറ്റം സാധ്യമായത് നമ്മുടെ കാലഘട്ടത്തിലെ ന്യൂക്ലിയർ യുഗത്തിലാണ്.

ആണവ വിപത്തിന്റെ ആധിക്യം അത്യന്തം സ്തോഭജനകമാണ്. എന്നിട്ടും ഈ തിന്മയുടെ അടിവേ

രിനെ പറ്റി തിരിച്ചറിയാനും അതിനെ പറ്റി ഗവേഷണം നടത്തുവാനും മനുഷ്യൻ കുറഞ്ഞ ശ്രദ്ധ മാത്രമേ കാണിക്കുന്നുള്ളൂ. സംഗതികളുടെ ഉപരിതലത്തിൽ നിന്ന് മനുഷ്യന്റെ കാഴ്ച വസ്തുതകളുടെ അഗാധതലങ്ങളിലേക്ക് ചിലപ്പോൾ മാത്രമേ തുളച്ചു കയറാറുള്ളൂ. ചില ആളുകൾക്ക് മാത്രമേ ആത്മപരിശോധന നടത്തി അവരുടെ മറഞ്ഞിരിക്കുന്ന തിന്മയുടെ പ്രേരണകളെ കണ്ടെത്താനാവൂ. മനുഷ്യന്റെ വക്രതയുമായി പ്രത്യേക രീതിയിൽ ബന്ധപ്പെട്ട ഒരു തരത്തിലുള്ള അന്ധതയാണിത്. യാതനകളും നാശവും മനുഷ്യനു ചുറ്റും പരക്കാൻ അവൻ തന്നെയാണ് കാരണക്കാരൻ എന്നു വരുമ്പോഴെല്ലാം അതിനു പിന്നിൽ തന്റെ സ്വന്തം കൈകൾ സൃഷ്ടിച്ച വിനകൾ മനുഷ്യൻ തിരിച്ചറിയുന്നില്ല.

ആഗോള തലത്തിൽ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന ഇത്തരത്തിലുള്ള വിപത്തുകളുടെ കണ്ണികളെപ്പറ്റിയാണ് നാമിപ്പോൾ ചർച്ചചെയ്തുകൊണ്ടിരിക്കുന്നത്. ഒരു ശാസ്ത്രജ്ഞൻ ന്യൂക്ലിയർ വിസ്ഫോടനം എന്ന പ്രതിഭാസത്തിന്റെ പിന്നിലുള്ള കാര്യങ്ങളുടെ ഭൗതികവും ശാസ്ത്രീയവുമായ കാരണങ്ങളെക്കുറിച്ചായിരിക്കും സംസാരിക്കുക. എന്നാൽ ഇത്തരം അതീവ നാശം വരുത്തുന്ന ഉപാധികൾ മനുഷ്യന്റെ സമാധാനത്തിന് ഭംഗമുണ്ടാക്കുമ്പോൾ അത് നിർമിക്കുന്ന ശാസ്ത്രജ്ഞൻമാരെയല്ല കുറ്റപ്പെടുത്തേണ്ടത്. ഇതിന്റെ മൂലകാരണം മറ്റെവിടെയോയാണ്. അത്തരത്തിൽ ആഗോള മാനങ്ങളുള്ള ക്രൂരവും വിവേകശൂന്യവുമായ തീരുമാനങ്ങളുടെ ഉത്തരവാദിത്വം ആഗോള ശക്തികൾക്കാണുള്ളത്. ശാസ്ത്രജ്ഞൻമാർ എത്ര തന്നെ വലിയവരായാലും ശരി അവർ തികച്ചും സ്വാർഥമതികളായ പൊതുജന ശക്തിയുടെ ഇരയല്ലാതെ മറ്റൊന്നുമല്ല.

വിശുദ്ധ ഖുർആൻ അങ്ങേയറ്റത്തെ സൂക്ഷ്മതയോടെ ചില ശാസ്ത്രീയ പ്രതിഭാസങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ടെങ്കിലും അത് ഒരിക്കലും കേവലം ഒരു ശാസ്ത്രാദ്ധ്യാപകന്റെ പങ്കല്ല നിർവഹിക്കുന്നത്. അതിനെക്കാളുപരി വികലമായ മനുഷ്യ സ്വഭാവത്തിന്റെ അധാർമികതയിലേക്കാണ് ഖുർആൻ നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നത്. അത് തീർച്ചയായും കാഞ്ചിയുടെ പ്രവർത്തനങ്ങളെപറ്റി വിവരിക്കുന്നുണ്ട്. പക്ഷേ, നമ്മുടെ ശ്രദ്ധയെ കാഞ്ചി വലിക്കുന്ന വിരലുകളിലേക്കാണ് ഖുർആൻ നയിക്കുന്നത്. ഇതാണ് ഖുർആനിക താക്കീതുകളുടെ ഉദ്ദേശ്യം. അതുപോലെ ഖുർആൻ ആവർത്തിച്ചു പ്രഖ്യാപിക്കുന്ന സംഗതി, മനുഷ്യനുമേൽ ചെയ്യപ്പെടുന്ന എല്ലാ അത്യാചാരങ്ങൾക്കും ഉത്തരവാദി മനുഷ്യൻ തന്നെയാണ് എന്നാണ്. അതിനാൽ ഖുർആനിക വീക്ഷണമനുസരിച്ച് പ്രതിരോധ നടപടികൾ മനുഷ്യന്റെ സ്വഭാവത്തിന്റെ പരിഷ്കരണവുമായി ബന്ധപ്പെട്ടതാണ്. ജനങ്ങൾ ദൈവികമായ മാർഗനിർദേശമനുസരിച്ച് അവരുടെ സ്വഭാവം മാറ്റുകയും അവർ സ്വയം തന്നെ പരിഷ്ക്കരിക്കുകയും ചെയ്താൽ ഇത് നീതിയും ന്യായവും പുലരാൻ ആവശ്യമായ ആരോഗ്യകരമായ ഒരു കാലാവസ്ഥ സൃഷ്ടിക്കുമെന്ന് ഖുർആൻ പ്രസ്താവിക്കുന്നു.

ഖുർആനിക പ്രവചനങ്ങളുടെ പ്രകാശഗോപുരം, ഏതു പാറയെയാണ് ഒഴിവാക്കേണ്ടതെന്നും ഏത് വഴിയിലൂടെയാണ് സഞ്ചരിക്കേണ്ടതെന്നും വ്യക്തമായും കാണിച്ചുതരുന്നു. എന്നിട്ടും മനുഷ്യ പ്രവർത്തനങ്ങളുടെ കപ്പൽ നിയന്ത്രിക്കുന്നവർ ഈ താക്കീതുകളോർത്ത് അപകടങ്ങളെ തരണം ചെയ്ത് ശാന്തിയുടെ തീരമണയുന്നത് എത്രമാത്രം അസംഭാവ്യമാണ്. ഇവിടെ തന്നെയാണ് ദുരന്തങ്ങളുടെ മൂലകാരണം സ്ഥിതിചെയ്യുന്നത്. മനുഷ്യൻ ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പ്രായോഗികമായ ഒരു പരിഹാരം കാണണമെങ്കിൽ അവന്റെ പ്രവർത്തനങ്ങളുടെ ഓരോ തലത്തിലും വിമർശനാത്മകവും യാഥാർഥ്യബോധത്തോടു കൂടിയതുമായ വിശകലനങ്ങൾ നടത്തേണ്ടതുണ്ട്. ലളിതമായി പറഞ്ഞാൽ സത്യസന്ധത, ആർജവം, നീതി, ന്യായം, പരജന കാംക്ഷ, കഷ്ടപ്പെടുന്നവരോടുള്ള അനുതാപം പൊതുവെ നന്മയോടുള്ള പ്രതിബദ്ധത മുതലായ മനുഷ്യന്റെ അടിസ്ഥാന മൂല്യങ്ങൾ പുനരുജ്ജീവിപ്പിക്കേണ്ടതുണ്ട്. മനുഷ്യ ബന്ധങ്ങളിൽ നിന്ന് ഈ മൂല്യങ്ങളെല്ലാം പുറന്തള്ളപ്പെടുകയാണെങ്കിൽ നിങ്ങളെ ഗ്രസിക്കുന്ന വിപത്തിനെ നിങ്ങൾ കാത്തിരിക്കുക. അതൊന്നുമാത്രമാണ് ഇക്കാര്യത്തിലുള്ള യുക്തിപരമായ പരിസമാപ്തി.

സൂറഃ *അൽഖമറിൽ* (അദ്ധ്യായം 54) പൗരാണിക ജനതയുടെ ചരിത്രം വിവരിക്കുന്നുണ്ട്. അവരുടെ കാലത്ത് അയക്കപ്പെട്ട ദൈവദൂതന്റെ താക്കീതുകൾ അവർ ചെവിക്കൊണ്ടില്ല. അതിന്റെ ഫലമായി അവർക്ക് താക്കീത് ചെയ്ത ദാരുണമായ അന്ത്യത്തിന് ചരിത്രം സാക്ഷ്യം വഹിക്കുകയുണ്ടായി. സമയം കഴിഞ്ഞ അവരുടെ പശ്ചാത്താപം കൊണ്ട് യാതൊരു ഫലവുമുണ്ടായില്ല. താക്കീതുകളുടെ ഉദ്ദേശ്യം ഭാവി തലമുറ അതിനെക്കുറിച്ച് ചിന്തിക്കാനാണ്. അവരെ പിന്തുടർന്നു വരുന്ന തലമുറ തങ്ങൾക്ക്മുമ്പേ മരിച്ചൊടുങ്ങിയ ജനതകളിൽ നിന്ന് പാഠം പഠിച്ചേക്കാമെന്നത് കൊണ്ടാണ് ഖുർആൻ അവരുടെ ചരിത്രങ്ങളിലേക്ക് വിരൽ ചൂണ്ടുന്നത്.

***ശക്തമായ താക്കീത് ഉൾക്കൊള്ളുന്ന ചില വൃത്താന്തങ്ങൾ അവർക്ക് വന്നെത്തിയിട്ടുണ്ട്. സമ്പൂർണമായ തത്ത്വജ്ഞാനമാണത്. എന്നിട്ട് ആ താക്കീതുകൾ അവർക്ക് പ്രയോജനമൊന്നും ചെയ്തില്ല*** (54: 5,6)

ജനങ്ങൾ അവരുടെ പാഠം പഠിച്ചില്ലെങ്കിൽ അതിന്റെ ഫലമായി അവരെ കാത്തിരിക്കുന്ന വിപത്ത് അവരുടെ മേൽ പതിക്കുന്നു. അവർ തന്നെയാണ് അതിന്റെ കുറ്റക്കാർ.

നാം ചർച്ച ചെയ്യുന്ന ആണവ കൂട്ടക്കൊല (Nuclear Holocaust) യെ സംബന്ധിച്ച അതിന്റെ ആത്യന്തികമായ പരിണിതിയുമായി ബന്ധപ്പെടുത്തി സൂറഃ *ത്വാഹ* (അദ്ധ്യായം 20) യിലും ചർച്ച ചെയ്യുന്നുണ്ട്. ഈ വചനത്തിന്റെ വിവക്ഷിതം ഒരു കാര്യം

വ്യക്തമാക്കുന്നു. ആ കാലത്തെ ലോകശക്തികളുടെ അഹങ്കാരവും ദുരഭിമാനവുമാണ് തകർക്കപ്പെടുക. അതുപോലെ മനുഷ്യവംശം ഒന്നാകെ തുടച്ചുനീക്കപ്പെടുന്നതല്ല.

ഈ പ്രസക്തമായ വചനം വ്യക്തമായും പ്രവചിക്കുന്നത് ഇത് മനുഷ്യവംശത്തിന്റെ അന്ത്യത്തെ കുറിക്കുന്ന ഒരു ബിന്ദുവല്ല എന്നാണ്. അഹങ്കാരികളായ രാഷ്ട്രീയ ശക്തികളുടെ പ്രതാപം തകർന്നു തരിപ്പണമാവുകയും നിലം പതിക്കുകയും ചെയ്യും. അവരുടെ കുഴിമാടത്തിൽ നിന്നുമാണ് പുതിയ ലോകക്രമം സംജാതമാവുക. പർവതംപോലെയുള്ള വൻശക്തികൾ ധൂളിക്കപ്പെടുകയും വിശാലമായ മണൽപരപ്പിൽ അത് തട്ടിനിരപ്പാക്കപ്പെടുകയും ചെയ്യും. പർവത സമാനമായിരുന്ന ആ വൻശക്തികളുടെ ഉയർച്ചതാഴ്ചയോ, മുന്നണിയോ പിന്നണിയോ നിങ്ങൾക്ക് കണ്ടെത്താൻ സാധ്യമല്ല.

***മലകളെ സംബന്ധിച്ച് അവർ നിന്നോട് ചോദിക്കുന്നു. അപ്പോൾ നീ പറയുക. എന്റെ നാഥൻ അവയെ തകർത്തു തരിപ്പണമാക്കികളയും. എന്നിട്ട് അതിനെ നിരന്ന മൈതാനമാക്കി വിട്ടുകളയും. അതിൽ വളവോ തിരിവോ ഉയർച്ചയോ നീ കാണുകയില്ല. അന്ന് അവർ വിളിയാളനെ പിൻപറ്റും. അവിടെ നിന്ന് അവർക്ക് ഒരു വ്യതിയാനവും ഉണ്ടായിരിക്കുന്നതല്ല. എല്ലാ ശബ്ദങ്ങളും പരമകാരുണികനെതിരെ അടങ്ങിപ്പോകും. അപ്പോൾ നേരിയ കാൽപെരുമാറ്റമല്ലാതെ നീ കേൾക്കുകയില്ല.*** ( 20 : 106 109)

ദൈവമാണ് ഏറ്റവും നല്ല സമനിരപ്പാക്കുന്നവൻ. അവന്റെ കരങ്ങളാണ് അത്ഭുതരമായ ഈ പരിവർത്തനങ്ങൾ ഉണ്ടാക്കുന്നത്. പർവതം എന്നത് സംഭാഷണശൈലി മാത്രമാണ്. അത് ശക്തമായ രാഷ്ട്രങ്ങളേയും, ദേശീയതകളേയും, ജനങ്ങളേയും സൂചിപ്പിക്കുന്നു. ഒരിക്കൽ അവരുടെ അഹങ്കാരം തകർക്കപ്പെട്ടാൽ അവർ അവസാനം എളിമയിലും നേർവഴിയിലുമായി വരുമെന്ന് ഖുർആൻ പ്രവചിക്കുന്നു. ആ അവസ്ഥയിൽ മാത്രമേ അവർ ദൈവത്തിന്റെ എളിയവനായ വിളിയാളന്റെ വിളിയോട് പ്രതികരിക്കുകയുള്ളൂ. അവർക്കപ്പോൾ യാതൊരു വിധ വക്രതയും ഉണ്ടായിരിക്കുകയില്ല. ഇവിടെ വിവരിക്കപ്പെട്ട രീതിയിലുള്ള ഒരു നൂറുക്കണക്കിന് ന്യൂക്ലിയർ വിസ്ഫോടനങ്ങളിലൂടെ സംഭവിക്കുന്ന ന്യൂക്ലിയർ ഹോളോകാസ്റ്റിൽ നിന്ന് മാത്രമേ സംഭവിക്കുകയുള്ളൂ. അതിലടങ്ങിയിരിക്കുന്ന തത്ത്വമെന്തെന്നാൽ മനുഷ്യൻ അവനുള്ള ഒരു പാഠവും പഠിക്കുന്നില്ല എന്നാണ്. അതിനാൽ ഇത്തരം കൊടും വിപത്തിന്റെ ഭാരത്താൽ അവന്റെ ഔദ്ധത്യത്തിൽ ഉയർന്നു നിൽക്കുന്ന ശിരസ്സ് താഴേണ്ടതുണ്ട്. താക്കീതിന്റെ ഈ വിഷാദാത്മകമായ സന്ദേശത്തോടു കൂടി തന്നെ മനുഷ്യരാശി അന്തിമമായി അതിജീവിക്കുമെന്നും പ്രകാശത്തിന്റെ പുതുയുഗനാന്ദി കുറിക്കപ്പെടുമെന്നുമുള്ള ശോഭനമായ പ്രതീക്ഷയുടെ സന്ദേശവും നൽകുന്നു. അതിനുമുമ്പേ മനുഷ്യൻ അവന്റെ വഴികൾ നന്നാക്കാൻ ശ്രമിക്കുന്നില്ലെങ്കിൽ, അവന്റെ വ്യതിചലനത്തിനും അത്യാചാരത്തിനും ദൈവത്തിൽ നിന്നുമുള്ള ഫലങ്ങൾ ചുരുങ്ങിയ പക്ഷം അവൻ അനുഭവിച്ചതിന് ശേഷമെങ്കിലും അവൻ പാഠം പഠിക്കുന്നതാണ്.

മറ്റൊരു അദ്ധ്യായത്തിൽ ഘോരമായ രീതിയിലുള്ള ഭൂമിശാസ്ത്രപരവും കാലാവസ്ഥാപരവുമായ പ്രധാന മാറ്റങ്ങളെ സംബന്ധിച്ച് ഖുർആൻ സംസാരിക്കുന്നു. നിരവധി ഭൂമേഖലകളും രാജ്യങ്ങളും ഭൂഖണ്ഡങ്ങളും ജനശൂന്യമായി പോവും. ഇത് ഒരുപക്ഷേ സംഭവിക്കുക നാം ചർച്ച ചെയ്ത ന്യൂക്ലിയർ ഹോളോകാസ്റ്റിന് ശേഷമായിരിക്കും. ന്യൂക്ലിയർ ഹോളോകാസ്റ്റ് സംഭവിക്കുന്നതിന്മുമ്പേ അതേ ഭൂമി അതിന്റെ കണ്ണഞ്ചിപ്പിക്കുന്ന സൗന്ദര്യ ധാരാളിത്വത്തിൽ ലോകത്തിലെ ഏറ്റവും രമണീയവും മനോഹരവുമായ സ്ഥലമായി വർണിക്കപ്പെട്ടവയായിരിക്കും. എല്ലാ ഖുർആനിക പ്രവചനങ്ങളിലും വെച്ച് ഈയൊരു പ്രവചനം മാത്രം സംഭവിക്കരുതേ എന്ന് നാം ആഗ്രഹിച്ചുപോകുന്നു. ഈയൊരാഗ്രഹം ഒരിക്കലും ഖുർആനിക പ്രവചനങ്ങളിലെ താക്കീതുകളോടുള്ള ബഹുമാനക്കുറവിന്റെ അടയാളമല്ല. അത് എല്ലാറ്റിനേയും വലയം ചെയ്തു നിൽക്കുന്ന ദൈവത്തിന്റെ അത്യുന്നതമായ ഔദാര്യത്തിലുള്ള നമ്മുടെ വിശ്വാസത്തിൽ നിന്ന് ഉത്ഭവം കൊള്ളുന്നതാണ്. അവൻ പരമകാരുണികനും കരുണാവാരിധിയുമാണ്. എല്ലാ താക്കീതുകളും അതെത്ര തന്നെ വ്യക്തമായിരുന്നതായാലും ശരി മനുഷ്യന്റെ പ്രതികരണത്തിനനുസരിച്ച് സോപാധികമായിരിക്കും. യോനാ (അ) പ്രവാചകന്റെ ജനതയുടെ അടയാളം നമ്മുടെ മുമ്പിലുണ്ട്. അവർ ദൈവത്തിന്റെ ക്രോധത്തിന് പാത്രമായതിന്ശേഷം അഗാധമായ പശ്ചാത്താപബോധത്താൽ ദൈവത്തിലേക്ക് തിരിഞ്ഞു. അത് നമ്മിൽ ആശ്വാസത്തിന്റെ തിരി തെളിയിക്കുന്നു. മനുഷ്യന്റെ ധാർമിക മൂല്യങ്ങളുടെ നിരന്തരമായ ശോഷണത്തിന്റെ ഇന്നത്തെ പശ്ചാത്തലത്തിൽ ഒരു ശുഭാപ്തി വിശ്വാസം വെച്ചുപുലർത്താൻ യഥാർഥത്തിലുള്ള യാതൊരു ന്യായീകരണവുമില്ല. ഇത്തരത്തിലുള്ള പശ്ചാത്താപം മാത്രമാണ് പ്രതീക്ഷകൾ നൽകുന്നത്. ചുറ്റുപാടുമുള്ളതെല്ലാം നിരാശയുടെ ഭീതിപൂണ്ട കാളരാത്രികളാണ്. അഗാധമായ വേരുകളുള്ള ഈ രോഗത്തിന്റെ ശമനത്തിന് ദൈവവിശ്വാസമില്ലാത്ത രക്ഷകൻമാരുടെ കൈയിൽ മരുന്നുകളില്ല. അതിന്റെ ശമനം ദൈവത്തിന്റെ കരങ്ങളിൽ മാത്രമാണ് നിലകൊള്ളുന്നത്. പക്ഷേ, പ്രാർഥനക്കായി അവന് നേരെ നമ്മുടെ കൈകൾ നീട്ടിയാലെ അത് നമുക്ക് ലഭ്യമാകൂ. ഒരു പക്ഷേ, ആധുനിക മനുഷ്യന് മനസ്സിലാക്കാൻ പ്രയാസമുള്ള ഒരു ഭാഷയിലായിരിക്കും നാം സംസാരിക്കുന്നത്. അതിനെതിരെയാണ് മനുഷ്യൻ ചെവി തിരിച്ചു പിടിച്ചിരിക്കുന്നത്. യാഥാർഥ്യം അല്ലാഹുവിനാണ് നന്നായറിയുക!

# മഹ്ദീ ഇമാമിന്റെ കുടുംബ ജീവിതം

വാഗ്ദത്ത മസീഹിന്റെ പ്രഗല്ഭനായ ഒരു ശിഷ്യനായിരുന്നു ലേഖകൻ. അവിടത്തെ ഗാർഹിക ജീവിതത്തിന്റെ വിശുദ്ധിയും ശാന്തതയും ധർമ പത്നിയോടുള്ള സ്നേഹാദരപൂർണമായ പെരുമാറ്റവും അടുത്തറിഞ്ഞ ഈ ശിഷ്യൻ അക്കാര്യം വിവരിക്കുന്നു.

ഹ്ദറത്ത് മൗലാനാ അബ്ദുൾ കരീം സിയാൽകോട്ടി (റ)

വാഗ്ദത്ത മസീഹുമായി വളരെ ടുത്ത് ഇടപഴകുവാൻ അല്ലാഹു അവന്റെ അനുഗ്രഹത്താൽ എനിക്ക് അവസരം തന്നരുളി. വർഷങ്ങളോളം എനിക്ക് അനുഭവിക്കാൻ ഭാഗ്യം സിദ്ധിച്ച ഒരു പ്രത്യേകം അനുഗ്രഹമായിരുന്നു അത്. മാത്രമല്ല എനിക്ക് കാണാനും കേൾക്കാനും ഇടവന്ന സംഭവങ്ങൾ അവ എത്ര തന്നെ നിസ്സാരങ്ങളും അപ്രധാനങ്ങളുമായിരുന്നാലും അവഗണിച്ചുകളയുന്ന പ്രകൃതക്കാരനുമല്ല ഞാൻ. എല്ലാറ്റിന്റേയും ഉള്ളോളം ചെന്നെത്തി അത് നൽകുന്ന പാഠം എന്തെന്ന് കണ്ടറിയാനുള്ള ഒരു പ്രത്യേക വാസനയും എനിക്കുണ്ട്. ഏകാന്തതയിൽ കഴിയുമ്പോഴും ആൾക്കൂട്ടത്തിൽ കഴിയുമ്പോഴും എന്റെ മനസ്സിനെ വഞ്ചിക്കാൻ അഥവാ ആ വഴിതെറ്റിക്കുവാൻ ഞാൻ ശ്രമിക്കാറില്ല. സ്വാഭാവികമായ നിലയിലല്ലാതെ എന്നെങ്കിലും എന്റെ മനസ്സ് പ്രവർത്തിച്ചതായി എനിക്ക് ഒരിക്കലും തോന്നിയിട്ടില്ല.

വാഗ്ദത്ത മസീഹുമായുള്ള ദീർഘനാളത്തെ സാമീപ്യ സമ്പർക്കത്താൽ ഞാൻ അവിടത്തെ പൊതു ജീവിതവും ഗാർഹിക ജീവിതവും നല്ല വണ്ണം പഠിച്ചറിഞ്ഞിട്ടുണ്ട്. അതെപറ്റി എന്നിൽ അങ്കുരിച്ച വിചാര വികാരങ്ങൾ എഴുതിക്കുറിക്കാൻ ഞാൻ ആഗ്രഹിച്ചു. ദൈവത്തിന്റെ ഒരു വരിഷ്ഠദൂതന്റേതല്ലാതിരിക്കാൻ സാധ്യമല്ലെന്ന് ചിന്തിക്കുന്ന ഏതൊരാളേയും ബോധ്യം വരുത്തുമാറുള്ള ഭാവങ്ങൾ ഉൾക്കൊണ്ട് വാഗ്ദത്ത മസീഹിന്റെ ജീവചരിത്രം രചിക്കുന്നതിന് അത് സഹായകരമായി തീരണമെന്നും ഞാൻ ആഗ്രഹിച്ചു.

ഒറ്റനോട്ടത്തിൽ ഉറച്ച വിശ്വാസികളോട് ഇത്തരം കാര്യങ്ങൾ വിവരിച്ചു പറയുന്നത് വിചിത്രമായി തോന്നിയേക്കാം. എന്തെന്നാൽ അവരുടെ സത്യ വിശ്വാസം യുക്തിചിന്തയുടെയും നിരീക്ഷണത്തിന്റേയും അടിസ്ഥാനത്തിൽ ഉറപ്പിക്കപ്പെട്ടിട്ടുള്ളതാകയാൽ സ്വഭാവ പ്രകൃതിയുടെ സൂക്ഷ്മ വശങ്ങളൊന്നും അവരെ ബാധിക്കുന്നതല്ല. അതിനു പുറമേ തങ്ങളുടെ ഗുരുവര്യനോടുള്ള അതിരറ്റ സ്നേഹാതിരേകം നിമിത്തം അവർ ***'ഹാജത്തെ മശാ ത്ത നെസ്ത് റോയെ ദിലാറാം റാ'*** (പ്രേമ പാത്രത്തിന്ന് ചമയ കോപ്പുകളൊന്നും വേണ്ടതില്ല ) എന്ന് ആക്രോശിച്ചെന്നും വരാം!.

എങ്കിലും എന്റെ സ്വന്തം താൽപര്യമോർത്തും ഈ വിശദ വശങ്ങളിലുള്ള അറിവ് എനിക്ക് എത്രമാത്രം പ്രയോജനകരമായി എന്ന് ചിന്തിച്ചും ആത്മീയ പുരോഗതിയുടെ പാതയിൽ അത് എത്രകണ്ട് സഹായകരമായി തീരും എന്ന് ആലോചിച്ചും വാഗ്ദത്ത മസീഹിനോടുള്ള പ്രത്യേക അനുഗ്രഹവായ്പ്പിനാൽ എനിക്ക് ലഭ്യമായി തീർന്ന അടുപ്പത്തിന്റെ മഹാഭാഗ്യത്താൽ എനിക്ക് കൈവന്നിട്ടുള്ള വിശദാംശങ്ങളുടെ അറിവുകൾ അപ്രകാരം അടുത്തിടപഴകാൻ ഭാഗ്യമുണ്ടായിട്ടില്ലാത്ത സഹോദരങ്ങൾക്ക് എത്തിച്ചു കൊടുക്കേണ്ടത് എന്റെ അനുകമ്പാർദ്രമായ ചുമതലയായി ഞാൻ കരുതി.

ഗാർഹിക രോഗങ്ങൾക്കുള്ള പ്രത്യൗഷധങ്ങൾ അതുവഴി സംഭാവന ചെയ്യാൻ എനിക്ക് കഴിയുമെന്ന് ഞാൻ ഉറച്ച് വിശ്വസിക്കുന്നു. ഈ രോഗങ്ങൾ നിമിത്തം അനേകം ഗൃഹങ്ങൾ ക്ഷയരോഗവും മറ്റു മാരകരോഗങ്ങളും പിടിപെട്ട് വലയുന്ന രോഗികൾ തലമുറ തലമുറയായി പാർത്തുപോന്ന വാസസ്ഥലങ്ങൾ കണക്കെ കരച്ചിലിന്റെയും വിലാപങ്ങളുടെയും രംഗമായി മാറിയിരിക്കുന്നു.

ഇക്കാരണത്താൽ ഞാൻ വാഗ്ദത്ത മസീഹിന്റെ കുടുംബ ജീവിതത്തെ പറ്റി തന്നെ ആദ്യമായി എഴുതാമെന്ന് തീർച്ചപ്പെടുത്തി. എന്തുകൊണ്ടെന്നാൽ ഏതൊരാൾക്കും അഭിമാനം കൊള്ളാവുന്ന ഏറ്റവും വലിയ ഗുണഭാവം, ഭാര്യയോടുള്ള പെരുമാറ്റം ഏറ്റവും മഹത്തരമായിരിക്കണമെന്നത്രെ. അയാൾ തന്റെ ഭരണ പാടവവും മഹനീയ സ്വഭാവ ഗുണങ്ങളും കൊണ്ട് ആ ഭവനത്തെ സ്വർഗത്തിന്റെ ഒരു മാതൃകയാക്കി മാറ്റണം. എന്ന് വെച്ചാൽ അവിടെ മനം പുകച്ചിലോ, അസൂയയോ ഒന്നും ഉണ്ടായിരിക്കരുത്. അറിവ് നിറഞ്ഞ ദൈവിക ഗ്രന്ഥം ഇപ്രകാരം പറയുന്നു:

***'നിങ്ങൾ നിങ്ങളുടെ സ്ത്രീകളോട് അങ്ങേയറ്റത്തെ സദ്ഭാവനയോടും ഔദാര്യത്തോടും കൂടി പെരുമാറുവീൻ'***

വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങൾ തങ്ങളുടെ ജീവിതത്തിൽ പകർത്തിക്കാണിച്ച വിശുദ്ധ നബി (സ) ഇപ്രകാരം പറയുന്നു:

***'നിങ്ങളിൽ ഏറ്റവും ഉത്തമൻ നിങ്ങളുടെ ഭാര്യക്ക് ഏറ്റവും ഉത്തമനായിട്ടുള്ളവനത്രെ'***

ഏതാണ്ട് 15 കൊല്ലം മുമ്പ് (1884 ൽ) വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് ഖാദിയാനി (അ) രണ്ടാം തവണയും വൈവാഹിക ജീവിതത്തിന്റെ കനത്തതും ഗൗരവമുള്ളതുമായ ബാദ്ധ്യതയേറ്റതു മുതൽ അവിടത്തെ ഭവനത്തിൽ നിന്ന് ഒരിക്കൽ പോലും കലഹത്തിന്റെയോ അഥവാ അഭിപ്രായ തർക്കത്തിന്റെയോ തീപ്പൊരി പാറുകയുണ്ടായിട്ടില്ല. ഈ നീണ്ടകാലത്തിനിടയിൽ താരതമ്യേന അബലയും പഠിപ്പ് കുറഞ്ഞതുമായ സ്ത്രീകളുടെ കൂട്ടത്തിൽപ്പെട്ട ഭാര്യയിൽ നിന്ന് പ്രകോപനപരമായോ അവിഹിതമോ ആയ യാതൊന്നും ഉണ്ടായിട്ടില്ലാത്തതാണെന്ന് കരുതി കൂടാത്തതാണ്. ഗാർഹിക കാര്യങ്ങളിൽ മാത്രം ഒതുങ്ങിക്കഴിയുന്ന നമ്മുടെ സ്ത്രീകളിൽ നിന്ന് മനക്ലേശങ്ങൾക്കിടയാക്കുന്ന പല പെരുമാറ്റങ്ങളും പലപ്പോഴായി ഉണ്ടാകാറുണ്ടെന്ന വസ്തുതയിലേക്ക് ധാരാളം അനുഭവ സാക്ഷ്യമെടുത്തുനിരത്താനാകും. ഈ പരിതസ്ഥിതിയിൽ കോപത്തിന്റെയും കലഹത്തിന്റെയും അഗ്നി സ്ഫുലിംഗങ്ങളുടെ പരിസ്പർശമേൽക്കാൻ അനുവദിക്കാത്ത ശാന്തവും സ്വർഗീയവുമായ ഒരു ഹൃദയം അത്യധികം ആദര പാത്രമായി തീരുന്നു. സമൂഹങ്ങളിൽ ഒരു നരകം തന്നെ സൃഷ്ടിച്ചുവെക്കുന്ന പക, അസൂയ, വിദ്വേഷം തുടങ്ങിയ ദുർവികാരങ്ങളുടെ ഉറവിടമായി തീരുന്ന എല്ലാവിധം വിഷ വസ്തുക്കളുടെയും കലവറയായിരിക്കുന്ന ആ കൊടും ക്രൂരമായിരിക്കുന്ന മാംസപിണ്ഡം (പ്രതികാര ഹൃദയം) പൂർണമായും ഒഴിഞ്ഞു കിട്ടുകയും ദൈവത്തിന്റെ തിരുകരങ്ങളാൽ തന്നെ പരിശുദ്ധനാക്കപ്പെടുകയും വിമലീകരിക്കപ്പെടുകയും വിശാലവും പൊറുമ കാട്ടുന്നതുമായ ഒരു ഹൃദയം അനുഗ്രഹിച്ചു നൽകപ്പെടുകയും ചെയ്തിട്ടുള്ള ഒരാൾക്ക് മാത്രമേ, കോളിളക്കങ്ങൾ നിറഞ്ഞ ഭയാനകമായ ഈ ലോകത്ത് ശാന്തവും അലട്ടലുകളില്ലാത്തതും അച്ചടക്കമുള്ളതുമായ ഒരു കുടുംബ ജീവിതം വാർത്തെടുക്കാൻ സാധിക്കൂ.

ഗാർഹിക ജീവിതത്തിൽ ഉടലെടുക്കുന്ന എല്ലാ കലഹങ്ങളുടെയും മൂലകാരണമായിരിക്കുന്ന ഒരൊറ്റ തെറ്റു മാത്രമേയുള്ളൂ. അതെന്താണ്? അത് മറ്റുള്ളവരിൽ കുറ്റം കണ്ടെത്താനുള്ള മനഃസ്ഥിതിയും തനിക്ക് ഇഷ്ടമില്ലാത്ത കാര്യങ്ങളോടെല്ലാം

പൊറുമയില്ലാത്ത സ്വഭാവവുമുണ്ടാകുന്നു. ഈ ലോകത്ത് ഒരാളുടെ സാക്ഷാൽ നരകം എന്ന് വിശേഷിപ്പിക്കാവുന്നത് കുടുസ്സായ മനോഭാവവും സങ്കുചിതമനസ്ഥിതിയുമാണ്. എന്നാൽ ഈ നരകത്തിൽ നിന്ന് നമ്മളിൽ എത്ര പേർ രക്ഷപ്രാപിച്ചിട്ടുണ്ട്?

നീണ്ട പത്ത് വർഷക്കാലം വാഗ്ദത്ത മസീഹിനെ വളരെ സൂക്ഷ്മമായും വിമർശനാത്മകമായും പഠിച്ചറിയാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. വാഗ്ദത്ത മസീഹ് ശൈത്വാന്റെ സ്പർശത്തിൽ നിന്നും പരിപൂർണമായും പരിശുദ്ധനാണ് എന്ന നിഗമന ത്തിലാണ് പരിപക്വമായ വിചിന്തനത്തിന് ശേഷം ഞാനെത്തിച്ചേർന്നത്. എന്റെ അനുഭവങ്ങളിൽ നിന്ന് ഭൂരിഭാഗം ആളുകളുടേയും അടിസ്ഥാനമാക്കി എനിക്ക് പറയാൻ സാധിക്കും മറ്റുള്ളവരിൽ കുറ്റം കണ്ടെത്തുന്ന സ്വഭാവവും തനിക്ക് ഇഷ്ടമില്ലാത്ത കാര്യങ്ങൾ കാണുമ്പോഴുള്ള പൊറുമ കേടും ആണ് അനേകം കുടുംബ ജീവിതങ്ങളെ കയ്പ്പേറിയതാക്കി മാറ്റുന്നത്. ഈ സ്വഭാവ പ്രകൃതിയോടു കൂടിയ ഓരോ ആളും(ഈ കറപുരളാത്ത ആളുകൾ തുലോം വിരളം, വളരെ തുച്ഛം) തങ്ങളെ വിഴുങ്ങിക്കളയുന്ന അഗ്നി നാളത്തിന്റെ അനന്തര ഫലങ്ങൾ അനുഭവിക്കുകയും യഥാർഥത്തിൽ ഈ ദുസ്വാഭാവമാണ് എല്ലാ ധാർമിക വിലോപങ്ങളുടെയും നാരായ വേരായിരിക്കുന്നതെന്നതിലേക്ക് സാക്ഷ്യം വഹിക്കുകയും ചെയ്യുന്നതാണ്. ഈ ലോകത്തെ കലഹങ്ങളുടെയും ക്ലേശങ്ങളുടെയും ഗേഹമാക്കി മാറ്റിയതും ഈ ദുസ്സ്വഭാവം തന്നെയാണ്.

സ്വർഗം സന്തുഷ്ടിയുടേയും ശാന്തിയുടെയും നിലയനമാണെന്ന് വിവരിച്ചുകാട്ടുന്ന വിശുദ്ധ ഖുർആൻ അവിടുത്തെ മോഹനമായ അനുഗ്രഹങ്ങളും ആഹ്ലാദങ്ങളും താഴെപ്പറയുന്ന വരികളിൽ മനസിലാക്കിത്തരുന്നു:

***'നാം അവരുടെ നെഞ്ചകത്ത് നിന്നും എല്ലാ പകയും നീക്കിക്കളയുകയും അവർ ഉയർന്ന മഞ്ചങ്ങളിൽ മുഖത്തോടു മുഖം നോക്കിയിരിക്കുന്ന സഹോദരങ്ങളെ പോലെയായിരിക്കും'***

ശത്രുത, പക, ശണ്ഠ ഇവയെല്ലാം കാരണമായിരിക്കുന്നതെന്തോ അതിനെ ഹൃദയ തലത്തിൽ നിന്ന് ദൈവം തുടച്ചു നീക്കുമെന്നാണ് ഇവിടെ ഈ വാക്യത്തിൽ ദൈവം അരുളിയിരിക്കുന്നത്. ഇത്തരത്തിൽ ശണ്ഠക്കും ശത്രുതക്കും മൂലകാരണമായിട്ടുള്ളതെന്തോ അത് നീക്കം ചെയ്യപ്പെട്ടിട്ടുള്ള ആൾ ഈ ലോകത്ത് യഥാർഥ സ്വർഗത്തിലേക്ക് നയിക്കുന്ന ആളായിരിക്കണമെന്നാണ് ഈ വാചകം മനസ്സിലാക്കി തരുന്നത്. ഈ തിന്മയുടെ വേര് ഏതൊരാളിൽ ഇല്ലാതായിരിക്കുന്നുവോ അയാളുടെ മറ്റു ധാർമിക നിലവാരം എങ്ങനെയുള്ളതായിരിക്കുമെന്ന് നമുക്ക് വിലയിരുത്താനാകും.

വാഗ്ദത്ത മസീഹിന്റെ ഭവനത്തിലെ ഭൃത്യകൾ പോലും ഈ യഥാർഥ്യം മനസ്സിലാക്കിയിരുന്നു. അവരാകട്ടെ ഗ്രാമ്യരും സ്നേഹബന്ധങ്ങൾ എന്താണെന്ന് അറിയാത്തവരും ഉൾക്കാഴ്ച്ചയില്ലാത്തവരും പച്ച പരമാർഥികളുമായിരുന്നു. വാഗ്ദത്ത മസീഹിന്റെ ഗാർഹിക ജീവിതത്തെ അവർ അമ്പരപ്പോടെയാണ് നോക്കിക്കണ്ടിരുന്നത്. സാധാരണ നടപടികളിൽ നിന്നും സാഹചര്യങ്ങളിൽ നിന്നും വിഭിന്നമായി അതിനെ കണ്ടപ്പോൾ അവർ ആശ്ചര്യപ്പെട്ടു പറയുമായിരുന്നു മിർസാജിക്ക് ഭാര്യ പറഞ്ഞതിനപ്പുറമൊന്നുമില്ല. ഇത് വീട്ടിലെ ഭൃത്യകൾ പരസ്പരം പറയുന്നത് ഞാൻ പല

പ്പോഴും കേട്ടതാണ്. ഒരിക്കൽ വാഗ്ദത്ത മസീഹ് പറഞ്ഞു: 'നാം സ്ത്രീജനങ്ങളുടെ തെറ്റായ പെരുമാറ്റങ്ങളും സംസാരങ്ങളും പ്രത്യക്ഷമായ ദുഷ്യങ്ങളില്ലെങ്കിൽ പൊറുമയോടെ അവഗ ണിച്ചു കളയണം. സ്ത്രീകളുടെ ഭാഗത്ത് നിന്നുള്ള വിവേകരഹിത മായ പെരുമാറ്റങ്ങളും ബുദ്ധികെട്ട സംസാരങ്ങളും കാര്യമാക്കരുതെന്നാണ് അവിടുന്ന് നിർദേശിച്ചത്. മറ്റൊരിക്കൽ ഇപ്രകാരം പറഞ്ഞു: നമ്മൾ പുരുഷന്മാർ സ്ത്രീകളുമായി ശണ്ഠകൂടുന്നതിൽ എനിക്ക് വലിയ അപമാനം തോന്നുന്നു. ദൈവം നമ്മെ പുരുഷന്മാരായി സൃഷ്ടിച്ചത് ഒരു വലിയ അനുഗ്രഹമാകുന്നു. പ്രത്യേകമായ അനുഗ്രഹത്തിന് ദൈവ ത്തോട് നന്ദിയുള്ളവരായിരിക്കണം. നാം സ്ത്രീകളോട് വളരെ ഔദാര്യത്തിലും വളരെ മൃദുലമായും പെരുമാറണം.'

ഒരിക്കൽ വാഗ്ദത്ത മസീഹിന്റെ സാന്നിദ്ധ്യത്തിൽ ഒരു സ്നേഹിതനെ കുറിച്ച് അദ്ദേഹം വലിയ കർക്കശക്കാരനും സംസാരത്തിൽ കടുത്ത വാക്കുകൾ ഉപയോഗിക്കുന്നആളും ഭാര്യയോടുരൂക്ഷമായി പെരുമാറുന്ന വ്യക്തിയൂം ആണെന്ന് പറയപ്പെടുകയുണ്ടായി. ഇത് വാഗ്ദത്ത മസീഹിനെ അത്യധികം വേദനിപ്പിച്ചു. അവിടുന്നു പറഞ്ഞു: 'നമ്മുടെ സ്നേഹിതന്മാർ ഒരിക്കലും അപ്രകാരം പെരുമാറരുത്.'

അമൃത്സറിൽ റവ: ആഥമുമായുള്ള സംവാദം നടന്നുകൊണ്ടിരിക്കെ അന്നാളുകളിൽ ഖാൻ മുഹമ്മദ് ശാഹിന്റെ വീട്ടിൽ ഒരു രാത്രി വളരെയധികം ആളുകൾ ഒരുമിച്ചു കൂടിയിരുന്നു. വിവാദത്തിന് സാക്ഷ്യം വഹിക്കാൻ പുറമെ നിന്നും ഒട്ടേറെ സന്ദർശകന്മാർ എത്തിച്ചേർന്നു. വാഗ്ദത്ത മസീഹ് (അ) ആ ദിവസം പലപ്പോഴും എന്ന പോലെ കഠിനമായ തലവേദന കൊണ്ട് വിഷമിക്കുകയായിരുന്നു. സന്ദർശകന്മാർ അവിടത്തെ കാണാനുള്ള ആകാംക്ഷയിൽ അവിടുന്നു പുറത്തേക്ക് വരുന്നതും കാത്തു അക്ഷമരായി കഴിയുകയായിരുന്നു. ഒടുവിൽ ആ മഹാത്മാവ് പുറത്തേക്ക് വന്നു. ലാഹോറിലെ പെൻഷനായ ഉദ്യോഗസ്ഥൻ മുൻശി അബ്ദുൾഹയ്യ്, അപാരമായ സ്നേഹാദരങ്ങളോടെ തന്നെ ചങ്ങാതിമാരോട് പറയുന്ന രീതിയിൽ വാഗ്ദത്ത മസീഹിനോട് പറഞ്ഞു: അവിടുത്തെ ആരോഗ്യ കാര്യത്തിൽ വളരെയേറെ ശ്രദ്ധിക്കേണ്ടതുണ്ട്. നല്ല പോഷകാഹാരം തയ്യാറാക്കിച്ചു കഴിക്കണം. വാഗ്ദത്ത മസീഹ് മന്ദസ്മിതം തൂകിക്കൊണ്ട് ഇപ്രകാരം പറഞ്ഞു: താങ്കൾ പറഞ്ഞതത്രയും ശരിതന്നെ എനിക്കും അത് തോന്നിയിട്ടുണ്ട് അത്തരം ആഹാരം തയ്യാറാക്കികഴിക്കണമെന്ന്. പക്ഷേ ഈ സ്ത്രീകളുണ്ടല്ലോ അവർക്ക് സ്വന്തം കാര്യങ്ങളിൽ മുഴുകിയിരിക്കയാൽ മറ്റുള്ളവരുടെ കാര്യത്തിൽ അത്ര ശ്രദ്ധിക്കാനാകുന്നില്ല.

മുൻഷി സാഹിബ് അത്കേട്ടപ്പോൾ തുറന്നടിക്കുകയുണ്ടായി: 'ഹുസൂർ അങ്ങ് സ്ത്രീകളെ ശാസിക്കുന്നില്ല. അങ്ങയോട് അവർക്ക് ഭയംതോന്നുമാറാകണം. ഞാൻ എപ്പോഴും എന്റെ ആഹാരകാര്യങ്ങളിൽ നിഷ്ക്കർശ പുലർത്തുന്നവനാണ്. ഞാൻ നൽകുന്ന നിർദേശങ്ങൾ അനുസരിക്കാതിരിക്കുന്ന പ്രശ്നമേയില്ല. എന്റെ നിർദേശങ്ങൾ കടുകളവ് ലംഘിക്കപ്പെട്ടാൽ പണി വേറെയാണ്.! മുൻഷി സാഹിബ് പഴയ മാർഗത്തിലുള്ള സൂഫി വര്യനായ ഹദ്റത്ത് അബ്ദുല്ലാഹ്ഗസ്നവിയുടെ ഒരു ശിഷ്യനായിരുന്നു. ഞാനും അന്ന് അവിടെ കൂടിയവരിൽ ഉൾപ്പെട്ടിരുന്നു. മുൻഷി സാഹിബ് പറഞ്ഞത് എനിക്ക് നന്നേ പിടിച്ചു. തന്റെ ഗുരുവിന്റെ കാര്യത്തിൽ ആശങ്കയുള്ളത് കൊണ്ടാണ് അദ്ദേഹം അപ്രകാരം തുറന്നടിച്ചത്. എന്റെ ഗുരു കൂടുതൽ നല്ല ആഹാരം കഴിക്കുമാറാകണമെന്ന് എന്റെ മനസ്സിലും വലുതായ ആഗ്രഹം തിങ്ങിനിറഞ്ഞിരുന്നു. എല്ലാവർക്കും അടുക്കളയിൽ നിന്ന് പൊതുവായി തയ്യാറാക്കപ്പെട്ട ആഹാരങ്ങൾ അവിടുത്തേക്ക് യഥാർഥത്തിൽ പറ്റിയതല്ലെന്ന് തോന്നാറുണ്ടായിരുന്നു. ബുദ്ധിപരമായ പ്രവർത്തികൾ നിരന്തരം നടത്തുന്ന ആൾ എന്ന നിലയിൽ അവിടുത്തേക്ക് അത് അനുപേക്ഷ ണീയവുമായിരുന്നു. അതിനാൽ മുൻഷി സാഹിബിനോട് ഞാൻ പൂർണമായും യോജിക്കുകയും ഞാനറിയാതെ തന്നെ അദ്ദേഹത്തെ പിന്താങ്ങിക്കൊണ്ട് എന്തോ പറഞ്ഞു പോകുകയും ചെയ്തു. സൂഫി മൗലവി അബ്ദുല്ലാഹ് സാഹിബ് ഗസ്നവിയുടെ അടുക്കൽ നിന്നും ശിക്ഷണം നേടിയ ആളായിരുന്നു. ഞാൻ പറഞ്ഞു: ഹുസൂർ മുൻഷി സാഹിബ് പറഞ്ഞത് വളരെ ശരിയാണ്. ഇക്കാര്യത്തിൽ അങ്ങയുടെ നിർദേശങ്ങൾ കർശനമായി പാലിക്കാൻ സ്ത്രീകളെ നിർബന്ധിക്കുക തന്നെ വേണം. ഞാനിതു പറഞ്ഞപ്പോൾ വാഗ്ദത്ത മസീഹ് എന്നെയൊന്ന് നോക്കിക്കൊണ്ട് പറഞ്ഞു: ***'നമ്മുടെ സ്നേഹിതന്മാർ അത്തരം രീതികൾ അവലംബിച്ചുകൂട'***

ഈ വാക്കുകൾ കേട്ടപ്പോൾ ഞാനാകെ നാണിച്ചുപോയി. പഴയ മാർഗത്തിലുള്ള സൂഫി വര്യന്റെ മാതൃകയെ പിൻപറ്റിയതിൽ നിന്ന് എനിക്ക് വല്ലാത്ത ലജ്ജ തോന്നി എന്നത് സത്യമായിരുന്നു. അന്നാളുകളിൽ പക്ഷേ ഞാൻ ആത്മീയ വിഷയങ്ങളിൽ ഒരു പുതുക്കക്കാരനായിരുന്നു. ദിവ്യമായ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം എനിക്ക് ധാരാളം ശിക്ഷണം ലഭിക്കേണ്ടതുണ്ടായിരുന്നു.

സഹോദരന്മാരെ, ഞാൻ ആ കഥ നിങ്ങൾക്ക് വിവരിച്ചു തന്നത് വളരെ പരിശുദ്ധ പ്രകൃതിക്കാരനും ദൈവത്തോടും മനുഷ്യരോടുമുള്ള തന്റെ കടമകൾ നിറവേറ്റുന്നത് എങ്ങനെയെന്ന് അറിയുന്ന ഒരാളും ധാർമിക ഗുരുവായി നിയോഗിക്കപ്പെട്ട ആളുമായ ഒരു മഹാത്മാവും ഒരു സൂഫി വര്യനോടൊപ്പം കഴിഞ്ഞു കൊണ്ട് ആത്മീയ സഞ്ചാരത്തിൽ ക്ലേശകരമായ ഭാഗം താണ്ടിക്കടന്നു എന്ന തെറ്റിദ്ധാരണയിൽ അകപ്പെടുകയും എന്നാൽ യഥാർഥ ധാർമിക ജീവിതത്തെപറ്റി ഒന്നും അറിയാതിരിക്കുന്നവരും തമ്മിലുള്ള അന്തരം ചൂണ്ടിക്കാണിക്കുവാനാണ്.

# സർ സഫറുല്ലാഹ് ഖാൻ

അന്തർദേശീയ തലത്തിൽ അറിയപ്പെടുന്ന ഇന്ത്യയിലെ ഏറ്റവും പ്രഗല്ഭനായ മുസ്‌ലിം നിയമജ്ഞനും ഒട്ടേറെ അന്തർ ദേശീയ നിയമ വിദ്യാ പീഠങ്ങളുടെ ഉപദേശകനും നിരവധി നിയമഗ്രന്ഥങ്ങളുടെ കർത്താവും ഇന്ത്യയിലെ സുപ്രീം കോടതിയും ഹൈക്കോടതികളും നിരന്തരം ഉദ്ധരിക്കപ്പെടുന്ന ആധികാരിക പണ്ഡിതനും ഡൽഹി യൂണിവേഴ്സിറ്റി, അലിഗഡ് മുസ്‌ലിം യൂണിവേഴ്സിറ്റികളിലെ ലോ ഫാക്കൽട്ടിയും ദേശീയ ന്യൂനപക്ഷ കമ്മീഷൻ ചെയർമാൻ, ദേശീയ മനുഷ്യാവകാശ കമ്മീഷൻ അംഗം, ഇന്ത്യൻ ലോകമ്മീഷൻ അംഗം എന്നീ വിവിധ സ്ഥാനങ്ങൾ വഹിച്ച ഇന്ത്യയിൽ ജീവിച്ചിരിക്കുന്ന മഹാനായ നിയമ പണ്ഡിതനാണ് ഡോ. താഹിർ മഹ്മൂദ്. അദ്ദേഹം തന്റെ Reminiscing on Law Brains എന്ന ഗ്രന്ഥത്തിൽ വിശ്വപൗരനും അഹ്മദിയുമായ സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബിനെ ആദരപൂർവം സ്മരിക്കുകയാണ്. (സമ്പാ: ബി.അബ്ദുൾ ഹമീദ്, കണ്ണൂർ)

ഡോ. താഹിർ മഹ്മൂദ്

സർ മുഹമ്മദ് സഫറുലാഹ് ഖാൻ ഭാരത മാതാവിന്റെ മഹാനായ ഒരു പുത്രനാണ്. നിർഭാഗ്യകരമെന്ന് പറയട്ടെ പാകിസ്താന്റെ നീതിയുക്തമല്ലാത്ത അവകാശ വാദം കാരണം നമ്മുടെ രാജ്യം അദ്ദേഹത്തെ കൈവെടിയുകയാണുണ്ടായത്. മഹാനായ ഈ നിയമജ്ഞൻ അവിഭക്ത ഭാരതത്തിലെ പഞ്ചാബിൽ 1893ൽ ഖാദിയാനി അഹ്മദിയ്യാ വിഭാഗത്തിൽപ്പെട്ട ഒരു കുടുംബത്തിലാണ് ജനിച്ചത്. പ്രഗല്ഭനായ അഭിഭാഷകനും തത്ത്വ ചിന്തകനുമായ ഡോ. മുഹമ്മദ് ഇഖ്ബാലിന്റെ മാർഗനിർദേശത്തിൽ ലാഹോർ ഗവ: കോളേജിൽ നിന്ന് ബിരുദം നേടിയതിന് ശേഷം അദ്ദേഹം കിങ്ങ്സ് കോളേജിൽ നിന്നും നിയമ ബിരുദം സമ്പാദിക്കാൻ ലണ്ടനിലേക്ക് പോയി. 1914 ൽ ലിങ്കൻസ് ഇന്നിൽ (Lincoln's Inn)* വക്കീലായി പ്രാക്ടീസ് ആരംഭിക്കുകയും ചെയ്തു. ഇന്ത്യയിൽ അദ്ദേഹം മടങ്ങി വന്ന് സിയാൽ കോട്ടിലാണ് പ്രാക്ടീസ് ചെയ്തത്. 1926 ൽ സർ സഫറുല്ലാഹ് ഖാൻ



സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബ്

പഞ്ചാബ് ലജിസ്ലേറ്റീവ് അസംബ്ലിയിലേക്ക് തിരഞ്ഞെടുക്കപ്പെടുകയുമുണ്ടായി.

ഇന്ത്യക്ക് സ്വയംഭരണം വേണമെന്ന ആവശ്യത്തിന് വേണ്ടി ലണ്ടനിൽ ചേർന്ന വട്ടമേശ സമ്മേളനത്തിൽ മൂന്ന് തവണ (1930 - 32) സർ സഫറുല്ലാഹ് ഖാൻ സംബന്ധിക്കുകയുണ്ടായി. 1935 മുതൽ 1941 വരെ കേന്ദ്ര ലജിസ്ലേറ്റീവ് അസംബ്ലിയിൽ അദ്ദേഹം ഒരു അംഗമായിരുന്നു. പിന്നീട് അദ്ദേഹം പല ഉന്നത സ്ഥാനങ്ങളും വഹിച്ചിട്ടുണ്ട്. ലീഗ് ഓഫ് നേഷനിൽ ഇന്ത്യൻ സംഘത്തെ നയിച്ച് കൊണ്ട് ജനീവയിലേക്ക് പോയി (1939). 1942 ൽ ചൈനയിൽ ഇന്ത്യയുടെ ഏജന്റ് ജനറലായി പ്രവർത്തിച്ചു. 1945ൽ

ഇന്ത്യൻ കോമൺ വെൽത്ത് റിലേഷൻസ് കോൺഫ്രൻസിൽ ഇന്ത്യയുടെ പ്രതിനിധിയായി പങ്കെടുത്തു. അദ്ദേഹത്തിന്റെ അവിഭക്ത ഇന്ത്യയിലെ അവസാനത്തെ നിയമനം ഫെഡറൽ കോർട്ട് ജഡ്ജ് ആയിട്ടായിരുന്നു. ബ്രിട്ടീഷ് ഭരണത്തിൽ നിന്ന് നാം സ്വതന്ത്രമായതിനെ തുടർന്നുണ്ടായ ഇന്ത്യാ ഉപ ഭൂഖണ്ഡത്തിന്റെ നിർഭാഗ്യകരമായ വിഭജനം വരെ അദ്ദേഹം ആ സ്ഥാനം വഹിക്കുകയുണ്ടായി.

മതപരമായ പശ്ചാത്തലത്തിൽ നേടിയെടുത്ത പാകിസ്താന്റെ ആദ്യത്തെ ഭരണഘടനാ നിർമാണ സഭയിൽ വിരോധാഭാസമെന്ന് പറയട്ടെ അതിന്റെ സ്ഥാപകനായ മുഹ മ്മദലി ജിന്ന പാകിസ്താൻ ഒരു സെക്കുലർ രാജ്യമാണെന്ന് പ്രഖ്യാപിച്ചു. ഫെഡറൽ കോർട്ട് ജഡ്ജിയായിരുന്ന സർ സഫറുല്ലാഹ് ഖാനെ ജിന്ന തന്റെ പക്ഷത്തേക്ക് തട്ടിയെടുക്കുകയായിരുന്നു. ഒരുപക്ഷേ മത മൗലിക വാദത്തിൽ നിന്നും മതപുരോഹിത ഭരണ (തിയോക്രറ്റിക്ക് സ്റ്റേറ്റ്) മായി മാറുന്നതിൽ നിന്നും അകന്നു മാറി, പാകിസ്താനെ ഒരു ആധുനിക രാഷ്ട്രമായി മാറ്റിയെടുക്കാനുള്ള ഉദ്യമത്തിൽ അദ്ദേഹം ജിന്നയുടെ വലംകയ്യായി തീരുമെന്ന പ്രതീക്ഷയിലായിരുന്നു ജിന്ന തന്റെ പക്ഷത്തേക്ക് സഫറുല്ലാഹ് ഖാനെ കൊണ്ടുപോയത്. ജിന്നക്ക് സർവ സമ്മതനായ സർ സഫറുല്ലാഹ് ഖാൻ അങ്ങനെ പാകിസ്താന്റെ വിദേശകാര്യ മന്ത്രിയായി. കോൺസ്റ്റിറ്റ്യുവെന്റ് അസംബ്ലിയിൽ നിർഭയനായിക്കൊണ്ട് അദ്ദേഹം ഇപ്രകാരം ഗർജിച്ചു.

*'ദുഃഖകരമായ കാര്യം , പ്രധാനമായും തെറ്റിദ്ധാരണ മൂലം മുസ്‌ലിംകൾ അവരുടെ ശൈഥില്യത്തിന്റെ കാലഘട്ടത്തിൽ ജുഗുപ്സയുള വാക്കും വിധം അസഹിഷ്ണുതക്കുള്ള ഖ്യാതി സമ്പാദിച്ചിരിക്കുന്നു എന്നതാണ്. പക്ഷേ അത് ഇസ്‌ലാമിന്റെ കുറ്റം കൊണ്ടല്ല.. തുടക്കം മുതൽ തന്നെ ഇസ്‌ലാം വിശാലമായ സഹിഷ്ണുത പ്രഖ്യാപിക്കുകയും അതിന്റെ അദ്ധ്യാപനങ്ങൾ പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട്*

നിർഭാഗ്യകരമെന്ന് പറയട്ടെ പാകിസ്താന് ഒരു മതേതര മാർഗദർശനം നൽകാൻ ജിന്ന അധിക കാലം ജീവിച്ചില്ല. മത യാഥാസ്ഥിതികത്വത്തിന്റെ മാളത്തിലേക്ക് പാകിസ്താൻ ക്രമേണ വഴുതി വീഴുകയായിരുന്നു.

തുടക്കം മുതൽ തന്നെ പാകിസ്താനിൽ അഹ്മദിയ്യാ വിഭാഗത്തെ മുസ്‌ലിം സമൂഹത്തിൽ നിന്നും പുറത്താക്കാൻ മത വൃത്തങ്ങൾ ആവശ്യപ്പെട്ടിരുന്നു. ജിന്നയെ തുടർന്നു വന്ന ലിയാഖത്ത് അലി ഖാനും ഖ്വാജാ നാസീമുദ്ദീനും ഈ ആവശ്യത്തെ ആവുന്നതും ചെറുത്തു നിന്നു. അവർ സഫറുല്ലാ ഖാന്റെ നിയമ പരിജ്ഞാനം ലോക രാഷ്ട്രങ്ങൾക്കിടയിൽ പാകിസ്താന്റെ വിശ്വാസ്യത വളർത്താൻ ഉപയോഗിക്കുകയായിരുന്നു. പാകിസ്താന്റെ വിദേശ കാര്യമന്ത്രി എന്ന നിലക്ക് ഐക്യ രാഷ്ട്ര സഭയിൽ സഫറുല്ലാഹ് ഖാൻ തന്റെ രാജ്യത്തെ മതാധിഷ്ഠിതമല്ലാത്ത ഒരു രാഷ്ട്രമാക്കി അവതരിപ്പിക്കുകയും പലസ്തീൻ പ്രശ്നം ഉന്നയിച്ചു കൊണ്ട് അറബ് രാഷ്ട്രങ്ങളുടെ സൗഹൃദം നേടിയെടുക്കാൻ പാകിസ്താന് സാദ്ധ്യമാക്കുകയും ചെയ്തു. അതിനിടക്ക് ഹേഗിലെ അന്താരാഷ്ട്ര കോടതിയുടെ ചീഫ് ജസ്റ്റീസ് ആയി 6 വർഷം അദ്ദേഹം സേവനമനുഷ്ഠിച്ചു. പിന്നീട് അദ്ദേഹം ഐക്യ രാഷ്ട്ര സഭയിൽ പാകിസ്താന്റെ സ്ഥിരാംഗമായി തിരിച്ചെത്തി. 1962- 64 വരെ യു. എൻ. ജനറൽ അസംബ്ലിയുടെ പ്രസിഡന്റായി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. ഈ പദവിയിലെത്തുന്ന ആദ്യത്തെ ഏഷ്യക്കാരനായിരുന്നു സഫറുല്ലാഹ് ഖാൻ. .

പാകിസ്താനിൽ ശക്തിപ്പെട്ടു വന്ന മത രാഷ്ട്ര വാദം നിമിത്തം സഫറുല്ലാഹ് ഖാൻ പാകിസ്താനിലേക്ക് തിരിച്ചു പോകാൻ ഇഷ്ടപ്പെട്ടിരുന്നില്ല. അന്താരാഷ്ട്ര കോടതിയുടെ ജഡ്ജി യായിക്കൊണ്ട് വീണ്ടുമൊരു 9 വർഷക്കാലം അദ്ദേഹത്തിന് പുനർ നിയമനം ലഭിച്ചു. ഇതിൽ അവസാനത്തെ മൂന്ന് വർഷം ലോകകോടതിയുടെ പ്രസിഡന്റായിട്ടാണ് അദ്ദേഹം സേവന മനുഷ്ഠിച്ചത്. ഇതിനകം പാകിസ്താനിലെ സംഗതികൾ മോശമാവുകയായിരുന്നു. പ്രധാനമന്ത്രി സുൽഫിക്കർ അലി ഭൂട്ടോ അഹ്മദികളെ അമുസ്‌ലിം ന്യൂനപക്ഷമാക്കി മാറ്റാൻ ഭരണഘടന ഭേദഗതി ചെയ്യാമെന്ന് സമ്മതിക്കുകയുണ്ടായി. ഈ അവസരത്തിൽ അദ്ദേഹം ലോക കോടതി ജഡ്ജി സ്ഥാനം ഒഴിയുകയുണ്ടായി. ഈ കലുഷിതമായ അന്തരീക്ഷത്തിലാണ് സർ സഫറുല്ലാഹ് ഖാൻ പാകിസ്താനിൽ പോകാൻ ഇഷ്ടപ്പെടാതിരുന്നത്. അദ്ദേഹം ഇംഗ്ലണ്ടിൽ തന്നെ വാസമുറപ്പിച്ചു. പത്ത് വർഷം അദ്ദേഹം ഇംഗ്ലണ്ടിൽ തന്നെ താമസിച്ചു. പാകിസ്താനിൽ അഹ്മദിയ്യാ വിദ്വേഷാഗ്നി പുകഞ്ഞുകൊണ്ടിരിക്കുന്ന അവസരത്തിൽ അദ്ദേഹം ലാഹോറിലേക്ക് മടങ്ങി. അവിടെ പഞ്ചാബിൽ വെച്ച് 1985 സെപ്തംബർ 1ന് അദ്ദേഹം അന്ത്യശ്വാസം വലിച്ചു.

ഇന്ത്യ അദ്ദേഹത്തെ വളരെ മുമ്പ് തന്നെ കൈയൊഴിഞ്ഞു. പാകിസ്താൻ അദ്ദേഹത്തെ അമുസ്‌ലിമായി പ്രഖ്യപിക്കുകയും ചെയ്തു. എന്നാൽ അറബികൾ പലസ്തിനികൾക്ക് വേണ്ടി ഐക്യരാഷ്ട്ര സഭയിൽ പ്രതിഭാ വിലാസത്തോടെ അദ്ദേഹം നൽകിയ പിന്തുണ നന്ദി പൂർവം സ്മരിക്കുകയുണ്ടായി. അദ്ദേഹം അന്തരിച്ചപ്പോൾ ജോർദാൻ രാജാവ് ഹുസൈൻ ബിൻ തലാൽ യുഗപ്രഭാവനായ ആ നിയമ പണ്ഡിതന് അത്യുന്നതമായ ആദരാഞ്ജലികളാണ് അർപ്പിച്ചത്. അദ്ദേഹം പഞ്ഞു:

*'തീർച്ചയായും അദ്ദേഹം അറബ് പ്രശ്നത്തിൽ പൊരുതി ജയിച്ച ജേതാവാണ്. മുസ്‌ലിംകളായി കൊള്ളട്ടെ ചേരിചേരാ രാഷ്ട്രങ്ങളാകട്ടെ അന്തർദേശീയ കോടതിയാവട്ടെ അദ്ദേഹത്തിന്റെ അക്ഷീണ യത്നങ്ങൾ നമ്മുടെ വിശ്വാസത്തിനും സംസ്കാരത്തിനും വേണ്ടി സമർപ്പിക്കപ്പെട്ട ഒരു ഉന്നത വ്യക്തി എന്ന നിലയിൽ അദ്ദേഹത്തിന്റെ സ്മരണ ഉജ്ജ്വല ശോഭയോടെ*

*എക്കാലവും നിലകൊള്ളുന്നതായിരിക്കും.'*

സഫറുല്ലാഹ് ഖാന്റെ മഹദ്ചരമത്തെ അധികരിച്ച് ഇറാഖ് വിദേശ കാര്യ മന്ത്രിയായിരുന്ന ഫസൽ അൽ ജമാലി പറഞ്ഞത്:

**'***പലസ്തീനികളുടെ പ്രശ്നത്തിന് വേണ്ടി ഏതൊരറബിക്കും അയാൾ എത്ര വലിയ കഴിവുള്ളയാളാകട്ടെ പ്രതിഭയുള്ളയാളുമാവട്ടെ ഈ അതുല്യനും മഹാനുമായ വ്യക്തി നൽകിയത് പോലെയുള്ള സേവനം നൽകാൻ സാധ്യമല്ല. ഐക്യരാഷ്ട്ര സഭയിൽ സംവാദങ്ങൾക്ക് ശേഷമുള്ള ഫലം എന്തായിക്കൊള്ളട്ടെ അത് മറ്റൊരു വിഷയമാണ്. നാം അറിഞ്ഞിരിക്കേണ്ടത് ഈ സംവാദത്തിൽ പലസ്തീനികളെ പ്രതിരോധിക്കുന്നതിൽ സർ സഫറുല്ലാഹ് ഖാൻ നിർവഹിച്ച സേവനം അത്യുന്നത സ്ഥാനത്താണ് നിൽക്കുന്നത്. മഹാനായ ഈ മുസ്‌ലിം പോരാളിയെ അറബികളും ഇസ്‌ലാമത വിശ്വാസികളും ഒരിക്കലും മറക്കാൻ പാടില്ല. പലസ്തീന് ശേഷം ഈ മഹാത്മാവ് ലിബിയയുടെ സ്വാതന്ത്ര്യത്തിന് നൽകിയ സേവനവും ആദരമർഹിക്കുന്നതാണ്. ഐക്യരാഷ്ട്ര സഭയിൽ അറബികളുടെ അവകാശങ്ങൾക്ക് വേണ്ടി ഈ മനുഷ്യൻ ചെയ്ത സേവനങ്ങൾ ഞങ്ങൾ ഇരുവർക്കു മിടയിൽ ഈടുറ്റതും ദീർഘനാൾ നിലനിൽക്കുന്നതുമായ സൗഹൃദത്തിന്റെ അടിസ്ഥാനമാണ് ഉണ്ടാക്കിയിരിക്കുന്നത്.***'** സർ സഫറുല്ലാഹ് നിരവധി ഇസ്‌ലാമിക വിഷയങ്ങളെപ്പറ്റി പുസ്തകങ്ങളും പ്രബന്ധങ്ങളും രചിച്ചിട്ടുണ്ട്. അതിലേറ്റവും ബൃഹത്തായ ഗ്രന്ഥം Islam - Its Meaning to Modern Man(1962)എന്നതാണ്. 2004 ൽ അമേരിക്കയിലെ കൊളംബിയാ യൂണിവേഴ്സിറ്റി സർ സഫറുല്ലാഹ് ഖാനുമായി പണ്ഡിതന്മാരായ രണ്ട് അമേരിക്കൻ പ്രഫസർമാർ നടത്തിയ അഭിമുഖങ്ങൾ The Reminiscenses of Sir Zafarullah Khan എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ ഈ ഉപഭൂഖണ്ഡത്തിലെ ഏറ്റവും മഹാനായ നിയമജ്ഞനും രാഷ്ട്രതന്ത്ര വിജ്ഞാനിയുമായ ഒരാളുടെ ജീവിത സായാഹ്നത്തിലെ ചിന്തകൾ പ്രതിഫലിക്കുന്നുണ്ട്.

സർ സഫറുല്ലാഹ്ഖാന്റെ കുടുംബം അഹ്മദിയ്യാ മതവിഭാഗത്തിൽ പ്പെട്ടവരാണ്. അവരെ മുഖ്യധാരാ മുസ്‌ലിംകൾ മതവിരുദ്ധരായിട്ടാണ് കാണുന്നത്. അഹ്മദികൾ അവരുടെ പ്രസ്ഥാന സ്ഥാപകരായ മിർസാ ഗുലാം അഹ്മദ് ഖാദിയാനിയെ ഒരു ഉപ പ്രവാചകനായിട്ടാണ് ഗണിക്കുന്നത്. ഇത് ഹദ്റത്ത് മുഹമ്മദ് നബി ഖാത്തമുന്നബിയ്യീൻ (പ്രവാചകന്മാരുടെ മുദ്ര) ആണ് എന്ന മുസ്‌ലിംകളുടെ അടിസ്ഥാന വിശ്വാസമാണ്. അതായത് ആദം നബി തൊട്ട് ആരംഭിക്കുകയും നോഹ, അബ്രഹാം, മോസസ്, ക്രിസ്തു മുതലായ പ്രവാചക പരമ്പരകളി ലൂടെ കടന്നുവരികയും ചെയ്ത പ്രവാചകത്വം മുഹമ്മദ് നബി(സ)യിൽ അവസാനിച്ചു എന്നാണ് മുസ്‌ലിംകൾ വിശ്വസിക്കുന്നത്. ഖാദിയാ നികൾ അവരുടെ നേതാവിനെ ഈ പരമ്പരയിൽ ചേർക്കുന്നില്ലെങ്കിലും മുസ്‌ലിം സമുദായത്തിന് ദൈവിക മാർഗദർശനം നൽകാൻ വെളിപാടുകൾ കൊണ്ടനുഗൃഹീതനായ ഒരാളായികരുതുന്നു.

ഈ ഒരു പശ്ചാത്തലത്തിൽ അവരെ മുസ്‌ലിം സമുദായത്തിൽ നിന്നും പുറന്തള്ളാനുള്ള മുഖ്യധാരാ മുസ്‌ലിംകളുടെ നിലപാട് പല സന്ദർഭങ്ങളിലും കോടതികളിൽ ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ട്. 1923 ൽ മദ്രാസ് ഹൈക്കോടതിയിൽ ഇന്ത്യയിലെ ഏറ്റവും സമുന്നതനായ നിയമജ്ഞൻ സർ സഫറുല്ലാഹ് ഖാൻ അദ്ദേഹത്തിന്റെ പ്രസ്ഥാനത്തിന്റെ കേസ് വാദിക്കുകയും തനിക്ക് അനുകൂലമായി വിധി സമ്പാദിക്കുകയും ചെയ്തു. ഈ വിധി Naratakat Vs Parakkal, AIR, Mad 171 എന്ന പേരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സ്വാതന്ത്ര്യാനന്തരം ഈ പ്രശ്നം വീണ്ടും കേരള ഹൈക്കോടതിക്ക് മുമ്പാകെ വരുകയുണ്ടായി. ജസ്റ്റീസ് വി ആർ കൃഷ്ണയ്യർ, സർ സഫറുല്ലാഹ് ഖാന്റെ മദ്രാസ് ഹൈക്കോടതിയിലെ വാദങ്ങൾ ഉദ്ധരിച്ചുകൊണ്ടാണ് അഹ്മദികളും വിശാലമായ മുസ്‌ലിം സമുദായത്തിന്റെ ഭാഗം തന്നെയാണ് എന്ന് വിധിച്ചത്.(Shihabuddin Thangal Case 1971) സഫറുല്ലാഹ് ഖാനെ പോലെ ഒരാൾക്ക് അന്തർ ദേശീയ വേദികളിൽ ഇസ്‌ലാമിക് റിപ്പബ്ലിക്ക് ഓഫ് പാകിസ്താൻ എന്ന രാജ്യത്തെ പ്രതിനിധീകരിക്കാമെങ്കിൽ എങ്ങനെ ഈ സമുദായത്തെ അമുസ്‌ലിംകളായി പ്രഖ്യാപി ക്കാൻ സാധിക്കും എന്ന് ആ വിധിയിൽ ജസ്റ്റീസ് കൃഷ്ണയ്യർ അത്ഭുതം കൂറുന്നുണ്ട്. പാകിസ്താൻ തന്റെ അതിർത്തികളിൽ നിന്ന് ഖാദിയാനി മുസ്‌ലിം ആയിപ്പോയി എന്ന കുറ്റത്തിന്റെ പേരിൽ സർ സഫറു ല്ലാഹ്ഖാനെ അതിന് ശേഷം പുറത്താക്കിയ വിവരം പണ്ഡിതനായ ജസ്റ്റീസ് കൃഷ്ണയ്യർ അറിഞ്ഞിട്ടുണ്ടായിരിക്കില്ല.

എന്റെ ഈ തൊഴിൽ ജീവിതം ആരംഭിച്ച നാൾ മുതൽ ഞാൻ സ്കൂൾ വിദ്യാർഥിയായ കാലം തൊട്ട് കേൾക്കുകയും വായിക്കുകയും ചെയ്ത അത്യുന്നത നിയമ പ്രതിഭയായ സർ സഫറുല്ലാഹ് ഖാനുമായുള്ള കൂടികാഴ്ച്ച ഈ കൊച്ചു ലോകത്ത് എവിടെ വെച്ചായാലും എപ്പോഴെങ്കിലും സംഭവിക്കുമെന്ന് ഞാൻ സ്വപ്നം കണ്ടിരുന്നു. എന്റെ ആഗ്രഹം 1971 ൽ സഫലമായി. ഞാൻ ലണ്ടനിൽ സ്കൂൾ ഓഫ് ഓറിയന്റൽ ആന്റ് ആഫ്രിക്കൻ സ്റ്റഡീസിൽ ( SOAS) പഠിക്കുമ്പോൾ ഹേഗിലെ ഇന്റർനാഷണൽ കോർട്ട് ഓഫ് ജസ്റ്റീസിന്റെ പ്രസിഡന്റായ സർ സഫറുല്ലാഹ് ഖാനെ SOAS ആദരിക്കുകയുണ്ടായി. ഉപഭൂഖണ്ഡത്തിന്റെ മഹാനായ പുത്രനുമായി അൽപ സമയം പങ്കിട്ടത് എന്റെ ജീവിതത്തിലെ അവിസ്മരണീയമായ അനുഭവ മായിരുന്നു. ഈ അവസരത്തിൽ അദ്ദേഹത്തോടൊപ്പം ഞാനെടുത്ത ഫോട്ടോ ഒരു അമൂല്യ നിധിപോലെ ഞാൻ സൂക്ഷിക്കുന്നു.
(*വിവ: എ.എം*)

രണ്ടാം ഭാഗം

# വാഗ്ദത്ത മസീഹിന്റെ വാഗ്ദത്ത ഖലീഫമാർ

വാഗ്ദത്ത മസീഹിന്റെ ഖലീഫമാരുടെ ജീവിതം പൂർവികരുടെ ആത്മീയാനുഭവങ്ങളുടേയും പ്രവചനങ്ങളുടേയും അടിസ്ഥാനത്തിൽ വിശദീകരിക്കുന്നു

ശറഫുദ്ദീൻ ഇർഫാനി അഗത്തി


**ഖലീഫ നാലാമൻ ഹദ്റത്ത് മിർസ ത്വാഹിർ അഹ്മദ് (റഹ്) (1982 – 2003)**

ഹദ്റത്ത് അഹ്മദ് (അ) പറഞ്ഞു: എന്റെ സന്താനങ്ങളിൽ നിന്നുമുള്ള ഒരു മസീഹിനെക്കൂടി നിങ്ങൾ ഓർമയിൽ വെക്കണം. അദ്ദേഹത്തിന് ഇബ്നുമറിയം(മറിയമിന്റെ മകൻ) എന്ന് നാമകരണമുണ്ടാകും. (ഇസാലയെ ഔഹാം/റൂഹാനി ഖസായിൻ:318/3)

ലണ്ടനിൽ ഒരു മിമ്പറിൽ നിന്നുകൊണ്ട് ഞാൻ ഇംഗ്ലീഷ് ഭാഷയിൽ ഇസ്ലാമിന്റെ സത്യതയെ സുവ്യക്തമായ രീതിയിൽ വിവരിക്കു ന്നതായി കാണുകയുണ്ടായി. (ഇസാലയെ ഔഹാം/ റൂഹാനി ഖസായിൻ: 377/3)

ഒരിക്കൽ എനിക്കൊരു ദർശനമുണ്ടായി. ഒരു വ്യക്തി എന്റെ പേര് എഴുതിക്കൊണ്ടിരിക്കുകയാണ്. എന്നാൽ പാതി അറബിയിലും പാതി ഇംഗ്ലീഷിലുമാണ് എഴുതുന്നത്. പ്രവാചകന്മാർക്ക് ഹിജ്റയും സംഭവിക്കാറുണ്ടല്ലോ. എന്നാൽ ചില പ്രവാചക ദർശനങ്ങൾ തന്റെ കാലത്തും മറ്റുചിലത് തന്റെ ഏതെങ്കിലും സന്താനങ്ങളിലോ അനുയായികളിലോ ആണ് പുലരാറുള്ളത്. (അൽ ഹക്കം: 10/09/1905)

1892 സെപ്തംബർ 7 ന് ഹദ്റത്ത് അഹ്മദ് (അ)ന് ഒരു സ്വപ്നദർശനമുണ്ടായി. പറയുന്നു: ഞാൻ ഹദ്റത്ത് അലി(റ) ആയി മാറിയിരിക്കുന്നു. ഒരു പറ്റം ഖവാരിജുകൾ എന്റെ ഖിലാഫത്തിനായി തർക്കിക്കുകയും എനിക്ക് തടസ്സം നിൽക്കുകയും ചെയ്തുകൊണ്ട് കുഴപ്പമുണ്ടാക്കുന്നു. അപ്പോൾ നബി(സ) എന്റെ സമീപത്ത് വന്ന് വളരെ സ്നേഹത്തോടെ പറയുന്നു: ഓ അലി, അവരെയും അവരുടെ സഹായികളേയും അവരുടെ പാട്ടിനു വിട്ടേക്ക്. ഇതിൽ നിന്ന് ക്ഷമ കൈക്കൊള്ളാനാണ് നബി(സ) നിർദേശിക്കുന്നതെന്ന് എനിക്ക് മനസ്സിലായി. പിന്നീട് ഞാൻ ഇൽഹാമീ അവസ്ഥയിലേക്ക് മാറുകയും അല്ലാഹു എനിക്ക് പ്രത്യക്ഷനാവുകയും ചെയ്തു. അപ്പോൾ ഒരു എതിരാളി എന്നെ ചൂണ്ടിയിട്ട് പറയുന്നു: എന്നെ വിടൂ ഞാൻ മൂസായെ കൊല്ലട്ടെ! രാത്രി മൂന്ന് മണിക്ക് 20 മിനുട്ട് ബാക്കിയുള്ളപ്പോഴാണ് ഞാനീ സ്വപ്നം കാണുന്നത്. (ആയിനയെ കമാലാത്തെ ഇസ്ലാം/റൂഹാനെഖ സായിൻ ഹാശിയ: 218/5)


ഹദ്റത്ത് മിർസ ത്വാഹിർ അഹ്മദ് (റഹ്)

1903 ജനുവരി 19 ന് ഒരു ദർശനമുണ്ടായി. ഫിർഔൻ ഒരു വൻ സൈന്യത്തോടു കൂടി അദ്ദേഹത്തിനെതിരെ വരുന്നു. എന്നാൽ അദ്ദേഹം പറയുന്നു എന്റെ നാഥൻ എന്റെ കൂടെയാണ്.

വാഗ്ദത്ത മസീഹിന്റെ വാഗ്ദത്ത പുത്രനും രണ്ടാം ഖലീഫയുമായ മഹ്മൂദ് അഹ്മദ്(റ) ഒരിക്കൽ തന്റെ സഹധർമിണിയോട് പറയുകയുണ്ടായി: ത്വാഹിർ ഒരു കാലത്ത് ഖലീഫയാക്കപ്പെടും എന്ന് അല്ലാഹു ഇൽഹാമിലൂടെ എന്നോട് പറഞ്ഞിട്ടുണ്ട്. (ഏക് മർദ് ഖുദാ: 208)

ഹദ്റത്ത് മുസ്ലിഹ് മൗഊദ് പറയുന്നു: ഞാൻ ഒരിക്കൽ ബൈത്തുദ്ദുആയിൽ തശഹ്ഹുദിന്റെ അവസ്ഥയിൽ ഇരുന്നുകൊണ്ട് ഇങ്ങനെപ്രാർഥിക്കുകയായിരുന്നു. ഇലാഹീ, എന്റെ വിജയം ഹദ്റത്ത് ഇബ്റാഹീം(അ) ന്റെ വിജയം പോലെയാക്കണേ!. ഞാൻ ഇങ്ങനെ പ്രാർഥിച്ചുകൊണ്ടിരിക്കെ വാതിൽ തുറക്കുകയും മീർ മുഹമ്മദ് ഇസ്മാഈൽ സാഹിബ് അവിടെ നിന്നുകൊണ്ട് പ്രകാശം പൊഴിക്കുന്നതായും കണ്ടു. ഇതിന്റെ അർഥവും അല്ലാഹു എന്നെ കേൾപ്പിച്ചു. അതായത്, ഇബ്റാഹീം നബി(അ) യുടെ വിയോഗശേഷം അല്ലാഹു ഹദ്റത്ത് ഇസ്ഹാഖ്(അ) നേയും ഹദ്റത്ത് ഇസ്മാഈൽ(അ) നെയും എഴുന്നേൽപ്പിക്കുകയു ണ്ടായി. ഇത് നിങ്ങൾക്ക് സന്തോഷമു ണ്ടാകുന്ന നിലക്കുള്ള ഒരു സുവിശേഷമാണ്. (ഇർഫാനെഇലാഹി/അൻവാറുൽ ഉലൂം: 288/4)

മേൽപറഞ്ഞ ദർശനങ്ങളിൽ നിന്നും വ്യക്തമാകുന്ന പ്രവചനങ്ങൾ ഇവയാണ്.

(1) നാമം ത്വാഹിർ അഹ്മദായിരിക്കും: അദ്ദേഹത്തിന്റെ നാമം

ത്വാഹിർ അഹ്മദ് എന്നായിരുന്നു.

(2) രണ്ടാം ഖലീഫയുടെ മകനായിരിക്കും:ത്വാഹിർ അഹ്മദ് സാഹിബ് രണ്ടാം ഖലീഫയുടെ മകനായിരുന്നു.

(3) ഇബ്നു മറിയം(മറിയമിന്റെ മകൻ) എന്ന വിശേഷണമുണ്ടാകും: അദ്ദേഹത്തിന്റെ ഉമ്മയുടെ പേര് മറിയം എന്നായിരുന്നു. മാത്രമല്ല, ഇബ്നു മറിയം ആകാശത്തു നിന്നും ഇറങ്ങും എന്ന പ്രവചനപ്പുലർച്ച എം.ടി.എ (മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യ)യുടെ വരവോടെ അദ്ദേഹത്തിന്റെ കാലത്താണ് പുലർന്നത്. മിർസ ത്വാഹിർ അഹ്മദ് എന്നതിന്റെയും ചുരുക്കം എം.ടി.എ തന്നെയാണ്!)

(4) ഹദ്റത്ത് അലിയെ പോലെയായിരിക്കും: അലി(റ)നെപോലെ ഇദ്ദേഹവും വിജ്ഞാനത്തിൽ നിപുണനും നാലാമത്തെ ഖലീഫയുമായിരുന്നു. നാലാം ഖലീഫ ഹദ്റത്ത് അലി (റ) വിന്റെ ഖിലാഫത്തിനെതിരെ അനുയായികളിൽ നിന്നുതന്നെ ഒരു വിഭാഗം രംഗത്തുവരികയും ഖവാരിജുകൾ എന്ന പേരിൽ പുതിയൊരു വിഭാഗമായി പിരിയുകയും ചെയ്തതു പോലെ മിർസാ ത്വാഹിർ അഹ്മദ്(റഹ്) യുടെ ഖിലാഫത്തിനെതിരെയും ജമാഅത്തിൽ നിന്നു തന്നെ ഒരു വിഭാഗം രംഗത്തുവരുകയും ഗ്രീൻ അഹ്മദി എന്ന പേരിൽ പുതിയൊരു വിഭാഗമായി പിരിയുകയും ചെയ്തു.

(5) മൂസാനബിയുടേയും ഫിർഔനിന്റേയും ചരിത്രം തന്റെ കാലത്ത് അനുസ്മരിക്കപ്പെടും: മൂസാ നബി(അ) ന്റെ കാലത്ത് അദ്ദേഹത്തിനെതിരെ അന്നത്തെ ഭരണാധികാരിയായിരുന്ന ഒരു ഫിർഔൻ അദ്ദേഹത്തിന്റെ സത്യപ്രബോധനം മുടക്കാൻ വേണ്ടി അദ്ദേഹത്തിനെതിരെ കൊലക്കുറ്റം ആരോപിക്കുകയും മൂസായെ എനിക്ക് പിടിച്ചുതരൂ ഞാൻ അവനെ കൊല്ലട്ടെ എന്ന് പ്രഖ്യാപിക്കുകയും ചെയ്തതു പോലെ മിർസാ ത്വാഹിർ അഹ്മദ്(റഹ്)യുടെ കാലത്ത് അദ്ദേഹത്തിനെതിരെ അന്നത്തെ ഭരണാധികാരിയായിരുന്ന സിയാഉൽ ഹഖ് എന്ന ഒരു ഫിർഔൻ അദ്ദേഹത്തിന്റെ സത്യപ്രബോധനം മുടക്കാൻ വേണ്ടി അദ്ദേഹത്തി നെതിരെ കൊലക്കുറ്റം ആരോപിക്കുകയും ത്വാഹിറിനെ അറസ്റ്റ് ചെയ്യൂ ഞാൻ അവനെ കൊല്ലട്ടെ എന്ന് പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ മൂസാ നബിയെ അല്ലാഹു സമുദ്രത്തിലൂടെ രക്ഷപ്പെടു ത്തുകയും എതിരാളിയെ സമുദ്രത്തിൽ നശിപ്പിക്കുകയും ചെയ്തതു പോലെ, എന്റെ നാഥൻ എന്റെ കൂടെയാണ് എന്ന് പ്രഖ്യാപിച്ച ത്വാഹിർ അഹ്മദ്(റഹ്) യെ അല്ലാഹു തന്റെ സഹായത്താൽ ആകാശമാർഗം രക്ഷപ്പെടുത്തുകയും എതിരാളിയെ ആകാശത്തിൽ വച്ച് തന്നെ നശിപ്പിക്കുകയും ചെയ്തു.

(6) ഹിജ്റ നടത്തും: ഇസ്‌ലാമിക പ്രബോധനത്തിന്റെ സാധ്യതക്കു വേണ്ടി സ്വദേശമായ പാകിസ്താനിൽ നിന്ന് സർവമത പ്രബോധനസ്വാതന്ത്ര്യമുള്ള ലണ്ടനിലേക്ക് അദ്ദേഹം 1984 ഏപ്രിൽ 29ന് ഹിജ്റ നടത്തി.


(7) ലണ്ടനിലെ മിമ്പറിൽ ഇംഗ്ലീഷ് ഭാഷയിൽ പ്രസംഗിക്കും: ലണ്ടനിൽ സ്ഥാപിക്കപ്പെട്ട അഹ്മദിയ്യാ മസ്ജിദിലെ മിമ്പറിൽ ആദ്യമായി ഇസ്‌ലാമിക സത്യപ്രബോധനം നടത്തിയത് ഇദ്ദേഹമായിരുന്നു.

(8) അറബിയും ഇംഗ്ലീഷും ഏകോപിപ്പിച്ചുകൊണ്ട് ഇമാം മഹ്ദിയുടെ ആദർശം പ്രചരിപ്പിക്കും:

ലിഖാഅ് മഅൽ അറബ് എന്ന പേരിൽ ഇംഗ്ലീഷിലും അറബിയിലുമുള്ള അഭിമുഖത്തിലൂടെ ഇമാം മഹ്ദിയുടെ സന്ദേശം എം.ടി.എ വഴി പ്രചരിപ്പിക്കുകയുണ്ടായി. അതുപോലെ അത്തഖ്വാ എന്ന അറബി മാസികയും റിവ്യു ഓഫ് റിലീജ്യൻസ് എന്ന ഇംഗ്ലീഷ് മാസികയും ലണ്ടനിൽ നിന്നും നിയമപരമായി പ്രസിദ്ധീകരിക്കുകയുണ്ടായി.

**5. ഖലീഫ അഞ്ചാമൻ ഹദ്റത്ത് മിർസ മസ്റൂർ അഹ്മദ് (2003 മുതൽ) ദീർഘായുസ്സ് ലഭിക്കട്ടെ.**

ഇമാം മഹ്ദിയുടെ മകനും മസ്റൂർ അഹ്മദ് സാഹിബിന്റെ പിതാമഹനുമായ ഹദ്റത്ത് ശരീഫ് അഹ്മദ് (റ) വിനെപരാമർശിച്ച് ഹദ്റത്ത് അഹ്മദി (അ) ന് ഇറങ്ങിയ പല ഇൽഹാമുകളും ഹദ്റത്ത് മസ്റൂർ അഹ്മദ് സാഹിബിലാണ് പരിപൂർണമായി പുലർന്നിട്ടുള്ളത്.


ഹദ്റത്ത് മിർസ മസ്റൂർ അഹ്മദ് (അയ്യദഹു...)

അവയിൽ (1) 1907 ജനുവരിയിൽ ലഭിച്ച ഒരു ദർശനത്തിൽ അദ്ദേഹം ശരീഫ് അഹ്മദ് സാഹിബിനെ കാണുന്നു. അദ്ദേഹം തലപ്പാവ് ധരിച്ചിരിക്കുന്നു. രണ്ടാളുകൾ സമീപത്ത് നിൽക്കുന്നു. ഒരാൾ ശരീഫ് അഹ്മദിനെചൂണ്ടിയിട്ട് പറയുന്നു: ആ രാജാവ് വന്നിരിക്കുന്നു. മറ്റെയാൾ പറഞ്ഞു: അദ്ദേഹത്തെ ഇപ്പോൾ ഖാദിയാക്കിയിരിക്കുന്നു. ഹദ്റത്ത് അഹ്മദ് (അ) പറയുന്നു: വിധികർത്താവിനും ഖാദിയെന്ന് പറയാവുന്നതാണ്. എന്നാൽ സത്യത്തെ ശക്തിപ്പെടുത്തുകയും അസത്യത്തെ തിരസ്ക്കരിക്കുകയും ചെയ്യുന്നവനാണ് ഖാദി. (തദ്കിറ:584)

അദ്ദേഹം രാജാവും വിധികർത്താവും സത്യത്തെ ശക്തിപ്പെടുത്തുകയും അസത്യത്തെ തിരസ്ക്കരിക്കുകയും ചെയ്യുന്നവനുമാകും എന്ന് വ്യക്തമാക്കുന്ന ഈ ഇൽഹാം ഒരാളിൽ പരിപൂർണമായും പൂർത്തിയാകുന്നത് അദ്ദേഹം ഇസ്‌ലാമിന്റെ ഒരു ഖലീഫയാകുമ്പോൾ മാത്രമാണ്. ഇത് മസ്റൂർ അഹ്മദ് സാഹിബിൽ പുലരുകയും ചെയ്തു.

(2) ഇപ്പോൾ നീ എന്റെ സ്ഥാനത്ത് ഇരിക്കുക നാം പോവുകയാണ്. (തദ്കിറ:406)

വാഗ്ദത്ത മസീഹിന്റെ സ്ഥാനത്തിരിക്കുക എന്നത് അദ്ദേഹത്തിന്റെ

ഖലീഫയാകുന്നതിലൂടെയാണ് പൂർത്തീകരിക്കപ്പെടുന്നത്. ഇതും ഹദ്റത്ത് മസ്റൂർ അഹ്മദ് സാഹിബിലാണ് പുലർന്നിരിക്കുന്നത്.

(3) അല്ലാഹു അദ്ദേഹത്തെ അപ്രതീക്ഷിതമായ നിലക്ക് അമീറാക്കുന്നതാണ്.(തദ്കിറ: 609)

ശരീഫ് അഹ്മദ് സാഹിബിന്റെ തലമുറയിൽ മസ്റൂർ അഹ്മദ് സാഹിബ് തന്നെ ഖലീഫയാകുമെന്ന് ഖലീഫയാകുന്നതിനു മുമ്പ് അദ്ദേഹത്തിൽ പ്രത്യക്ഷമായിരുന്ന കഴിവുകൾ വച്ചുകൊണ്ട് ആരും പ്രതീക്ഷിച്ചിരുന്നില്ല. എടുത്ത് പറയാൻ പറ്റുന്ന ഒരു പ്രസംഗം പോലും അദ്ദേഹം മുമ്പ് നടത്തിയിരുന്നില്ല. എന്നാൽ ഖലീഫയായതോടെ അല്ലാഹു അദ്ദേഹത്തെ മറ്റൊരു വ്യക്തിത്വമായി മാറ്റിയെടുക്കുകയുണ്ടായി.

(4) ഓ മസ്റൂർ ഞാൻ നിന്നോടൊപ്പമാകുന്നു. (തദ്കിറ: 630)

പ്രസ്തുത ഇൽഹാമിലൂടെ അദ്ദേഹത്തിന്റെ നാമം മസ്റൂറായിരിക്കും എന്ന് കൂടി വ്യക്തമാകുന്നു.

(5) വാഗ്ദത്ത മസീഹിന്റെ വാഗ്ദത്തം ചെയ്യപ്പെട്ട നാലാം ഖലീഫ മിർസാ ത്വാഹിർ അഹ്മദ് സാഹിബ് ശരീഫ് അഹ്മദ് സാഹിബിന്റെ മകനായ മിർസാ മൻസൂർ അഹ്മദ് സാഹിബിന്റെ വഫാത്തിനോട് ബന്ധപ്പെട്ട് നടത്തിയ ഒരു ഖുത്ബയിൽ ഇപ്രകാരം പറഞ്ഞു: ഇപ്പോൾ ഞാൻ അദ്ദേഹത്തിന്റെ(മൻസൂർ അഹ്മദ്) സ്ഥാനത്ത് അദ്ദേഹത്തിന്റെ പുത്രൻ മിർസാ മസ്റൂർ അഹ്മദ് സാഹിബിനെ നാസിർ അഅ്ലായും അമീർ മഖാമിയുമായി നിയമിച്ചത് പ്രസ്തുത ഇൽഹാമിന്റെ പശ്ചാത്തല ത്തിൽ നീ എന്റെ സ്ഥാനത്ത് ഇരിക്ക് എന്ന് അദ്ദേഹം പറയുന്നതായി എനിക്ക് തോന്നിയതിനാലും കൂടി യാണ്. ശേഷം മിർസാ മസ്റൂർ അഹ്മദ് സാഹിബിനു വേണ്ടിയും ഞാൻ പ്രാർഥിക്കുന്നു. അല്ലാഹു അദ്ദേഹത്തെയും ശരിയായ പ്രതിനിധി (ഖലീഫ)യാക്കട്ടെ! നീ എന്റെ സ്ഥാനത്ത് ഇരുന്നോളൂ എന്ന ഇൽഹാമിന്റെ ആശയം അദ്ദേഹത്തിൽ പൂർത്തീകരിക്കട്ടെ! അല്ലാഹു എപ്പോഴും അവന്റെ സുരക്ഷ അദ്ദേഹത്തിന് നൽകുകയും അദ്ദേഹത്തെ സഹായിക്കുകയും ചെയ്യുമാറാകട്ടെ!. (ജുമുഅ ഖുത്ബ: 12-12-1997)

നാലാം ഖലീഫയുടെ മേൽപ്രഭാഷണവും അദ്ദേഹത്തിന്റെ പ്രാർഥനയും അദ്ദേഹം ഉദ്ദേശിച്ചതിനേക്കാൾ പരിപൂർണമായി അല്ലാഹു പൂർത്തീകരിച്ചു കാണിച്ചു തരുകയായിരുന്നു ഹദ്റത്ത് മിർസ മസ്റൂർ അഹ്മദ് സാഹിബിന്റെ ഖലീഫസ്ഥാനാരോഹണത്തോടെ.

അതേപോലെ ഇമാം മഹ്ദിയുടെ ഖലീഫമാരെ സംബന്ധിച്ച് മൊത്തത്തിൽ വന്ന ചില പരാമർശങ്ങളും മുൻ കാല പ്രവചനങ്ങളിൽ കാണാം. പന്ത്രണ്ട് ഖലീഫമാരുണ്ടാകും (ബുഖാരി: 6796) എന്ന ഹദീസിന്റെ വ്യാഖ്യാനത്തിൽ ഫത്ഹുൽ ബാരിയിൽ പറയുന്നു; രണ്ടാമത്തെ അഭിപ്രായം: അബുൽഹുസൈൻ ബിൻ മുനാദീ മഹ്ദിയെക്കുറിച്ചുള്ള തന്റെ രചനയിൽ പറയുന്നു; ദാനിയാലിന്റെ കിതാബിൽ ഞാൻ കണ്ടിട്ടുണ്ട്, മഹ്ദിയുടെ ശേഷം വരുന്ന അഞ്ച് ഖലീഫമാർ അദ്ദേഹത്തിന്റെ മൂത്തപുത്രന്റെ സന്തതികളിൽ നിന്നായിരിക്കും. പിന്നീട് വരുന്ന അഞ്ച് ഇളയപുത്രന്റെ സന്തതികളിൽ നിന്നായിരിക്കും. അവരിൽ അവസാനത്തെയാൾ മൂത്തപുത്രന്റെ സന്തതികളിൽ നിന്നുള്ള ഒരാൾക്ക് തന്നെ ഖിലാഫത്ത് നിർദേശിക്കും. അതിനു ശേഷം തന്റെ മകൻ അധികാരത്തിലേറും. ഇങ്ങനെ പന്ത്രണ്ട് പൂർത്തിയാകും. ഇവരോരോരുത്തരും ഇമാം മഹ്ദി (അല്ലാഹുവിൽ നിന്ന് മാർഗ ദർശനം ലഭിക്കുന്നവർ) ആയിരിക്കും. (ഫത്ഹുൽബാരി)

ഹദ്റത്ത് അഹ്മദ്(അ)നു ശേഷം ഇതുവരെ വന്ന അഞ്ച് ഖലീഫമാരിൽ ഖുറൈശി വംശജ നായ ഒന്നാം ഖലീഫയെ മാറ്റിനിർത്തിയാൽ, വഗ്ദത്ത മസീഹിന്റെ മൂത്ത പുത്രനും രണ്ടാം ഖലീഫ യുമായിരുന്ന ഹദ്റത്ത് മഹ്മൂദ് അഹ്മദ് (റ)വിന്റെ സന്താനങ്ങളിൽ നിന്നായിരുന്നു ശേഷം ഇതുവരെ വന്ന മൂന്ന് ഖലീഫമാരും. മൂന്നാം ഖലീഫ ഹദ്റത്ത് നാസ്വിർ അഹ്മദ് സാഹിബും നാലാം ഖലീഫ ഹദ്റത്ത് ത്വാഹിർ അഹ്മദ് സാഹിബും അദ്ദേഹത്തിന്റെ സ്വന്തം മക്കളും. നിലവിലുള്ള അഞ്ചാം ഖലീഫ ഹദ്റത്ത് മസ്റൂർ അഹ്മദ് ഉമ്മ വഴിക്ക് അദ്ദേഹത്തിന്റെ പൗത്രനും പിതാവ് വഴിക്ക് വാഗ്ദത്ത മസീഹിന്റെ ഇളയപുത്രന്റെ പൗത്രനുമാണ്. ഇവരോരുത്തരും പ്രത്യേകമായി അല്ലാഹുവിൽ നിന്ന് സന്മാർഗസിദ്ധി ലഭിച്ചവർ (മഹ്ദിമാർ) തന്നെയായിരിക്കുമെന്ന് മേൽ പ്രവചനത്തിന്റെ അവസാനഭാഗത്ത് വ്യക്തമാക്കുന്നു.

ഈ നിലക്ക് അഹ്മദിയ്യാ ഖിലാഫത്ത് അതിശക്തമായി തന്നെ മുന്നോട്ട് പോകുമെന്ന് മുൻകാല പ്രവചനങ്ങൾ വിലയിരുത്തുമ്പോൾ നമുക്ക് വ്യക്തമാകുന്നതാണ്.

തുടക്കത്തിൽ ഉദ്ധരിച്ച മുസ്നദ് അഹ്മദിലെ ഹദീസിന്റെ അവസാന ഭാഗത്ത് നുബുവ്വത്തിന്റെ പാതയിലുള്ള ഖിലാഫത്ത് സ്ഥാപിതമാകും എന്ന്പറഞ്ഞതിനു ശേഷം നബി(സ) മൗനിയായി എന്ന് പറഞ്ഞതിൽ നിന്നും ശേഷം ഈ ഖിലാഫത്ത് ഉയർത്തപ്പെടുകയില്ല എന്ന് തന്നെയാണ് വ്യക്തമാകുന്നത്.

വാഗ്ദത്ത മസീഹ്(അ) തന്നെ പറയുന്നു; നിങ്ങളും രണ്ടാമത്തെ ദിവ്യതേജസ്സിനെ ദർശിക്കൽ അത്യാവശ്യമാകുന്നു. നിങ്ങൾക്ക് ഗുണകരമാണ് അതിന്റെ ആഗമനം!. എന്തുകൊണ്ടെന്നാൽ അത് ശാശ്വതവും അതിന്റെ ശൃംഖല അന്ത്യനാൾ വരെ മുറിഞ്ഞു പോകാത്തതുമാണ്. ഞാൻ പോകാഞ്ഞാൽ ദ്വിതീയ ദിവ്യശക്തി വരികയില്ല. എന്നാൽ ഞാൻ പോയാൽ അല്ലാഹു നിങ്ങൾക്കുവേണ്ടി രണ്ടാം ദിവ്യശക്തിയെ അയക്കും. 'ബറാഹീനെ അഹ്മദിയ്യ'യിൽ പ്രതിപാദിച്ച അല്ലാഹുവിന്റെ വാഗ്ദാന മനുസരിച്ച് അത് എപ്പോഴും നിങ്ങളോടൊപ്പം ഉണ്ടായിരിക്കും. (അൽവസിയ്യത്ത് : 10)

വാഗ്ദത്ത മസീഹിന്റെ വാഗ്ദത്ത പുത്രനും രണ്ടാം ഖലീഫയുമായ മഹ്മൂദ് അഹ്മദ് സാഹിബ്(റ) പറയുന്നു: എന്നാൽ നമ്മുടെ അല്ലാഹുവിന്റെ അടുത്ത് രണ്ടാം ശക്തിപ്രഭാവം മാത്രമല്ല ഉള്ളത്. അവന്റെയടുത്ത് മൂന്നാം ശക്തി പ്രഭാവവുമുണ്ട്. അതുപോലെ അവന്റെയടുത്ത് മൂന്നാം ശക്തി പ്രഭാവം മാത്രമല്ലയുള്ളത്, നാലാം ശക്തിപ്രഭാവവുമുണ്ട്. ഒന്നാം ശക്തിപ്രഭാവത്തിനു ശേഷം രണ്ടാം ശക്തിപ്രഭാവം പ്രത്യക്ഷമായി. ഇനി ഭൂതലമാകെയും ഈ ജമാഅത്തിനെ അല്ലാഹു വ്യാപിപ്പിക്കാത്ത കാല ത്തോളം, രണ്ടാം ശക്തി പ്രഭാവ ത്തിനു ശേഷം മൂന്നാം ശക്തി പ്രഭാവം വരും. മൂന്നാം ശക്തിപ്രഭാ വത്തിനു ശേഷം നാലാം ശക്തിപ്ര ഭാവം വരും. നാലാം ശക്തിപ്ര ഭാവത്തിനു ശേഷം അഞ്ചാം ശക്തി പ്രഭാവം വരും. അഞ്ചാം ശക്തിപ്രഭാ വത്തിനു ശേഷം ആറാം ശക്തിപ്രഭാ വം വരും. ഇപ്രകാരം അല്ലാഹു തന്റെ ശക്തി ലോകത്തിന് കാണിച്ചു കൊണ്ടേയിരിക്കും. ലോകത്തിലെ ഏതൊരു വൻശക്തിക്കും എത്ര ശക്തനായ ചക്രവർത്തിക്കും ഈ പദ്ധതിയു ടേയും ലക്ഷ്യത്തിന്റെയും പാതയിൽ തടസ്സം നിൽക്കാൻ സാധിക്കില്ല. (അൽഫസൽ: 08/09/ 1950)

ഇമാം മഹ്ദിയുടെ വാഗ്ദത്ത ഖലീഫമാരിൽപെട്ട മിർസാ ത്വാഹിർ അഹ്മദ് സാഹിബ്(റഹ്) പറയുന്നു: ഭാവിയിൽ അഹ്മദിയ്യാ ഖിലാഫ ത്തിന് ഒരു കോട്ടവും തട്ടുകയില്ല. അല്ലാഹുവിന്റെ സഹായത്താൽ ജമാഅത്ത് പ്രായപൂർത്തിയുടെ ഘട്ടം എത്തിക്കഴിഞ്ഞിരിക്കുന്നു. ഒരു ശത്രുവിന്റെ പരിശ്രമത്തിനും ഈ ജമാഅത്തിന്റെ രോമം പോലും പിഴുതെടുക്കാൻ സാധിക്കില്ല. അഹ്മദിയ്യാ ഖിലാഫത്ത് ഇൻശാ അല്ലാഹ് ഇതേ പ്രൗഢിയോടെ വളരുകയും ഉയരുകയും ചെയ്തു കൊണ്ടിരിക്കുന്നതാണ്. ഏറ്റവും കുറഞ്ഞത് ആയിരം വർഷം വരെ ഈ ജമാഅത്ത് സജീവമായിരി ക്കുന്നതാണെന്ന് ഹദ്റത്ത് അഹ്മദ് (അ)ന് അല്ലാഹു വാഗ്ദാനം നൽകി യതാണ്. (ജുമുഅ ഖുതുബ:18/06/ 1982/ഖുതുബാത്തെ ത്വാഹിർ:18/1)

1991ലെ ഖാദിയാൻ ജൽസയിൽ നാലാം ഖലീഫ പറഞ്ഞു: ശേഷ മുള്ള ഖലീഫമാരെയും അല്ലാഹു ഇവിടെ(ഖാദിയാനിൽ) കൊണ്ടു വരുന്നതാണ്. എന്റെ വരവോടുകൂടി ശേഷമുള്ള ഖലീ ഫമാരുടെ ഇങ്ങോട്ടുള്ള മാർഗം സ്ഥായിയായി തുറക്കപ്പെടുകയോ ഏതെങ്കിലും ഖലീഫക്ക് ഈ ഭാഗ്യം ലഭിക്കു കയോ ആണ് ചെയ്യുക എന്ന് അല്ലാഹു ശരിക്ക് അറിയുന്നവനാണ്. ഏതായാലും ആഖിരീങ്ങൾക്ക് (അവസാനക്കാർക്ക്) ഇമാമായിട്ടാണ് അല്ലാഹു മസീഹ് മൗഊദിനെ അയ ച്ചിട്ടുള്ളത്. അവൻ തന്റെ വാഗ്ദാനം സത്യപ്പെടുത്തിക്കാണി ക്കുക തന്നെ ചെയ്യും എന്നതിലും, അവസാനം അഹ്മദിയ്യാ ഖിലാഫത്ത് അതിന്റെ ഈ സ്ഥിരം സ്ഥാനത്തേക്ക് മടങ്ങി വരും എന്നതിലും എനിക്ക് പരി പൂർണ ഉറപ്പാണ്. (അൽഫസൽ ഇന്റർനാഷണൽ:30/09/2005)

ഹദ്റത്ത് അഹ്മദ്(അ)ന് അല്ലാ ഹു നൽകിയ ഒരു വാഗ്ദാനം കൂടി രേഖപ്പെടുത്തിക്കൊണ്ട് ഈ ലേഖനം ഇവിടെ അവസാനിപ്പിക്കുകയാണ്.

നിന്റെ ഭവനം അനുഗ്രഹം കൊണ്ട് നിറക്കപ്പെടും. അനുഗൃ ഹീതരായ സ്ത്രീകളിൽ നിന്നും നിനക്ക് അനേകം തലമുറകൾ ഉണ്ടായിരിക്കും. ഞാൻ നിന്റെ സന്താനങ്ങളെ പെരുപ്പിക്കുകയും അനുഗ്രഹിക്കുകയുംചെയ്യും. നിന്റെ സന്താനങ്ങൾ അധികമായി രാജ്യ ങ്ങളിൽ പരക്കും. നിന്റെ സന്താന പരമ്പര അവസാനിച്ചു പോകില്ല. അന്ത്യനാൾ വരെയും അത് പച്ചളി പ്പുള്ളതായിരിക്കും. (മജ്മൂഅഃ ഇശ്തിഹാറാത്ത് : 102/1)

## അന്ധമായ അനുകരണവും യുക്തിബോധവും

തങ്ങളുടെ പൂർവ പിതാക്കളെ അന്ധമായി പിന്തുടരുന്നവരാരോ അവർക്ക് ഹൃദയങ്ങളുണ്ട്, പക്ഷേ അവ അവർ ഉപയോഗിക്കുന്നില്ല. അവർക്ക് കണ്ണുകളുണ്ട്, പക്ഷേ അവർ അത്കൊണ്ട് കാണുന്നില്ല. അവർക്ക് കാതുകളുണ്ട്, പക്ഷേ അവകൊണ്ട് അവർ കേൾക്കുന്നില്ല. അവർ കന്നു കാലികൾക്ക് തുല്യരാണ് അല്ല അവർ അവരെക്കാളും വഴി പിഴച്ചവരാകുന്നു. അവർ തന്നെയാണ് അശ്രദ്ധരായിട്ടുള്ളവർ **(സൂറഃ അഅ്റാഫ് 7:180)**

# ആറ്റം ബോംബ് വീണപ്പോൾ

ലോകത്തിലെ ആണവ ശക്തികൾ അവരുടെ കൈയിലുള്ള ആണവായുധങ്ങൾ പൂർണ തോതിൽ പ്രയോഗിക്കുകയാണെങ്കിൽ ഹോമോസാപിയൻസ് എന്ന് വിളിക്കപ്പെടുന്ന ഭൂമിയിലെ മനുഷ്യ സമൂഹം തന്നെ കുറ്റിയറ്റു പോകുമെന്ന് ശാസ്ത്രജ്ഞന്മാർ പറയുന്നു. 1945 ആഗസ്റ്റ് മാസത്തിൽ ഹിരോഷിമയിലും നാഗസാക്കിയിലും ആറ്റം ബോംബ് വർഷിക്കപ്പെട്ടപ്പോൾ സംഹാരത്തിന്റെ അത്യന്തം ഭീഭത്സവും സ്തോഭജനകവുമായ അഗ്നിപ്രളയത്തിന് സാക്ഷ്യം വഹിച്ച ഹതഭാഗ്യരായ രണ്ടു പേരുടെ സാക്ഷ്യങ്ങളാണ് ഈ ലേഖനം

എ.എം. മുഹമ്മദ് സലിം

**1945** അഗസ്റ്റ് 6-ാം തീയതി 11 മണി കഴിഞ്ഞ് 2 മിനുട്ട്. അതൊരു പഴയ ഘടികാരമായിരുന്നു. മേൽ പറഞ്ഞ തീയതിക്കും സമയത്തും നിലച്ചു പോയ ഒരു ജപ്പാൻ ക്ലോക്ക്. അതിലെന്താണിത്ര കൗതുകം? ബാലസഹജമായ കൗതുകത്തോടെ നിങ്ങൾ ചോദിച്ചേക്കാം.എന്നാൽ അത് മാനവരാശിക്കു മുമ്പിൽ പ്രയോഗിക്കപ്പെട്ട ഒരു മഹാ ദുരന്തത്തിന്റെ ശപ്ത നിമിഷങ്ങളുടെ ഭീകര സ്മാരകമാണ്. ആ നിമിഷം മുതൽ മൂകമായിപ്പോയ ഈ നാഴിക മണി ജപ്പാനിലെ നാഗസാക്കിയിൽ ഇന്നും ചരിത്ര സ്മാരകമായി നിലകൊള്ളുന്നു.

ആറ്റം ബോംബെന്ന ഈ നരക ത്തീ നാഗസാക്കി നഗരത്തിലേക്ക് അമേരിക്കയുടെ മഹാ കലാകാരൻ എന്ന ബോംബർ വിമാനത്തിൽ നിന്നും വലിച്ചെറിഞ്ഞപ്പോൾ ഉണ്ടായ ഭീകരവും സ്തോഭജന കവുമായ രംഗങ്ങൾ നാഗസാക്കി മെഡിക്കൽ കോളേജിലെ എക്സ്റേ വിദഗ്ധനായിരുന്ന ഡോ. തകാശി നഗായി വിവരിക്കുന്നു.

നാഗസാക്കിയിൽ അവശേഷിച്ച 10 ശതമാനം പേരിൽ ഒരാളായിരുന്നു തകാശി. വീണ്ടും ആറു വർഷം ജീവിച്ച് അർബുദം വന്ന് കൈകാലുകൾ ശോഷിച്ച് വയറ് വീർത്ത് മരിക്കുന്നതിന് മുമ്പായി 17 ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചു. അതിൽ The Bell of Nagazaki എന്ന ഗ്രന്ഥത്തിൽ കിടിലം കൊള്ളിക്കുന്ന ആ ഭീകര രംഗം അദ്ദേഹം എഴുതുന്നു:

'അതിഭീകരമായ ഒരു പൊട്ടലും കണ്ണഞ്ചിപ്പിക്കുന്ന പ്രഭയും! നീലയും ചുവന്നതുമായ തീനാളങ്ങൾ ചിതറി പ്പാഞ്ഞു. ഉഗ്രമായ കൊടുങ്കാറ്റ്!! മണിക്കൂറിൽ 600 മൈൽ വേഗമുള്ള ഒരുകൂറ്റൻ കൊടുങ്കാറ്റ്!!. 600 ഡിഗ്രി ചൂടുള്ള ഒരു തീച്ചൂള! അതിന് പതിനായിരം അടി ഉയരം! മൂന്ന് മൈൽ അധികം പടർപ്പ്! ആ അഗ്നി രാക്ഷസൻ വളർന്ന് നാൽപ്പത്ത യ്യായിരം അടിയായി ഉയർന്നു! കോടിക്കണക്കിന് കരങ്ങളും വിടർത്തി അവൻ കുതിച്ചപ്പോൾ 25,000 പേർ അതിൽ ഉടൻ ചാമ്പലായി! 1,00,000 പേർക്ക് പരിക്ക് പറ്റി. അവരിൽ 72,000 പേർ പിന്നീട് മരിച്ചു! ഡോ. തകാശി തുടരുന്നു:

'പൊട്ടിത്തെറി കഴിഞ്ഞ് 20 മിനുട്ട് കഴിഞ്ഞിരുന്നു. ഉറക്കാമിയിലെ നഗര പ്രദേശം മുഴുവൻ കത്തിജ്ജ്വ ലിക്കുകയാണ്. ആശുപത്രിയുടെ നടുത്തളത്തിലും അഗ്നി താണ്ഡ വമാടുകയാണ്. കുന്നിനോട് ചേർന്ന് കിഴക്ക് വശം മാത്രം കേടുപറ്റാതെ നില കൊള്ളുന്നു. പക്ഷേ ഞങ്ങൾക്ക് ഉപകരണങ്ങളില്ല. ആൾ സഹായവുമില്ല. ആളിപ്പടരുന്ന അഗ്നിയെ നിസ്സഹായരായി നോക്കി നിൽക്കാനല്ലാതെ മറ്റൊന്നും ചെയ്യാൻ കഴിവുണ്ടായിരുന്നില്ല. നരക തുല്യമായ അഗ്നി കുണ്ഡ ത്തിൽ നിന്നും രക്ഷപ്പെടാൻ വേച്ചും വീണും മല കയറിവരുന്ന നഗ്ന ശരീരങ്ങളുടെ ദയനീയമായ ഘോഷയാത്ര തുടർന്നു കൊണ്ടേ യിരുന്നു. സ്വന്തം പിതാവിന്റെ മൃതദേഹം വലിച്ചുകൊണ്ട് രണ്ടു കുട്ടികൾ കടന്നു പോയി. തലയറ്റ ഒരു ശിശുവിനെ മാറോട് ചേർത്ത് പിടിച്ച് യുവതിയായ ഒരമ്മ ഓടുകയാണ്. പരസ്പരം കൈ കോർത്തു പിടിച്ചു രണ്ട് വൃദ്ധ ദമ്പതിമാർ കുന്നുകയറിവരുന്നു. കുന്നിൻ മുകളിൽ എത്തിയ മറ്റൊരു സ്ത്രീയുടെ വസ്ത്രങ്ങൾക്ക് തീ പിടിക്കുകയും ആളിക്കത്തുന്ന വൈക്കോൽ പന്തു പോലെ അവർ താഴോട്ട് ഉരുണ്ടു പോവുകയും ചെയ്തു. സ്വബോധം നഷ്ടപ്പെട്ട ഒരു മനുഷ്യൻ കത്തുന്ന വീടിന്റെ മുകളിൽ കയറി നിന്ന് നൃത്തം ചെയ്യുകയാണ്. ഓടിയവരിൽ പലരും ഇടക്ക് നിന്നു തിരിഞ്ഞു നോക്കി. മറ്റുള്ളവർ പിന്നോട്ട് തിരിയാൻ ധൈര്യമില്ലാതെ മുന്നോട്ടു തന്നെ പാഞ്ഞു. കുറേ മുന്നോട്ട് ഓടിയ ഒരു ബാലൻ സഹോദരിയെ വിളിക്കുന്നു. വേഗം വരാൻ. അൽപ്പം നിൽക്കാൻ അവൾ അവനോട് യാചിച്ചു. ഇവരുടെ യെല്ലാം പിന്നിൽ ഒരു അഗ്നി സമുദ്രം ഇരമ്പി. അത് കൂടുതൽ അടുത്ത് വരികയാണ്.'

'നാഗസാക്കിയിൽ ബോംബ് വർഷിക്കുന്നതിന്റെ മൂന്ന് ദിവസം മുമ്പാണ് ഹിരോഷിമയിൽ ആറ്റം



ബോംബ് വർഷിച്ചത്. Hiroshima Diary എന്ന ഗ്രന്ഥത്തിൽ ഡോ. ഹാച്ചിയ രേഖപ്പെടുത്തിയത് നോക്കുക. പട്ടാളക്കാരുടെ സ്ഥിതി ഇതിലും ഭയങ്കരമായിരുന്നു. അരക്കു മുകളിലുള്ള ഭാഗങ്ങൾ പൊള്ളലേറ്റു കരിഞ്ഞ തൊലി ഉരിഞ്ഞു തൂങ്ങിയും എണ്ണമറ്റ പട്ടാളക്കാർ വഴികളിൽ കിടക്കുന്നത് കണ്ടു. അവരുടെ തലമുടി കരിഞ്ഞിരുന്നില്ല. പട്ടാള തൊപ്പി ധരിച്ചത് കൊണ്ടാകാം. അധികം മൃതദേഹങ്ങൾക്കും മുഖം ഉണ്ടായിരുന്നില്ല. കണ്ണും മൂക്കും ചെവിയും ഉരുകിപ്പോയി! കരിഞ്ഞു കരുവാളിച്ച മാംസ പിണ്ഡങ്ങൾ. മുഖം മുഴുവൻ വെന്തു നീറി വികൃതമായി തീർന്ന ഒരു പട്ടാളക്കാരൻ വെളുത്ത പല്ലുകൾ ഇളിച്ചു കാട്ടി റോഡിൽ കിടക്കുന്നു. അയാൾ വെള്ളം ചോദിച്ചു. ഞാനെന്തു ചെയ്യാൻ? അപ്പോൾ വെള്ളം എവിടെ കിട്ടാനാണ്? എനിക്ക് സങ്കടം തോന്നി. കൈകൾ കൂപ്പി അയാൾക്കു വേണ്ടി പ്രാർഥിച്ചു. പിന്നീട് അയാൾ വെള്ളം ചോദിച്ചില്ല. അയാൾ മരിച്ചു കഴിഞ്ഞിരുന്നു. മറ്റൊരിടത്ത് ഡോ. ഹാച്ചിയ രേഖപ്പെടുത്തുന്നു:

'ജല സംഭരണ ടാങ്കുകളിൽ നിറയെ മൃതദേഹങ്ങൾ! പൊള്ളലേറ്റവർ രക്ഷപ്പെടാൻ വേണ്ടി വെള്ളത്തിൽ ചാടി. പക്ഷേ ആ ഹതഭാഗ്യർ ജീവനോടെ വേവിക്കപ്പെട്ടു. അത്യുഗ്രമായ ചൂടിൽ ടാങ്കിലെ വെള്ളം തിളക്കുകയായിരുന്നു. ഒരു റിസർവോയറിൽ മരിച്ചവരുടെ കൂട്ടത്തിൽ ജീവനുള്ള ഒരാൾ കിടന്നനങ്ങുന്നത് കണ്ടു. ചോര കലർന്ന ചുവന്ന വെള്ളം അയാൾ ആർത്തിയോടെ കുടിച്ചിറക്കുന്നു. മറ്റൊരു ടാങ്കിൽ ക്രമാതീതമായി ആളുകൾ തിങ്ങിക്കിടക്കുന്നതു കണ്ടു. അത്രയും പേർക്ക് കിടക്കുവാൻ യഥാർഥത്തിൽ ആ റിസർവോയറിൽ സ്ഥലമില്ല!. അവർ വെള്ളത്തിനടിയിൽ കുത്തിയിരുന്നു ശ്വാസം മുട്ടിയാണ് മരിച്ചത്.!!'

വേറൊരിടത്ത് വിവരിക്കുന്നു: 'മുറിവേറ്റ നിരവധി പേർ നിസ്സഹായരായി നീങ്ങുന്നു. എവിടെ നിന്നു വരുന്നുവെന്നു ചോദിക്കുമ്പോൾ പുറകോട്ടു ചൂണ്ടികാട്ടി, അവിടെ നിന്ന് എന്നു പറയുന്നു. എങ്ങോട്ട്? എന്ന ചോദ്യത്തിന് മുമ്പോട്ട് എന്ന് പറയുന്നു വെള്ളത്തിന് വേണ്ടി കരയുന്നു. എന്നിട്ട് പിടഞ്ഞു മരിക്കുന്നു.!!. മരിച്ചവരുടെ പുറത്തു കൂടി ജീവനുള്ളവർ നടന്നു പോകുന്നു. കുറേക്കഴിഞ്ഞ് അവരും കൂടി മരിച്ചു വീഴുന്നു...... ഡോ. ഹാച്ചിയ തുടരുന്നു: 'ഞാൻ ബോറോയിലെ പൂന്തോട്ടത്തിൽ നിൽക്കുകയായിരുന്നു. കാറ്റിന്റെ ഗതി മാറി. പെട്ടെന്ന് തീജ്വാലകൾ പന്തുകൾ പോലെ പറന്നുയരാൻ തുടങ്ങി. ഞാനാകെ ഭയന്നു പോയി. പിറകു വശത്തെ ഗേറ്റിൽ കൂടി പുറത്തേക്ക് കടന്നു. അവിടെ നിന്നും ഓടി നദിയുടെ തീരം വരെ എത്തി. ഏതാനും പെൺകുട്ടികളും എന്നോടൊപ്പം ഓടുന്നുണ്ടായിരുന്നു. ആളുകളുടെ തിരക്കാണവിടെ. അത്രയും പേരെ ഒന്നിച്ച് ഞാൻ അതു വരെ കണ്ടിട്ടില്ലായിരുന്നു. ജനക്കൂട്ടത്തിന്റെ ഭ്രാന്തമായ ആ ഓട്ടം! ഭീകരമായ ഒരു കാഴ്ച്ച യായിരുന്നു അത്. ഏറ്റവും ദുഃഖം തോന്നിയത് അവിടെ കണ്ട സ്ത്രീകളുടെ കാഴ്ച്ചയായിരുന്നു. പരിപൂർണമായും നഗ്നകളായിരുന്നു അവർ!! മിസോ ഗുച്ചി എന്റെ നേർക്കു നോക്കി പറഞ്ഞു: ഡോക്ടർ ഹാച്ചിയാമ, താങ്കളും നഗ്നനാണ്.!!

ഇതൊക്കെയാണ് ആറ്റം ബോംബ് പതിച്ചപ്പോൾ, പേക്കിനാക്കളെ പോലെ സ്മൃതി പഥത്തിലേക്ക് വരാതിരിക്കാൻ കൊതിക്കുന്ന മനുഷ്യ മഹാദുരന്തങ്ങളുടെ നേർക്കാഴ്ച്ചകൾ. ജീവിച്ചിരിക്കുന്നവർ മരിച്ചവരെയോർത്ത് അസൂയപ്പെട്ട നിമിഷങ്ങൾ!!.. മനുഷ്യൻ എത്ര ദുർഭഗൻ. ഇതെല്ലാം കണ്ടറിഞ്ഞിട്ടും ആറ്റം ബോംബിനേക്കാൾ അയ്യായിരം ഇരട്ടി ശക്തിയുള്ള ഹൈഡ്രജൻ ബോംബ് ഇന്ന് ലോകത്തിലെ 7 രാജ്യങ്ങൾക്ക് സ്വന്തമായുണ്ട്. അവസാനമായി വടക്കൻ കൊറിയയും അത് സ്വന്തമാക്കിയിരിക്കുന്നു.

ഭൂമിയിൽ കാരുണ്യത്തിന്റെ ഹസ്തങ്ങൾ കൊണ്ട് അറ്റമില്ലാത്ത അനുഗ്രഹങ്ങൾ നൽകി ദൈവം വളർത്തിയെടുത്ത ഹോമോ സാപിയൻസ് എന്ന് വിളിക്കുന്ന മനുഷ്യവർഗത്തെ മുച്ചൂടും നാമാവശേഷമാക്കാൻ കഴിയുന്നതാണ് അവന്റെ കയ്യിൽ ഇപ്പോഴുള്ള ഈ മാരകായുധങ്ങൾ!!!

വിശുദ്ധ ഖുർ ആൻ പറയുന്നു:

**'ഖുതിലൽ ഇൻസാനു മാ അഖ്ഫറഹു' മനുഷ്യന് നാശം. അവനെന്തൊരു കൃതഘ്നൻ!! (80:18)**

# സത്യദൂതൻ

ടി. ശറഫുദ്ദീൻ, കണ്ണൂർ

ധർമത്തിന് അപചയം സംഭവിക്കുമ്പോൾ അധഃപതിക്കുന്ന ജനസമൂഹങ്ങളെ സമുദ്ധരിക്കാൻ കാലാകാലങ്ങളിലായി പ്രവാച കാവതാരമുണ്ടാകുന്നു. അങ്ങനെ ദൈവം അയക്കുന്ന മതപുരുഷന്മാരാണ് ദൂതന്മാർ അഥവാ സത്യദൂതന്മാർ എന്നറിയപ്പെടുന്നത്.

അവർ നിയോഗിക്കപ്പെടുന്ന ജനതകളിൽ തങ്ങളിൽ അർപ്പിതമായ ദൗത്യം ആത്മാർഥമായി നിർവഹിക്കപ്പെടുന്നു. അങ്ങനെയുള്ള ദൈവദൂതന്മാരിൽ ഏറ്റവും വിജയശ്രീലാളിതൻ മുഹമ്മദ് മുസ്തഫാ (സ) ആണ്.


ഈ സത്യദൂതന്മാരായ ദിവ്യപ്രവാചകരെക്കുറിച്ചല്ല ഇവിടെ ചർച്ച ചെയ്യുന്നത്. മറിച്ച് അല്ലാഹു നിയോഗിച്ച ഒരു ദൂതന്റെ ആശയങ്ങളും ആദർശങ്ങളും മലയാളക്കരയിൽ കഴിഞ്ഞ ഒമ്പത് പതിറ്റാണ്ടുകളായി പ്രചരിപ്പിച്ചു കൊണ്ട് അർപ്പിച്ച ജോലി കൃത്യമായി ചെയ്തു വരുന്ന സത്യദൂതൻ എന്ന അഹ്മദിയ്യാ ജമാഅത്തിന്റെ മലയാള മുഖപത്രത്തെക്കുറിച്ചും അത് പിന്നിട്ട ചില ഏടുകളെക്കുറിച്ചുമാണ്.

ഇസ്‌ലാമിന്റെ പുനരുജ്ജീവനത്തിനായി അല്ലാഹുവിനാൽ നിയോഗിതനായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) 1889 മാർച്ച് 23 ന് പഞ്ചാബിലെ ഖാദിയാൻ എന്ന പ്രദേശത്ത് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ഇസ്‌ലാമിക ജമാഅത്ത് രൂപീകരിച്ചു. ഈ ജമാഅത്തിന്റെ പിറവിയോടൊപ്പം തന്നെ മുസ്‌ലിം സമൂഹത്തിൽ നിന്നും രൂക്ഷമായ എതിർപ്പു നേരിടുകയുണ്ടായി. പക്ഷേ ഈ എതിർപ്പ് അതിജീവിച്ച് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സന്ദേശം ലോകം മുഴുവൻ പരക്കാൻ തുടങ്ങി എന്നത് അതിന്റെ സത്യത്തിലേക്കുള്ള ഒരു തെളിവായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

ഹദ്റത്ത് അഹ്മദി(അ)ന്റെ ജീവിതകാലത്ത് ആ ദിവ്യശബ്ദം എത്തിച്ചേരുകയും അതിൽ വിശ്വാസം കൊള്ളുകയും ചെയ്ത പ്രദേശമാണ് കേരളം. ഈ സംസ്ഥാനത്തിന്റെ വടക്കേയറ്റമായ കണ്ണൂർ ജില്ലയുടെ അന്നത്തെ ആസ്ഥാനമായ കണ്ണൂർ സിറ്റിയിൽ വാഗ്ദത്ത മസീഹിന്റെ സന്ദേശം 1900 ആണ്ടിൽ തന്നെ അബ്ദുൾ ഖാദിർകുട്ടി എന്ന പ്രഗല്ഭനായ പൗരപ്രധാനിയിലൂടെ ചർച്ച ചെയ്യപ്പെട്ടു. തുടർന്ന് കളത്തിൽ അബ്ദുൾ ഖാദിർ കോയ സാഹിബ്, കെ. എം ഇബ്റാഹിം സാഹിബ്, എം. അബ്ദുൾ ഖാദർ സാഹിബ് തുടങ്ങി ആ പ്രദേശത്തുള്ള പ്രമുഖരും വിദ്യാസമ്പന്നരുമായ ആളുകൾ ജമാഅത്തിൽ അംഗങ്ങളാവുകയും ചെയ്തു. ഇതേതുടർന്ന് അഹ്മദിയ്യാ ജമാഅത്ത് കണ്ണൂരിൽ കൂടുതൽ ചർച്ചാ വിഷയമാവുകയും ചെയ്തപ്പോൾ ഇവിടെ ഭരിച്ചിരുന്ന കേരളത്തിലെ ഏക മുസ്‌ലിം രാജവംശമായ അറക്കൽ രാജവംശത്തിന്റെ പിന്തുണയോടെ മഹാഭൂരിപക്ഷം വരുന്ന മുസ്‌ലിം സമൂഹം വിരലിലെണ്ണാവുന്ന അഹ്മദിയ്യാ വിശ്വാസികളുടെ നേർക്ക് അഴിച്ചുവിട്ട ആക്രമണ പരമ്പരകൾ ചരിത്രത്തിൽ പ്രവാചകന്റെ അനുയായികൾക്ക് നേരെ ഉണ്ടായതിന് സമാനമായതാണ്. ഈ എതിർപ്പുകളെ അല്ലാഹുവിൽ അഭയം പ്രാപിച്ചും അവനെ മാത്രം മുൻ നിർത്തിയുമാണ് ത്യാഗിവര്യരായ ഈ പൂർവഗാമികൾ അഹ്മദിയ്യത്ത് കണ്ണൂരിലും കേരളത്തിൽ പലയിടത്തും വളർത്തിയത്.

1904 മുതൽ 1908 വരെയും ചെറിയ ഇടവേളകളിലും 1912 ൽ വീണ്ടും സാമൂഹ്യ ബഹിഷ്ക്കരണങ്ങളും കൊടിയ പീഡനങ്ങളും തരണം ചെയ്ത് കൊണ്ട് 1915 നവബർ 23 ന് കേരളത്തിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് രൂപം കൊണ്ടു. പുരാതന കാലം മുതൽ തന്നെ ഏറെ സാംസ്കാരിക ബോധമുള്ള ഈ പ്രദേശത്ത് പുതുതായി രൂപം കൊണ്ട ഈ പുരോഗമന മത പ്രസ്ഥാനം വളർന്നു വരണമെങ്കിൽ ചിന്താ ബോധമുള്ളവരുടെ ചിന്തയെ തട്ടിയുണർത്തുന്ന രീതിയിൽ സാഹിത്യ പരമായ ഇടപെടലുകൾ അനിവാര്യമാണെന്ന് തിരിച്ചറിഞ്ഞ ആദ്യത്തെ അഹ്മദി ആയിരുന്നു അബ്ദുൾ ഖാദർ കുട്ടി സാഹിബ്. 1915 മുതൽ ഇതിനുള്ള ശ്രമം ആരംഭിച്ചു. വ്യക്തി പരമായ ആവശ്യാർഥം അധിക കാലവും റംഗൂണിൽ കഴിഞ്ഞിരുന്ന അദ്ദേഹം അവിടെ നിന്ന് പ്രസ്തുത കാര്യം അറിയു കയും തന്റെ മൂത്ത മകൻ എൻ. ഹാമിദ് സാഹിബിനും മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്. എ. അവർകൾക്കും കത്തുകളയച്ചു കൊണ്ടിരുന്നു.

കോഴിക്കോട്ടെ പ്രഥമ അഹ്മദിയും തന്റെ സ്നേഹിതനുമായ എം. അഹ്മദ് സാഹിബിനും കേരളത്തിൽ ഒരു മാസിക തുടങ്ങുന്നതിനെ കുറിച്ച് 1915 ൽ അബ്ദുൾ ഖാദിർ സാഹിബ് കത്തെഴുതുകയുണ്ടായി. പിന്നീട് 1916ൽ കേരളത്തിലുള്ള ആദ്യത്തെ അഹ്മദിയ്യാ ജമാഅത്തിന്റെ പ്രഥമ പ്രസിഡന്റ് കളത്തിൽ അബ്ദുൾ ഖാദർ കോയ സാഹിബിനോട് പത്രാധിപത്യം ഏറ്റെടുത്ത് കൊണ്ട് ഒരു മാസിക തുടങ്ങാൻ നിർദേശിച്ചു. എന്നാൽ രോഗം തളർത്തിയ കോയ സാഹിബിന് ആരോഗ്യപരമായി ആ ചുമതലയേറ്റെടുക്കാൻ കഴിഞ്ഞിരുന്നില്ല. തന്റെ കൂട്ടുകാർക്ക് പല പ്രയാസങ്ങൾ കാരണം ഒരു മാസിക ഏറ്റെടുത്ത് നടത്താൻ സാദ്ധിച്ചിരുന്നില്ലെങ്കിലും ക്രാന്തദർശിയായ അബ്ദുൾ ഖാദർ കുട്ടി സാഹിബ് ഈ ഉദ്യമത്തിൽ നിന്നും പിൻവാ


بسم الله الرحمن الرحيم

സത്യദൂതൻ.

ഒന്നാം പുസ്തകം.
1925 ജനവരി മുതൽ ഡിസേമ്പ്ര വരെ

പത്രാധിപർ.
എച്ച്. ഹുസൈൻ.

വരിസംഖ്യ ഒരു കൊല്ലത്തേക്ക മുൻകൂർ 2 ക.

'സത്യദൂതൻ' ആഫീസ്,
കണ്ണൂര്
1925.

സത്യദൂതന്റെ ആദ്യ ലക്കം

ങ്ങിയില്ല. ഈ കാലഘട്ടത്തിൽ സിലോണിൽ മിഷണറിയായിരുന്ന മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്. എ യോട് മകൻ എൻ. ഹാമിദിന്റെ സഹായത്തോടെ ഒരു മാസിക തുടങ്ങുവാൻ 1922 ൽ ഖാദർ കുട്ടി സാഹിബ് കത്തെഴുതി അഭ്യർഥിക്കുകയുണ്ടായി. എന്നാൽ ഒരു പത്രം നടത്തുക എന്ന ഏറെ പ്രാധാന്യമുള്ള പ്രവർത്തിയിൽ നിന്നും തനിക്കുള്ള പരിചയക്കുറവ് ചൂണ്ടിക്കാട്ടി അദ്ദേഹം വിനയ പൂർവം മാറിനിന്നു.

സാമ്പത്തികമായും സാമൂഹികമായും ഏറെ പ്രയാസമനുഭവിച്ച് നമുക്ക് ചിന്തിക്കാൻ പോലും സാദ്ധ്യമല്ലാത്തതും ഏറെ പരിതാപകരവുമായ ആ സമയത്തും ഹദ്റത്ത് മസീഹ് മഊദ് (അ) ന്റെ ശബ്ദം കേരളത്തിൽ പ്രതിധ്വനിക്കാൻ ഒരു പത്രം വേണം എന്ന ചിന്ത അബ്ദുൾ ഖാദർ കുട്ടി സാഹിബിനെ വ്യാകുലനാക്കിയിരുന്നു. ആ മോഹം 1925 ൽ പൂവണിഞ്ഞു. അദ്ദേഹത്തിന്റെ സീമന്ത പുത്രൻ എൻ. ഹാമിദ് സാഹിബിന്റെ ഉടമസ്ഥതയിലും എച്ച്. ഹുസൈൻ സാഹിബിന്റെയും ആധിപത്യത്തിലും സത്യദൂതൻ എന്ന മലയാളി മുസ്‌ലിം മാസിക പിറവി യെടുത്തു. ആ ചരിത്രം കൂടുതൽ വിശദീകരിക്കുന്നില്ല.

സത്യപ്രചരണവുമായി ജനമനസ്സുകളിലേക്ക് ഇറങ്ങിയ സത്യദൂതൻ ഒരു വർഷത്തിന് ശേഷം മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച് എ യുടെ നേതൃത്വത്തിൽ മലബാർ അഹ്മദിയ്യാ സംഘം പ്രസിദ്ധീകരിച്ചു തുടങ്ങി. ലോകം സാമ്പത്തികമായും സാങ്കേതികമായും ഏറെ പിന്നിൽ നിൽക്കുന്ന ഒരു സമയത്താണ് സത്യദൂതന്റെ പിറവി എന്നത് നാം കാണേണ്ടതുണ്ട്. അന്ന് പൊതുവേയുള്ള പ്രശ്നത്തേക്കാൾ ഏറെ ഭീകരമായ ഒരവസ്ഥ കണ്ണൂരിലുണ്ടായിരുന്നു. അതിന് കാരണം കണ്ണൂർ ഒരു മുസ്‌ലിം രാജവംശത്തിന് കീഴിലായിരുന്നു എന്നതായിരുന്നു. കണ്ണൂരിലെ അഹ്മ

ദികൾ അവിടെ നിന്നും ഞെഞ്ചു റപ്പോടെയും ചങ്കൂറ്റത്തോടെയും സത്യദൂതനിലൂടെ യഥാർഥ ഇസ്‌ലാമിന്റെ ശബ്ദം ഉയർത്തി പിടിച്ചു. പ്രസിദ്ധീകരണരംഗത്ത് 9 പതിറ്റാണ്ട് സത്യദൂതൻ പിന്നിടുകയാണ്. മലയാളക്കരയിൽ ഒരു പാട് മാസികകളും പത്രങ്ങളും ചാനലുകളുമുള്ളപ്പോൾ കാലദൈർഘ്യത്തിൽ സത്യദൂതനോട് കിടപിടിക്കാൻ മറ്റൊരു മുസ്‌ലിം മാസികയും ഇല്ല. തുടക്കത്തിൽ ഉയർത്തിയ ആശയവുമായി ഇന്നും നിലനിൽക്കുന്ന പ്രസിദ്ധീകരണം സത്യദൂതൻ മാത്രമാണ്. പൊതുരംഗത്ത് ഭാഷാപോഷിണി, പ്രബുദ്ധ കേരളം, യുക്തിവാദി എന്നീ മാസികകൾ മാത്രമാണ് സത്യദൂതന് സമശീർഷകമായിട്ടുള്ളത്.

സത്യദൂതൻ മാസിക സത്യത്തിന്റെ മാസിക ആയിത്തീരാൻ ആദ്യകാല അഹ്മദികൾ കാട്ടിയ ആവേശവും അനുഭവിച്ച പ്രയാസങ്ങളും അറിയണമെങ്കിൽ ഇ. അബ്ദുൾ ഖാദർ കുട്ടി സാഹിബ് 1924 നവംബർ 4 ന് എൻ. ഹാമിദ് സാഹിബിന് അയച്ച കത്തിലെ താഴെ പറയുന്ന വരികൾ കാണുക. 'സത്യദൂതൻ എന്ന പേരോടു കൂടി പുറപ്പെടുവിക്കാൻ വിചാരിക്കുന്ന മാസിക ജനുവരിയിൽ ആരംഭിക്കേണ്ടതിനാൽ ജനുവരിയിൽ തന്നെ പുറപ്പെടണം. 150 വരിക്കാരെ കിട്ടിയാൽ കൈയ്യിൽ നിന്നും നഷ്ടമില്ലാത്ത നിലയിൽ തൽക്കാലം നടത്താനാവും. വരിക്കാരെ ജാസ്തിയാക്കിയാൽ മുടക്കമില്ലാതെ മുന്നോട്ട് പോകാവുന്നതുമാണ്. കൊല്ലത്തെ അബൂബക്കർ ഹാജി & മുഹമ്മദ് കമ്പനി അവർക്ക് നിന്റെ പേരിൽ ഒരു കത്ത് അയക്കണം. അതിൽ എഴുതണം *'ഞാൻ നടത്താൻ നിശ്ചയിച്ചിരിക്കുന്ന സത്യദൂതൻ എന്ന മാസികയുടെ കാര്യത്തെപറ്റി എന്റെ ബാപ്പ ഇ. അബ്ദുൽ ഖാദർ കുട്ടി എന്നയാൾ താങ്കൾക്ക് കത്ത് അയച്ചത് പ്രകാരം മേൽപടി മാസിക 1925 മുതൽ നടപ്പിൽ കൊണ്ടുവരേണ്ടതിന്ന് ഉത്സാഹിക്കുന്നു. ആ സംഗതിയെ കാണിച്ചു കൊണ്ട് പ്രസിദ്ധമാക്കിയ കുറേ നോട്ടീസുകൾ ഈ കത്തോട് കൂടെ അയക്കുന്നു. ഇതിന്റെ വരിക്കാരനായി താങ്കൾ ചേരുന്നത് കുടാതെ അധികമുള്ള ആളുകളെ ചേർത്ത് തരാമെന്ന് മാസിക നടത്തേണ്ടത് എന്റെ മുറബ്ബിയും മുഹ്സിനുമായി ചില വരിക്കാർക്ക് പുറമെ സഹായക ഫണ്ടായി ഒരു സംഖ്യ സഹായിച്ചത് പ്രകാരം താങ്കളും എന്റെ മുറബ്ബിയും മുഹ്സിനുമായി തീരുമെന്ന് ഞാൻ വിശ്വസിക്കുന്നു.'*

ഇപ്രകാരം അയച്ച കത്തിന് മറുപടിയായി കൊല്ലത്ത് നിന്നും അയച്ച് കിട്ടിയ 51 രൂപയാണ് ഒരു അനുഭാവിയിൽ നിന്നും സത്യദൂതന് ലഭിച്ച ആദ്യസംഭാവന. ഇത്രയേറെ അരിഷ്ടതകളിലൂടെ വളർന്ന സത്യദൂതൻ ആദ്യം മുതൽ തന്നെ എതിരിട്ടത് വമ്പൻ സ്രാവുകളെയായിരുന്നു. മുഹമ്മദ് അബ്ദുറഹ്മാന്റെ അൽഅമീൻ പത്രം ചവറ്റു കൊട്ടയിൽ എറിഞ്ഞു കളയാൻ മാത്രം ഉതകുന്ന പത്രം എന്നാണ് സത്യദൂതനെ വിശേഷിപ്പിച്ചത്. ആ അൽ അമീൻ ഇന്നെവിടെ? അൽ ഇർശാദ്, ഹിദായത്ത് സൈഫുൽ ഇസ്‌ലാം, യുവലോകം തുടങ്ങിയ പത്രങ്ങളും മുസ്‌ലിം നേതാക്കളും പണ്ഡിതന്മാരും സത്യദൂതനെ വരിഞ്ഞുമുറുക്കി ഇല്ലാതാക്കാൻ ശ്രമിച്ചു. ഇ. മൊയ്തു മൗലവി സാഹിബിനെ പോലെയുള്ള ആളുകളും ഈ ശ്രമത്തിൽ പങ്കാളികളായി എന്നത് സത്യദൂതൻ നേരിട്ട പ്രതിസന്ധികളുടെയും എതിർപ്പിന്റെയും ആഴം വെളിവാക്കുന്നു. ഇതിന്റെയൊക്കെ നടുവിൽ നിന്നും മുസ്‌ലിം കേരളത്തിൽ സത്യദൂതൻ ജ്ഞാനപ്രകാശം പരത്തുകയായിരുന്നു. ഇതിനെ കെടുത്തിക്കളയാൻ മുസ്‌ലിം സമുദായം ഒന്നിച്ചണിനിരന്നപ്പോൾ കൂടുതൽ വരിക്കാരെ കിട്ടാതെ അവസാനം മാസിക നഷ്ടത്തിൽ കലാശിക്കുകയും ഹുസൈൻ സാഹിബ് പത്രാധിപത്യം ഒഴിയുകയും ചെയ്ത് സിലോണിലേക്ക് പോകുകയും ചെയ്തു. 400 രൂപ എന്ന ഭീമമായ സംഖ്യ കടമായപ്പോൾ മാസിക മുന്നോട്ടു നയിക്കുക എന്നത് ഹാമിദ് സാഹിബിന് അസാധ്യമായിതീർന്നു.

അപ്പോഴാണ് മൗലാനാ അബ്ദുല്ലാ സാഹിബിന്റെ നേതൃത്വത്തിൽ മലബാർ അഹ്മദിയ്യാ സംഘം 1926 ൽ സത്യദൂതൻ ഏറ്റെടുക്കുന്നത്. ഹാമിദ് സാഹിബ് അത് ജമാഅത്തിന് നൽകി. തുടർന്ന് പത്രപ്രവർത്തന രംഗത്ത് ഏറെ പ്രസിദ്ധനായ വി. അബ്ദുൾ ഖയ്യൂം സാഹിബിന്റെ പത്രാധിപത്യത്തിൽ സത്യദൂതൻ മുന്നോട്ടുപേയി. സത്യദൂതൻ മലയാളി മത മണ്ഡലത്തിൽ ഉയർത്തിവിട്ട വാദങ്ങളും അതിന്റെ മാറ്റൊലികളും ചരിത്രത്തിന്റെ ഭാഗമായി നമ്മുടെ മുമ്പിലുണ്ട്. ഏറെ വിഷമതകളിലൂടെ മുന്നോട്ട് നീങ്ങിയ ഈ ജിഹ്വ 1928 ന്റെ അവസാനത്തിൽ സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് താൽക്കാലികമായി നിർത്തിവെച്ചു.

1934 ൽ മലബാർ സന്ദർശിച്ച മസീഹ് മഊദി(അ)ന്റെ സഹാബി ഹദ്റത്ത് മൗലാനാ അബ്ദുർറഹ്മാൻ നയ്യർ സാഹിബി (റ) ന്റെ ശ്രമഫലമായി 6 വർഷത്തെ ഇടവേളക്ക് ശേഷം വീണ്ടും ഹാമിദ് സാഹിബിന്റെ നേതൃത്വത്തിൽ സത്യദൂതൻ പ്രസിദ്ധീകരണം ആരംഭിച്ചു. ഈ സമയത്ത് സത്യദൂതനെ ഏറെ ആകർഷകമാക്കിയത് മൗലാന അബ്ദുല്ലാഹ് സാഹിബിന്റെ പ്രൗഢ ലേഖനങ്ങളായിരുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ സന്ദേശം ഇടിമിന്നലിന്റെ ശക്തിയോടുകൂടി കേരളത്തിൽ പ്രചരിപ്പിച്ചുകൊ ണ്ടിരുന്ന സത്യദൂതൻ മുന്നോട്ട് ഗമിക്കുമ്പോഴാണ് 1936 മെയ് മാസം ഇ. അബ്ദുൾ ഖാദിർ കുട്ടി സാഹിബ് മരണപ്പെടുന്നത്. തുടർന്ന് വീണ്ടും സാമ്പത്തിക പ്രതിസന്ധി അഭിമുഖീ കരിച്ച മാസിക ചില വാല്യങ്ങൾ ദ്വൈമാസികയായി പ്രസിദ്ധീകരിച്ചാണ് പിടിച്ചു നിന്നത്. ഈ അവസരത്തിൽ കോഴിക്കോട്ടെ എം. അഹ്മദ് സാഹിബും മൗലാനാ അബ്ദുല്ലാ സാഹിബും സത്യദൂതനെ നിലനിർത്തുവാൻ വേണ്ടി നടത്തിയ അശ്രാന്ത പരിശ്രമങ്ങൾ വർണനാതീത

ശേഷം പേജ് 38ൽ

# ഹദ്റത്ത് മസീഹ് മൗഊദി (അ) നെ കേരള അഹ്മദി നേരിട്ട് കണ്ടിരുന്നുവോ ? ഒരു വിയോജനക്കുറിപ്പ്

ചരിത്രരചന അത്യന്തം ശ്രമകരമായ ഒരു സത്യാന്വേഷണവും പാവനമായ ഒരു സാഹിത്യ സേവനവുമാണ്. അതീവ ഗൗരവമാർന്നതും ഉത്തരവാദിത്വവുമുള്ളതുമായ ചരിത്രരചനയെ കുടുംബപരമോ ദേശപരമോ ആയ യാതൊരുവിധ പക്ഷപാതിത്വങ്ങളും മുൻവിധികളും ഇഷ്ടാനിഷ്ടങ്ങളും സ്വാധീനിക്കാൻ പാടില്ല. രേഖകളുടെയും വസ്തു നിഷ്ഠവും യുക്തി സഹവുമായ തെളിവുകളുടെയും അടിസ്ഥാനത്തിലായിരിക്കണം ചരിത്ര പ്രസ്താവങ്ങൾ നടത്തേണ്ടത്. വ്യഥാ നിഗമനങ്ങളും തോന്നലുകളും ചരിത്ര രചനയിൽ ഇടം പിടിക്കാൻ പാടില്ല. സന്ദിഗ്ദതകളും അവ്യക്തകളും ഒഴിവാക്കാൻ ചരിത്രകാരന്മാർ അവധാനതയും കടുത്ത നിഷ്പക്ഷതയും നീതി ബോധവും നിർബന്ധമായും പാലിക്കേണ്ടതാണ്. പല ചരിത്ര നിർമിതികളിലും നമുക്ക് ഈ വൈകല്യങ്ങൾ കാണം. സമീപ കാലത്ത് സംഭവിച്ച അഹ്മദിയ്യാ ചരിത്രവും കർശനമായും ഇത്തരം പ്രമാദങ്ങളിൽ നിന്നും പൂർണമായും മുക്തമാകാൻ ചരിത്രകാരന്മാർ ശ്രദ്ധിക്കേണ്ടതാണ്. സമഗ്രവും സൂക്ഷ്മവുമായ ഗവേഷണങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള സുചിന്ത്യമായ ചർച്ചകളിലൂടെ ഒരളവോളം ചരിത്രത്തെ കൂടുതൽ യഥാതഥമായി അവതരിപ്പിക്കാൻ കഴിയും . ലേഖകൻ ഇവിടെ ഒരു ചരിത്ര പ്രശ്നം ചർച്ചചെയ്യുകയാണ്.

മുഈൻ അഹ്മദ് സിദ്ധീക്ക്, പഴയങ്ങാടി

പ്രവാചക പ്രഭു ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) തിരുമേനിയുടെ കാലഘട്ടത്തിൽ തന്നെ കേരളത്തിൽ ഇസ്ലാമിന് വേരോട്ടമുണ്ടായത് പോലെ കേരള അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ചരിത്രത്തിനും അതിന്റെ സ്ഥാപകരായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)ന്റെ കാലഘട്ടത്തോളം പഴക്കമുണ്ട്. ചരിത്രപരമായി നോക്കുമ്പോൾ അഭിമാനാർഹമായ ഒരു കാര്യ മാണിത്. എന്നാൽ ഇതുവരെയുള്ള ചരിത്രത്തിൽ നിന്ന് മനസ്സിലാക്കിയിരുന്നത് ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ കാണുവാനുള്ള ഭാഗ്യം ആർക്കും തന്നെ ലഭിച്ചിരുന്നില്ലാ എന്നാണ്. മദാർ അബ്ദു ശുക്കൂർ സാഹിബ് രചിച്ച കേരള അഹ്മദിയ്യാ ചരിത്രത്തിന് ഒരു ആമുഖം എന്ന ഗ്രന്ഥത്തിൽ പറയുന്നു, “അഹ്മദിയ്യത്തിന്റെ ആദരണീയ സ്ഥാപകരും വാഗ്ദത്ത മഹ്ദി മസീഹുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മ്മദ് (അ)നെ നേരിൽ കാണാനോ അവിടത്തെ സുശിക്ഷണത്തിൽ കഴിയാനോ ഉള്ള ഭാഗ്യം കേരളത്തിൽ ആർക്കും തന്നെ ലഭിച്ചിട്ടില്ലെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. എന്നാൽ വാഗ്ദത്ത മഹ്ദീ ഇമാമിന്റെ പരിശുദ്ധ ജീവിത കാലത്ത് എഴുത്ത് മുഖേന ബയ്അത്ത് ചെയ്ത് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിക്കാൻ കേരളത്തിൽ ചിലർക്ക് സാധിച്ചിരുന്നുവെന്ന സംഗതി നിഷേധിക്കാനാവുകയില്ല.” (പേജ് 75-76)

പക്ഷേ കേരള അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ നൂറാം വാർഷികത്തോട് അനുബന്ധിച്ച് പ്രസിദ്ധീകരിച്ച ശതാബ്ദി പതിപ്പിൽ ‘പിറവിയുടെ പേറ്റുനോവുകൾ’ എന്ന ലേഖനത്തിൽ മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്.

എയുടെ പിതാവ് മൗലാന ാമുഹ്‌യിദ്ദീൻ കുട്ടി സാഹിബ് (റഹ്) 1908ൽ ഖാദിയാൻ സന്ദർശിച്ചതായി വായിക്കാനിടയായി. "ഹദ്റത്ത് മൗലാനാ ശേഖ് മുഹ്‌യിദ്ദീൻ കുട്ടി സാഹിബിന് കേരളത്തിൽ നിന്ന് ഏറ്റവുമാദ്യം 1908ൽ ഖാദിയാൻ ശരീഫ് സന്ദർശിക്കുവാനും തുടർന്ന് 1909ലും 1914ലും ഖാദിയാനിൽ ചെന്ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ), ഖലീഫത്തുൽ മസീഹ് സാനി (റ) തുടങ്ങിയവർ ഉൾപ്പെടെയുള്ള സുസമ്മതരായ സഹാബിവര്യന്മാരുടെ സുഹ്ബത്തിൽ ഓരോവർഷം താമസിക്കുവാനും സൗഭാഗ്യം സിദ്ധിച്ചിട്ടുണ്ട്" (സത്യദൂതൻ ശതാബ്ദി പതിപ്പ് 2015, പേജ് 19). ഇങ്ങനെയൊരു ചരിത്രം ഇതിന് മുമ്പ് എവിടെയും എഴുതപ്പെട്ടതായി വായിച്ചിട്ടില്ല. അതുകൊണ്ടുത്തന്നെ ആ വാർത്ത ഒരു കൗതുകമായി. കാരണം 1908 എന്നത് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ കാലഘട്ടമാണ്. അതുകൊണ്ട് പക്ഷേ ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ കണ്ടു എന്ന് അർഥമില്ല, കണ്ടില്ല എന്നും അർഥമില്ല. ആ കാര്യം ലേഖകൻ അതിൽ വ്യക്തമാക്കിയിരുന്നില്ല. ആ അവ്യക്തതയാണ് ഈയൊരു ചരിത്ര പഠനത്തിന് കാരണമായത് എന്ന് വേണമെങ്കിൽ പറയാം.

കേരള അഹ്‌മദിയ്യാ ചരിത്രത്തിന് ഒരു ആമുഖം എന്ന ഗ്രന്ഥം മുമ്പ് വായിച്ചപ്പോൾ ഈ കാര്യം ശ്രദ്ധയിൽ പെടാത്തതുകൊണ്ട് ഇത്തവണ കൂടുതൽ മനസ്സിരുത്തി വായിച്ചു. എവിടെയും 1908ൽ ഒരു വ്യക്തി ഖാദിയാൻ സന്ദർശിച്ചതായി കാണാൻ സാധിച്ചില്ല. പക്ഷേ ഒരു കാര്യം ശ്രദ്ധയിൽപ്പെട്ടു, അത് ഇപ്രകാരമായിരുന്നു. മൗലവി മുഹ്‌യിദ്ദീൻ സാഹിബ് 1907ന്റെ അവസാനത്തിൽ ബൈഅത്ത് ചെയ്ത കാര്യം സ്മരിച്ചുകൊണ്ട് ലേഖകൻ പറയുന്നു; "അഹ്‌മദിയ്യത്തുമായി ബന്ധപ്പെട്ടതോടെ എത്രയും വേഗത്തിൽ ഖാദിയാനിൽ എത്തിച്ചേരുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം ! ഈ അഭിലാഷം പൂർത്തികരിച്ചുകൊണ്ട് കേരളക്കരയെ ഖാദിയാൻ കേന്ദ്രവുമായി ബന്ധിപ്പിച്ച ഒന്നാമത്തെ കണ്ണിയായിതീർന്നു മൗലാനാ മുഹ്‌യിദ്ദീൻ കുട്ടി സാഹിബ് (റഹ്). പക്ഷേ അദ്ദേഹം ഖാദിയാൻ ശരീഫിൽ എത്തിച്ചേരുന്നതിന് മുമ്പേ വാഗ്ദത്ത മഹ്ദി മസീഹ് (അ)ന്റെ വഫാത്ത് സംഭവിച്ചിരുന്നുവെന്നും ഹദ്റത്ത് മഹ്ദി ഇമാമിനെ സിയാറത്ത് ചെയ്യാനുള്ള ഭാഗ്യം ലഭിക്കാത്തതിൽ ജീവിതാന്ത്യം വരെ അദ്ദേഹം ദുഃഖാർത്തനായി കഴിഞ്ഞിരുന്നുവെന്നും പറയപ്പെട്ടു വന്നിട്ടുണ്ട്" (പേജ് 225). പക്ഷേ അവിടെ എവിടെയും അദ്ദേഹം 1908ൽ ഖാദിയാനിൽ പോയ കാര്യം പറഞ്ഞിട്ടില്ല, എന്നാൽ 1909ൽ അറക്കൽ രജസ്വരൂപത്തിന്റെ പന്തിവിരോധം കാരണം ഖാദിയാനിലേക്ക് ഹിജ്റത്ത് ചെയ്ത കാര്യം പ്രത്യേകം സ്മരിക്കുന്നുമുണ്ട്.

1990ലെ അഹ്‌മദിയ്യാ ശതവാർഷിക ജൂബിലിയോട് അനുബന്ധിച്ച് പുറത്തിറക്കിയ സത്യദൂതൻ സ്പെഷ്യൽ പതിപ്പിൽ പഴയങ്ങാടി യുടെ ചരിത്രം പറയുന്നിടത്ത് മുഹ്‌യുദ്ദീൻ കുട്ടി സാഹിബ് ഖാദിയാനിൽ പോയ കാര്യം സ്മരിച്ചുകൊണ്ട് ലേഖകൻ പറയുന്നു; "അറക്കൽക്കാരുടെ കുഫ്റ് ഫത്‌വയും പന്തിവിരോധവും സാമൂഹിക പരിഷ്കരണവും നിമിത്തം അതിരൂക്ഷമായ എതിർപ്പും പ്രക്ഷോഭവും ഉടലെടുക്കുകയും ജീവൻ പോലും അപകടത്തിലാണെന്ന് കാണുകയും ചെയ്തപ്പോൾ 1909ൽ അദ്ദേഹം ഖാദിയാനിലേക്ക് ഹിജ്റ ചെയ്തു. ഒരു വർഷത്തോളം അവിടെ താമസിച്ചാണ് അദ്ദേഹം തിരിച്ച് വന്നത്. കേരളത്തിൽ നിന്ന് ആദ്യമായി ഖാദിയാൻ സന്ദർശിച്ചത് അദ്ദേഹമാണ്. പിന്നെയും ഒന്നിലധികം തവണ അദ്ദേഹം ഖാദിയാനിൽ പോയിട്ടുണ്ട്" (സത്യദൂതൻ ശതാബ്ദിപതിപ്പ് 1990). ഇവിടെ ചരിത്രകാരൻ വ്യക്തമായി പറയുന്നത് ശേഖ് മുഹ്‌യിദ്ദീൻ കുട്ടി സാഹിബ് ആദ്യമായി ഖാദിയാനിൽ പോയത് 1909ൽ ആണെന്നാണ്. ഇതിൽ നിന്നും മനസ്സിലാകുന്നത് മൗലാനാ മുഹ്‌യിദ്ദീൻ കുട്ടി സാഹിബ് 1908ൽ ഖാദിയാനിൽ പോയ വിവരം 1990 വരെ കേരളത്തിലെ അഹ്‌മദികൾക്ക് അജ്ഞാതമായിരുന്നുവെന്നും 2000 ആകുമ്പോഴേക്ക് ചില സംശയങ്ങൾ ഉദിച്ചുതുടങ്ങിയെന്നും 2015ൽ ആ കാര്യത്തിൽ ഒരു തീരുമാനമായി എന്നുമാണ്.

അപ്പോഴും എന്റെ സംശയം ബാക്കിയായി. 1908 എന്ന് ഉറപ്പിക്കാൻ മാത്രം പെട്ടെന്നുണ്ടായ തെളിവെന്താണ്?. എങ്കിൽ ആ തെളിവ് എന്തുകൊണ്ട് ഇത്രയും കാലം അജ്ഞാതമായി കിടന്നു?. അതുപോലെ അന്ന് അദ്ദേഹം ഖാദിയാനിൽ പോയപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ സിയാറത്ത് ചെയ്യുവാനുള്ള ഭാഗ്യം ലഭിച്ചിരുന്നുവോ? അതോ കേരള അഹ്‌മദിയ്യാ ചരിത്രത്തിൽ പറഞ്ഞത് പോലെ ആരോഗ്യം ലഭിക്കാതെയാണോ അദ്ദേഹം ഇഹലോക വാസം വെടിഞ്ഞത് ? സംശയങ്ങൾ ചെന്നെത്തിയത് 1934 ജനുവരി 2ലെ അൽ ഫസലിൽ പ്രസിദ്ധീകരിച്ച ഒരു വാർത്തയിൽ ആയിരുന്നു, "മലബാറിൽ അഹ്‌മദിയ്യത്തിന്റെ പ്രചാരണത്തിന് വഴികാട്ടിയായിരുന്ന മൗലാനാ മൗലവി മുഹ്‌യിദ്ദീൻ സാഹിബ് 1933 നവംബർ 20-ാം തീയതി നിര്യാതനായ വിവരം വ്യസനസമേതം അറിയിക്കുന്നു. കേരളത്തിൽ നിന്ന് അദ്ദേഹത്തിനല്ലാതെ മറ്റൊരു അഹ്‌മദിക്കും ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ സിയാറത്ത് ചെയ്യാനുള്ള അവസരം ലഭിച്ചിരിക്കാനിടയില്ല. അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ യഥാർഥ സ്നേഹിതനായിരുന്നു. അഹ്‌മദിയ്യത്തിനുവേണ്ടി അദ്ദേഹം കടുത്ത പ്രയാസങ്ങൾ സഹിക്കുകയും ഒരുപാട് ത്യാഗങ്ങൾ വരിക്കുകയും ചെയ്തു". 1999 ജൂലൈ മാസത്തിലെ സത്യദൂതനിലെ ചരിത്രരേഖയിൽ ഈ വാർത്ത പുനഃ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. മുകളിൽ ഉന്നയിച്ച എല്ലാ സംശയങ്ങൾ

ക്കുമുള്ള മറുപടി പ്രസ്തുത വർത്തയിൽ ലഭിച്ചതായി തോന്നി, പക്ഷെ അപ്പോഴും സംശയം ബാക്കി. ഇത്രയും പ്രാധാന്യം അർഹിക്കുന്ന ഒരു ചരിത്ര സംഭവം കേരള അഹ് മദിയ്യാ ചരിത്രത്തിന് പറയാനുണ്ടായിട്ടും എന്തുകൊണ്ട് ഇതിനെ കുറിച്ച് ശേഖ് മുഹിയുദ്ദീൻ കുട്ടി സാഹിബ് (റഹ്)യോ അല്ലെങ്കിൽ ആ കാലഘട്ടത്തിൽ ജീവിച്ച മറ്റു വ്യക്തികളോ എവിടെയും സ്മരിക്കാതെ പോയി എന്ന്. മസീഹ് മൗസീഹ് മൗഊദ് (അ)മായി ബന്ധപ്പെട്ട നിസ്സാരമെന്ന് തോന്നാവുന്ന കാര്യങ്ങൾ പോലും സമാഹരിക്കാൻ മുസ്‌ലിഹ് മൗഊദ് (റ)ന്റെ നിർദേശം ആ കാലഘട്ടത്തിൽ ഉണ്ടായിരുന്നു എന്നതും ശ്രദ്ധേയമാണ്. അതുകൊണ്ടു തന്നെ സ്മരിച്ചിട്ടുണ്ടെങ്കിൽ അവ തീർച്ചയായും കണ്ടെത്തപ്പെടേ ണ്ടതുമാണ്. ആയതിനാൽ അന്വേഷണം വീണ്ടും തുടർന്നു.

2008ൽ പ്രസിദ്ധീകരിച്ച ഖിലാഫത്ത് ജൂബിലി പതിപ്പിലെ "അഹ്മദിയ്യാ ഖിലാഫത്തും കേരളത്തിന്റെ ഭൂതകാല ബന്ധവും" എന്ന ലേഖനത്തിൽ കേരളത്തിൽ നിന്നുള്ള ആദ്യ ഖാദിയാൻ സന്ദർശനത്തെ സ്മരിക്കുന്ന ഭാഗം വായിക്കാനിടയായി. ലേഖനത്തിൽ എഴുതുന്നു, "കേരളത്തെ സംബന്ധിച്ചിടത്തോളം അഹ്മദിയ്യാ സന്ദേശപ്രചരണം ശക്തിപ്പെടാൻ തുടങ്ങിയത് ഹക്കീമുൽ ഉമ്മത്ത് മൗലാനാ നൂറുദ്ദീൻ സാഹിബിന്റെ ഖിലാഫത്ത് കാലത്താണ്. ഇക്കാലത്ത് തന്നെയാണ് ഖാദിയാൻ കേന്ദ്രവുമായുള്ള മലയാളികളുടെ സന്ദർശന ബന്ധങ്ങൾക്ക് ആരംഭം കുറിച്ചതും. ആദ്യമായി കേരളത്തിൽ നിന്ന് ഖാദിയാൻ സന്ദർശിക്കാനും അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മൗലാനാ നൂറുദ്ദീൻ സാഹിബ് ഉൾപ്പെടെ സമുന്നതരായ സഹാബിമാരുടെ ശിക്ഷണത്തിൽ ജീവിക്കാനും ഭാഗ്യം ലഭിച്ചത് പഴയങ്ങാടിയിലെ ഹദ്റത്ത് മൗലാനാ ശേഖ് മുഹ്‌യുദ്ദീൻ കുട്ടി സാഹിബിനായിരുന്നു" (സത്യദൂതൻ ഖിലാഫത്ത് ജൂബിലി പതിപ്പ് 2008, പേജ് 73). ഇതിൽ പറയുന്ന പ്രസക്തമായ ഒരു കാര്യമുണ്ട്, കേരളത്തിൽ അഹ്മദിയ്യാ ജമാഅത്ത് ശക്തിപ്പെടാൻ ആരംഭിച്ചത് ഖലീഫത്തുൽ മസീഹ് ഒന്നാമൻ ഹദ്റത്ത് മൗലാനാ ഹക്കിം നൂറുദ്ദീൻ സാഹിബിന്റെ ഖിലാഫത്ത് കാലത്താണെന്ന്. ശേഖ് മഹ്മൂദ് അഹ്മദ് സാഹിബ് ഇർഫാനി തന്റെ ചരിത്ര ഗ്രന്ഥമായ തഹ്‌രീക്കേ മലബാറിൽ ഇക്കാര്യം പ്രത്യേകം സ്മരിക്കുന്നുണ്ട്. 1908ൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) വഫാത്തായ കാര്യം പറഞ്ഞുകൊണ്ട് ഇർഫാനി സാഹിബ് പറയുന്നു, "1908 വിഷമങ്ങളുടെ വർഷങ്ങളായിരുന്നു എന്ന് തോന്നി. ഇങ്ങനെ യെല്ലാമാണെങ്കിലും അനേകം പേർ പ്രസ്ഥാനത്തിൽ പ്രവേശിക്കുക തന്നെ ചെയ്തു. ഇപ്പോൾ അവരുടെ എണ്ണം 13 ആയി ഉയർന്നു. അവരുടെ പേരുവിവരം ഇപ്രകാരമാണ്: (1) ഇ അബ്ദുൾ ഖാദർ കുട്ടി സാഹിബ് (2) കെ എം ഇബ്രാഹിം കുഞ്ഞി സാഹിബ് (3) കെ അബ്ദുൾ ഖാദർ കോയ സാഹിബ് (4) എം അബ്ദുൾ ഖാദർ സാഹിബ് (5) സി സി ഹസൈനാർ സാഹിബ് (6) കൊച്ചാളി അബ്ദുൾ ഖാദർ സാഹിബ് (7) പള്ളിക്കുഞ്ഞി സാഹിബ് (8) എ മുഹമ്മദ് കുഞ്ഞി സാഹിബ് (9) എം അബ്ദു സാഹിബ് (10) ശഅബാൻ ഹാജി സാഹിബ് (11) എം കമാൽ കുട്ടി സാഹിബ് (12) കെ എം കോയക്കുഞ്ഞി സാഹിബ് (13) മൗലവി മൊയ്തീൻ കുട്ടി ഹാജി.

1907ലും 1908ലും നടന്ന സംഭവങ്ങൾ വിവരിക്കുന്നിടത്തൊന്നും ശേഖ് മുഹ്‌യുദ്ദീൻ കുട്ടി സാഹിബ് ഖാദിയാൻ സന്ദർശിച്ച ചരിത്രപ്രധാനമായ കാര്യം വിവരിക്കുന്നില്ല എന്ന് മാത്രമല്ല 1908 ആകുമ്പോഴേക്ക് ബൈഅത്ത് ചെയ്ത 13 പേരിൽ അവസാനത്തെ ആളായാണ് അദ്ദേഹത്തെ പരിചയപ്പെടുത്തുന്നത്. ഇത്രക്ക് പ്രാധാന്യം അർഹിക്കുന്ന ഒരാളെ എന്തുകൊണ്ട് അവസാനം പരിചയപ്പെടുത്തി എന്ന് ചിന്തിച്ച പ്പോൾ ഒരു കാര്യം മനസ്സിൽ തോന്നി. അവർ ബൈഅത്ത് ചെയ്ത ക്രമം അനുസരിച്ചാണോ ഇർഫാനി സാഹിബ് പേര് നൽകിയത് എന്ന്. അങ്ങനെയെങ്കിൽ ശേഖ് മുഹ്‌യുദ്ദീൻ കുട്ടി സാഹിബ് ബൈഅത്ത് ചെയ്തിട്ടുണ്ടാവുക 1908ൽ ആയിരിക്കണം. എന്റെ മനസ്സിൽ തോന്നിയ ഒട്ടും അടിസ്ഥാനമില്ലാത്ത സംശയമായിരുന്നു ഇതെങ്കിലും പിന്നീട് ആ സംശയം ബലപ്പെട്ടു എന്ന് വേണമെങ്കിൽ പറയാം. കാരണം 1989 ഡിസംബറിലെ സത്യദൂതനിൽ പറയുന്നത് അദ്ദേഹം ബൈഅത്ത് ചെയ്തത് 1908ൽ ആണെന്നാണ്. സംശയം വർധിച്ചതോടെ അന്വേഷണവും വർധിച്ചു. അതിന്റെ ഭാഗമായി 1988ലെ സത്യദൂതന്റെ താളുകൾ മറിച്ചുനോക്കിയപ്പോൾ കേരളത്തിലെ ആദ്യകാല അഹ്മദികൾ എന്ന തലക്കെട്ടിൽ എൻ അബ്ദുറഹീം സാഹിബ് എഴുതിയ ഒരു ചരിത്രലേഖനം വായിക്കാനിടയായി. അതിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ കാലഘട്ടത്തിൽ എഴുത്ത് മുഖേന ബൈഅത്ത് ചെയ്ത അഹ്മദികൾ മൂന്നുപേരെന്നാണ് പറയുന്നത്. ഇ അബ്ദുൾ ഖാദർ കുട്ടി സാഹിബ്, കെ എം ഇബ്രാഹിം കുഞ്ഞി സാഹിബ്, എം അഹ്മദ് സാഹിബ് എന്നിവരാണ് ആ മൂന്നുപേർ. ആ കൂട്ടത്തിൽ ശൈഖ് മുഹ്‌യിദ്ദീൻ കുട്ടി സാഹിബിന്റെ പേര് കണ്ടില്ല എന്നത് തീർച്ചയായും ആശ്ചര്യം ജനിപ്പിക്കുന്ന ഒരു വാർത്ത തന്നെയായിരുന്നു. (സത്യദൂതൻ 1988 ജനുവരി പേജ് 34)

1933 നവംബർ 20നാണ് ശൈഖ് മുഹ്‌യിദ്ദീൻ കുട്ടി സാഹിബ് വഫാത്തായത്. 1934 ജനുവരി 2ലെ അൽ ഫസലിലാണ് അദ്ദേഹത്തെ അനുസ്മരിച്ചത്. അപ്പോൾ സ്വാഭാവികമായും കേരള അഹ്മ ദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ജിഹ്വയായ സത്യദൂതനും അദ്ദേഹത്തെ സ്മരിച്ചിട്ടുണ്ടാകും എന്ന പ്രതീക്ഷ യിൽ 1933-34ലെ സത്യദൂതൻ അന്വേഷിച്ചപ്പോൾ ആ കാലഘട്ടത്തിൽ സത്യദൂതൻ ഇറങ്ങിയിരുന്നില്ല. 1925 ജനുവരിയിൽ ആരംഭിച്ച സത്യദൂതൻ 1928ൽ നിന്നു

പോയിരുന്നു. തുടർന്ന് മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച് എയുടെ പരിശ്രമത്തിന്റെ ഫലമായി 1935ലാണ് പുനരാരംഭിച്ചത്. അതു കൊണ്ട് തന്നെ ശൈഖ് മുഹ്‌യിദ്ദീൻ കുട്ടി സാഹിബിന്റെ വഫാത്തിന്റെ സമയത്ത് സത്യദൂതൻ ഇല്ലായിരുന്നു എന്നത് ജമാഅത്തിന്റെ ചരിത്ര വിഭാഗത്തിന് വലിയ നഷ്ടമാണ്. പക്ഷേ അന്വേഷണം പാതിവഴിയിൽ ഉപേക്ഷിക്കാൻ മനസ്സ് വന്നില്ല. തുടർന്ന് എന്റെ അന്വേഷണം ആദ്യ കാല അഹ്മദികൾ വഫാത്തായ സമയത്തുള്ള സത്യദൂതൻ പരിശോധിക്കുക എന്നതിലേക്ക് തിരിഞ്ഞു.

സ്വാഭാവികമായും കേരളത്തിലെ ആദ്യത്തെ അഹ്മദി ഹദ്റത്ത് ഇടപ്പകത്ത് അബ്ദുൾ ഖാദർ കുട്ടി സാഹിബ് (റഹ്) വഫാത്തായ 1936ലെ സത്യദൂതൻ പരിശോധിച്ചു. ആ വർഷം ജൂൺ മാസത്തെ സത്യദൂതനിൽ മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച് എ (റഹ്) ഇ അബ്ദുൾ ഖാദർ കുട്ടി സാഹിബ് (റഹ്)യെ അനുസ്മരിച്ചു കൊണ്ട് "വന്ദ്യനായ അബൂഹാമിദ്" എന്ന തലക്കെട്ടിൽ എഴുതിയ ചരിത്ര പ്രാധാന്യമായ ഒരു അനുസ്മരണക്കുറിപ്പുണ്ട്. അതിൽ തന്റെ പിതാവ് ശൈഖ് മുഹ്‌യിദ്ദീൻ കുട്ടി സാഹിബിന്റെ കാര്യവും പറയുന്നുണ്ടെങ്കിലും നിലവിൽ പരിശോധിക്കുന്ന വിഷയവുമായി ബന്ധപ്പെട്ട് ഒന്നും എഴുതിയിരുന്നില്ല. തുടർന്ന് രണ്ടാമത്തെ അഹ്മദി കുട്ടിമാപ്പിളകത്ത് ഇബ്രാഹിം കുഞ്ഞി സാഹിബ് വഫാത്തായ 1954ലെ സത്യദൂതൻ പരിശോധിച്ചു. അപ്പോഴും നമുക്ക് ആവശ്യമായ വിവരം ഒന്നും തന്നെ ഉണ്ടായിരുന്നില്ല. അടുത്ത വ്യക്തി സ്വാഭാവികമായും കോഴിക്കോട് മാർക്കർ ഹൗസിലെ എം അഹ്മദ് സാഹിബായിരുന്നു. കേരള അഹ്മദിയ്യാ ജമാഅത്തിന്റെ ദുർഘടം പിടിച്ച ആദ്യകാല യാത്രയിൽ ജമാഅത്തിന് ഒരു വലിയ ആശ്രയമായിരുന്നു എം അഹ്മദ് സാഹിബ്. അദ്ദേഹത്തിന്റെ വഫാത്തിന്റെ സമയത്ത് അന്നത്തെ സത്യദൂതൻ പത്രാധിപർ ആയിരുന്ന മൗലാനാ അബ്ദുല്ലാഹ് സാഹിബ് എഴുതിയ അനുസ്മരണക്കുറിപ്പും കേരള അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രവിഭാഗത്തിന് ഒരു വലിയ മുതൽക്കൂട്ടാണ്. പ്രസ്തുത അനുസ്മരണക്കുറിപ്പിൽ ആ കാലഘട്ടത്തിന്റെ പ്രതിനിധി കൂടിയായ മൗലാനാ അബ്ദുല്ലാഹ് സാഹിബ് എഴുതുന്നു, "അഹ്മദിയ്യത്തിന്റെ ദിവ്യസ്ഥാപകരുടെ ജീവിതകാലത്ത് തന്നെ എഴുത്ത് മുഖേന ആ ദിവ്യാത്മാവിന് ബൈഅത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിക്കാൻ ഭാഗ്യം സിദ്ധിച്ച മലയാളികളിൽ ഒരാൾ മാന്യനായ പരേതനായിരുന്നു. എന്നാൽ ആ മൂന്നോ നാലോ വ്യക്തികളിൽ ജമാഅത്തിന്റെ കേന്ദ്രമായ ഖാദിയാനിൽ പോകാനുള്ള ഭാഗ്യം അദ്ദേഹത്തിന് മാത്രമേ സിദ്ധിച്ചിട്ടുള്ളൂ". (സത്യദൂതൻ 1955 ജൂൺ, പേജ് 236) തുടർന്ന് 1961ൽ കണ്ണൂർ സിറ്റി പള്ളിയുടെ ഉദ്ഘാടനത്തോട് അനുബന്ധിച്ച് നടന്ന ചടങ്ങിൽ അധ്യക്ഷത വഹിച്ചു കൊണ്ട് മൗലാനാ അബ്ദുല്ലാഹ് സാഹിബ് ചെയ്ത പ്രസംഗത്തിൽ തന്റെ പിതാവിനെ സ്മരിക്കുന്നുണ്ട്. അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിക്കുന്നതിന് മുമ്പ് അദ്ദേഹം അനുഭവിച്ച സുഖസൗകര്യങ്ങളും ബൈഅത്ത് ചെയ്തതോടുകൂടി അദ്ദേഹം നേരിട്ട പീഢനങ്ങളും യാതനകളും വിവരിച്ചതിന് തൊട്ടുപിന്നാലെ മൗലവി സാഹിബ് പറയുന്നു. "ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ)ന്റെ ജീവിതകാലത്ത് തന്നെ ബൈഅത്ത് ചെയ്തവർ അബ്ദുൽ ഖാദർ കുട്ടി സാഹിബും കെ എം ഇബ്രാഹിം കുഞ്ഞി സാഹിബും കോഴിക്കോട്ടെ എം അഹ്മദ് സാഹിബും ആയിരുന്നു". (സത്യദൂതൻ 1961 ജൂലൈ, പേജ് 233) 1973ലെ സത്യദൂതനിൽ എൻ ഹാമിദ് സാഹിബ് പഴയങ്ങാടിയുടെ ചരിത്രം പറയുന്നിടത്ത് ശൈഖ് മുഹ്‌യിദ്ദീൻ കുട്ടി സാഹിബ് മസീഹ് മൗഊദി(അ)ന്റെ കാലത്ത് ബൈഅത്ത് ചെയ്ത കാര്യമോ 1908ൽ ഖാദിയാനിൽ പോയ കാര്യമോ പറഞ്ഞിട്ടില്ല എന്നതും ശ്രദ്ധേയമാണ്. (സത്യദൂതൻ 1973 ആഗസ്ത് പേജ് 374-391)

ഇവിടെ വളരെ വ്യക്തമായാണ് മൗലവി അബ്ദുല്ലാഹ് സാഹിബ് പറയുന്നത് കേരളത്തിൽ നിന്നും വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി (അ)ന്റെ കാലഘട്ടത്തിൽ അദ്ദേഹത്തിന് എഴുത്ത് മുഖേന ബൈഅത്ത് ചെയ്തവർ ഇ അബ്ദുൾ ഖാദർ കുട്ടി സാഹിബ്, കെ. എം. ഇബ്രാഹിം കുഞ്ഞി സാഹിബ്, എം അഹ്മദ് സാഹിബ് എന്നിവരാണെന്ന്. മാത്രമല്ല അപ്രകാരം ബൈഅത്ത് ചെയ്തവരിൽ ഖാദിയാൻ ദാറുൽ അമാൻ സന്ദർശിക്കാനുള്ള ഭാഗ്യം എം അഹ്മദ് സാഹിബിന് മാത്രമാണ് ലഭിച്ചതെന്നും. കേരളത്തിൽ നിന്നും ആദ്യമായി ഖാദിയാൻ സന്ദർശിച്ച വ്യക്തി ശൈഖ് മുഹ്‌യിദ്ദീൻ കുട്ടി സാഹിബാണെന്ന അനിഷേധ്യ സത്യം നിലനിൽക്കെയാണ് മൗലവി സാഹിബ് ഈ കാര്യം പറയുന്നത്. അതുകൊണ്ട് തന്നെ ശൈഖ് മുഹ്‌യിദ്ദീൻ കുട്ടി സാഹിബ് ബൈഅത്ത് ചെയ്തത് 1908ൽ ഒന്നാം ഖലീഫ അൽഹാജ് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ കാലഘട്ടത്തിലാണ്. തുടർന്ന് അദ്ദേഹം 1909ൽ ഖാദിയാനിൽ പോയ വിവരം മാത്രമാണ് ചരിത്രത്തിൽ കാണുന്നത്. 1909ൽ അറക്കൽ രാജസ്വരൂപം ശൈഖ് മുഹ്‌യിദ്ദീൻ കുട്ടി സാഹിബ് ഉൾപ്പെടെ 13 പേർക്കെതിരെ പന്തി വിരോധം ഏർപ്പെടുത്തിയിരുന്നു. ഈ 13 പേരുടെയും ജീവിതം പിന്നീട് ദുസ്സഹമായിരുന്നു. പലർക്കും പല ഭാഗത്തേക്കും മാറിതാമസിക്കേണ്ടതായി വന്നു. അക്കൂട്ടത്തിൽ ശൈഖ് മുഹ്‌യിദ്ദീൻ കുട്ടി സാഹിബ് ഖാദിയാനിലേക്കാണ് ഹിജ്റത്ത് ചെയ്തത്. 1915ൽ ഇടപ്പകത്ത് അബ്ദുൾ ഖാദർ കുട്ടി സാഹിബ് അന്നത്തെ ഖലീഫ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ)വിന് അയച്ച കത്തിൽ നിന്നും മനസ്സിലാകുന്നത് ശൈഖ് മുഹ്‌യിദ്ദീൻ കുട്ടി സാഹിബിനോടൊപ്പം അന്ന് ഖാദിയാൻ യാത്രയിൽ

പഴയങ്ങാടിയിലെ ബി കുഞ്ഞഹമദ് മുസ്ലിയാർ കൂടി ഉണ്ടായിരുന്നു എന്നാണ് (അൽ ഫസൽ 1915). ഇദ്ദേഹം പിന്നീട് മുർതദായി പോവുകയും അഹ്മദിയ്യത്തിന്റെ കൊടിയ ശത്രുവായി മാറുകയുമാണുണ്ടായത്.

ചരിത്രം പലപ്പോഴും നിർമിക്കപ്പെടുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. അതുകൊണ്ട് തന്നെ അഹ്മദിയ്യാ ചരിത്രങ്ങൾ നിർമിക്കപ്പെടുന്നവയാകരുത്, മറിച്ച് രേഖകളുടെ അടിസ്ഥാനത്തിൽ സംസാരിക്കുന്നവയായിരിക്കണം. അല്ലാതെയുള്ള പരാമർശങ്ങൾ ചരിത്രമായി ഗണിക്കാവുന്നതല്ല. ഞാൻ ഉദ്ധരിച്ച ഈ ചരിത്രങ്ങളെല്ലാം തന്നെ സത്യദൂതനിലും ജമാഅത്തിന്റെ മറ്റു പ്രസിദ്ധീകരണങ്ങളിലുംവന്നതാണ്. കേരള അഹ്മദിയ്യാ ചരിത്രത്തെ സംബന്ധിച്ചിടത്തോളം എൻ അബ്ദുറഹീം സാഹിബിന്റെയും മദാർ അബ്ദു ശുക്കൂർ സാഹിബിന്റെയും വാക്കുകൾക്ക് പ്രസക്തിയുണ്ട്, അതുകൊണ്ടുതന്നെ അവ ഞാൻ ഉദ്ധരിച്ചിട്ടുമുണ്ട്. പക്ഷേ അതിനേക്കാളൊക്കെ ഞാൻ ആധികാരികമായി കണ്ടത് മൗലാനാ അബ്ദുല്ലാഹ് സാഹിബിന്റെയും എൻ ഹാമിദ് സാഹിബിന്റെയും വാക്കുകളെയാണ്. കാരണം ഇവർ രണ്ടുപേരും ജമാഅത്തിന്റെ ആദ്യകാല അഹ്മദികളിൽ പെട്ടവരാണ്. ശേഖ് മുഹ്യുദ്ദീൻ കുട്ടി സാഹിബ് ബൈഅത്ത് ചെയ്ത കാലത്തിൽ ജീവിച്ച വ്യക്തികളാണ്. അതിൽ ഒരാൾ അദ്ദേഹത്തിന്റെ സീമന്ത പുത്രനുമാണ്. 1909 മുതലുള്ള അഹ്മദിയ്യാ ചരിത്രത്തിൽ ഇവർ രണ്ടു പേരുടെയും സാന്നിധ്യം കാണാവുന്നതുമാണ്. അതുകൊണ്ടുതന്നെ അവരുടെ വാക്കുകൾ മറ്റെന്തിനെക്കാളും ശക്തമായ രേഖകളാണ്.

ഇത്രയും പറഞ്ഞ സ്ഥിതിക്ക് ഹദ്റത്ത് മൗലാനാ ശൈഖ് മുഹ്യിദ്ദീൻ കുട്ടി സാഹിബ് (റഹ്)യെ കുറിച്ച് അൽപ്പം പറയേണ്ടത് അനിവാര്യമാണ്. അഹ്മദിയ്യാ ചരിത്രത്തിൽ അദ്ദേഹത്തിനുള്ള പ്രാധാന്യം ഖാദിയാൻ യാത്രയുമായി ബന്ധപ്പെട്ടതല്ല. അതിനുള്ള ഏറ്റവും വലിയ തെളിവാണ് അദ്ദേഹത്തോടൊപ്പം 1909ൽ ഖാദിയാനിലേക്ക് യാത്ര ചെയ്ത കുഞ്ഞഹമ്മദ് മുസ്ലിയാരുടെ ചരിത്രം. മറിച്ച് ശേഖ് മുഹ്യുദ്ദീൻ കുട്ടി സാഹിബിന്റെ പ്രാധാന്യം ആ കാലഘട്ടത്തിൽ ജമാഅത്ത് സ്വീകരിക്കുക വഴി അദ്ദേഹത്തിന് നേരിടേണ്ടിവന്ന യാതനകൾ തന്നെയാണ്. എല്ലാ സുഖസൗകര്യങ്ങളുടെയും ഇടയിൽ നിന്നാണ് അദ്ദേഹം ജമാഅത്ത് സ്വീകരിച്ചത്. അദ്ദേഹത്തിന്റെ സീമന്തപുത്രൻ മൗലാനാ അബ്ദുല്ലാഹ് സാഹിബ് (റഹ്) പറയുന്നു, "എന്റെ ബാപ്പ മലബാറിലെ അന്നത്തെ സുപ്രസിദ്ധ മതപണ്ഡിതന്മാരിൽ ഒരാളും കുറേയധികം മുരീതന്മാരുള്ള ഒരു ശേഖുമായിരുന്നു. ഞാൻ വളരെ ചെറുതായിരുന്നപ്പോൾ ബാപ്പക്ക് ലഭിച്ചിരുന്ന സ്വീകാര്യവും പദവിയും ബഹുമാനവും എനിക്കോർമയുണ്ടായിരുന്നു. കുറച്ചുനാൾക്ക് ശേഷം ഞാൻ ബാപ്പയെ മറ്റൊരു വിധത്തിലാണ് കണ്ടിരുന്നത്. വിരികൾ അടച്ചിട്ട കുതിരവണ്ടിയിലാണ് ബാപ്പ പിന്നീട് യാത്ര ചെയ്തിരുന്നത്. പ്രതാപമെല്ലാം പോയി, സ്നേഹിതന്മാർ വിട്ടുപിരിഞ്ഞു. ഈ മാറ്റത്തെ കുറിച്ച് എനിക്ക് വലിയ ബോധമൊന്നും അന്നുണ്ടായിരുന്നില്ലെങ്കിലും ഞാൻ അതിൽ ആശ്ചര്യപ്പെടുകയുണ്ടായി. പിൽക്കാലത്ത് ബാപ്പക്ക് വളരെ അരിഷ്ടപൂർണമായ ജീവിതമാണ് നയിക്കേണ്ടി വന്നത്. വളരെയധികം സുഖസന്തുഷ്ടമായ ജീവിതം നയിച്ചിരുന്ന ബാപ്പ അഹ്മദിയ്യത്ത് സ്വീകരിച്ചതോടൊപ്പം ധനപരമായ വലിയ ക്ലേശങ്ങളേയും സ്വയം വരിച്ചു. കേരളത്തിലെ മൗലവിമാരിൽ നിന്ന് ആദ്യമായി അഹ്മദിയ്യത്ത് സ്വീകരിച്ചത് എന്റെ ബാപ്പയായി രുന്നു. ആദ്യം മുതൽക്ക് തന്നെ സത്യാന്വേഷണപരമായ ഒരു നിലപാട് സ്വീകരിച്ചിരുന്നതിനാലാണ് അദ്ദേഹത്തിന് ഈ ഭാഗ്യം സിദ്ധിച്ചത്. ബാപ്പക്ക് കണ്ണൂരിലും കൂടാളിയിലും മുരീതന്മാരുണ്ടായിരുന്നു. അവരിൽ പലരും പിന്നീട് അഹ്മദിയ്യത്തിലേക്ക് ആകൃഷ്ടരായി. പഴയങ്ങാടിയിലും കൂടാളിയിലും ജമാഅത്തുകൾ രൂപീകരിക്കപ്പെട്ടത് ബാപ്പ മുഖേനയായിരുന്നു"(1961 സത്യദൂതൻ ജൂലൈ, പേജ് 233).

ഇതൊക്കെയാണെങ്കിലും കേരളത്തിലെ അഹ്മദികൾ അദ്ദേഹത്തെ സ്മരിക്കുക മൗലാനാ അബ്ദുല്ലാഹ് സാഹിബ് (റഹ്)യെ ജമാഅത്തിന് വേണ്ടി വഖ്ഫ് ചെയ്തു എന്നത് തന്നെയാണ്. താൻ സ്വീകരിച്ച സത്യത്തെ മറ്റുള്ളവർക്ക് പറഞ്ഞുകൊടുക്കുവാൻ എപ്പോഴും ഉത്സാഹിച്ചുകൊണ്ടിരിക്കുന്ന ഒരു പുത്രനെ ജമാഅത്തിന് വേണ്ടി വഖ്ഫ് ചെയ്യുവാനുള്ള ഭാഗ്യം കണ്ണൂരിൽ ഒന്നാമതായി സിദ്ധിച്ചത് ശേഖ് മുഹ്യിദ്ദീൻ കുട്ടി സാഹിബിനാണ്. മൗലാനാ അബ്ദുല്ലാഹ് സാഹിബ് കേരള അഹ്മദിയ്യത്തിന് വേണ്ടി ചെയ്ത സേവനങ്ങൾക്ക് കാരണം പിതാവിന്റെ ഈ ത്യഗമായതു കൊണ്ട് വന്ദ്യനായ ജനാബ് ശേഖ് മുഹ്യിദ്ദീൻ കുട്ടി സാഹിബ് തന്റെ നാമത്തിൽ അവസാനിക്കാത്ത സൽക്കർമങ്ങൾ എഴുതപ്പെടാനുള്ള ഏർപ്പാട് ചെയ്തു വെച്ചുകൊണ്ടാണ് ഇവിടം വിട്ടു പോയിരിക്കുന്നതു എന്ന് നിസ്സംശയം പറയാം. കേരള അഹ്മദിയ്യാ ചരിത്രത്തിൽ അദ്ദേഹത്തിന്റെ നാമം സ്വർണലിപികളാൽ എഴുതപ്പെടേണ്ട താണ് എന്ന് മാത്രം ഇവിടെ പ്രസ്താവിച്ചു കൊള്ളുന്നു.

www.alislam.org

പേജ് 32 ൽ നിന്നും തുടർച്ച

മാണ്. കൂനിന്മേൽ കുരു പോലെ വിനാശകരമായ ലോക മഹായുദ്ധം ഈ അവസരത്തിലാണ് പൊട്ടിപ്പുറപ്പെട്ടത്. അന്നേരം പല മാസികകളും നിലച്ച് പോയെങ്കിലും ഖലീഫത്തുൽ മസീഹിന്റെ ലോകത്തോടുള്ള ആഹ്വാനങ്ങളുമായി സത്യദൂതൻ മുടക്കമില്ലാതെ പ്രസിദ്ധീകരിക്കപ്പെട്ടുകൊണ്ടിരുന്നു. സഖ്യ കക്ഷികൾക്കനുകൂലമായി ഖലീഫയുടെ പ്രസ്താവനകൾ നിരന്തരം കണ്ട് പ്രസ്സ് ഉടമ സത്യദൂതൻ നിർത്തുന്നതാണ് നല്ലത് എന്ന് പറഞ്ഞപ്പോൾ താങ്കളുടെ പ്രസ്സ് പൂട്ടിപ്പോകും സത്യദൂതൻ മുടങ്ങില്ല എന്ന് ചങ്കുറപ്പോടെ പറഞ്ഞ ഹാമിദ് സാഹിബ് എന്ന ക്രാന്തദർശിയുടെ പ്രവചനാത്മകമായ വാക്കുകൾ സാർഥകമാക്കിക്കൊണ്ട് ഈ മാസിക അതിന്റെ ജൈത്രയാത്ര ഇന്നും തുടരുന്നു. കേരളം അത് കണ്ടു കൊണ്ടിരിക്കുകയും ചെയ്യുന്നു.

18 വർഷം എൻ. ഹാമിദ് സാഹിബിന്റെ പത്രാധിപത്യത്തിൽ കേരള മതാന്തരീക്ഷത്തിൽ ഏറെ ചർച്ചകൾക്ക് നേതൃത്വം നൽകിയ സത്യദൂതൻ 1952-53 കാലഘട്ടത്തിൽ സാമ്പത്തിക പ്രയാസത്താൽ മരണക്കിടക്കയിലായെങ്കിലും 1954 ൽ മൗലാനാ സാഹിബ് പത്രാധിപത്യം ഏറ്റെടുത്ത് കൊണ്ട് അതിന് ജീവൻ നൽകി എഴുന്നേൽപ്പിച്ചു. നാല് വർഷത്തിന് ശേഷം അനാരോഗ്യത്താൽ പിന്മാറിയ മൗലാനാ സാഹിബിന് പകരം സ്ഥാനമേറ്റെടുത്തത് എൻ. അബ്ദുർ റഹീം സാഹിബായിരുന്നു. പത്രാധിപത്യസ്ഥാനത്ത് ചരിത്രം സൃഷ്ടിച്ചുകൊണ്ടാണ് അദ്ദേഹം പിൻവാങ്ങിയത്. പിന്നീട് മുടക്കമി ല്ലാതെ മുന്നേറിയ സത്യദൂതൻ 1974 ൽ പാകിസ്താനിൽ അഹ്മദികളെ അമുസ്ലിം ന്യൂനപക്ഷമായി പ്രഖ്യാപിച്ചപ്പോൾ പാക്ഷികമായി പ്രസിദ്ധീകരിക്കുകയുണ്ടായി. വാർത്താപത്രികാരൂപത്തിൽ 2 വർഷത്തോളം പ്രസിദ്ധീകരിച്ച സത്യദൂതൻ വീണ്ടും പഴയ രൂപത്തി ലേക്ക് മാറി. ഇതിനിടയിൽ അഹ്മദിയ്യാ ജമാഅത്തിന്റെ കേരളാ ഘടകം രൂപീകരിക്കപ്പെട്ടപ്പോൾ മലബാർ അഹ്മദിയ്യാ ജമാഅത്തി ന്റെ ഉടമാവകാശം മേൽ ഘടക ത്തിന്ന് കൈമാറി. നേരത്തെ പറഞ്ഞ മഹാരഥന്മാരായ ആളുകൾക്ക് പുറമെ മൗലവി അബുൽ വഫാ സാഹിബ്, സിദ്ധീക്ക് അമീറലി സാഹിബ് , ബി. യം. കോയ സാഹിബ്, മൗലവി ഇസ്മായീൽ സാഹിബ് തുടങ്ങിയ പ്രമുഖരും നേതൃത്വം നൽകിയ സത്യദൂതൻ ഇപ്പോൾ മുന്നോട്ട് നയിക്കുന്നത് എ. എം. മുഹമ്മദ് സലിം എന്ന പത്രാധിപരാണ്.

# പ്രാർഥനയും സ്വീകാര്യതയും

- ഹദ്റത്ത് അഹ്മദ് (അ)

അല്ലാഹുവിന്റെ അനുഗ്രഹം ആർക്കെങ്കിലും അവൻ നൽകുന്ന സമയം ആസന്നമായാൽ പ്രാർഥനാ സ്വീകാര്യതയുടെ എല്ലാ വഴികളും ദൈവം ഒന്നിച്ച് ചേർക്കുന്നു. അയാളുടെ ഹൃദയത്തിൽ ഒരു തരത്തിലുള്ള ജ്വലനം അനുഭവപ്പെടുകയും പ്രാർഥിക്കാനുള്ള അദമ്യമായ ഒരു അഭിനിവേശം ഉണ്ടാവുകയും ചെയ്യുന്നു. പ്രാർഥനാ സ്വീകാര്യതയുടെ സമയം ആഗതമായില്ലെങ്കിൽ അയാളുടെ ഹൃദയത്തിൽ ഒരു തരത്തിലുള്ള സംതൃപ്തിയും അനുഭവപ്പെടില്ല. അയാൾ എത്ര തന്നെ സ്വയം ശ്രമിച്ചാലും ആവേശത്തോടു കൂടി പ്രാർഥിക്കാനുള്ള അഭിവാഞ്ഛ ഉണ്ടാവുന്നില്ല. ഇതിന് കാരണം ചിലപ്പോൾ ദൈവം അവന്റെ ഇച്ഛ സന്തോഷപൂർവം ഒരാളെക്കൊണ്ട് സ്വീകരിപ്പിക്കാൻ ആഗ്രഹിക്കുന്നു. ചില പ്പോൾ അവൻ തന്റെ ദാസൻ ചോദിക്കുന്നത് സാധിപ്പിച്ചു കൊണ്ട് പ്രാർത്ഥന സ്വീകരിക്കുന്നു. അതുകൊണ്ട് എനിക്ക് പ്രാർത്ഥനയുടെ സീകാര്യതയെ സംബന്ധിച്ച് ദൈവത്തിൽ നിന്ന് ഒരു സൂചന ലഭിച്ചാലല്ലാതെ ഞാൻ വളരെ അപൂർവ്വമായി മാത്രമേ പ്രാർഥന സ്വീകാര്യതയെപറ്റി പ്രതീക്ഷവെച്ച് പുലർത്താറുള്ളൂ. എന്റെ പ്രാർഥന സ്വീകരിച്ചതിൽ ഞാൻ എപ്രകാരം സംതൃപ്തനായിരിക്കുന്നുവോ അപ്രകാരം ദൈവത്തിന്റെ ഇച്ഛ എതൊന്നിലാണോ അതിലും ഞാൻ സംതൃപ്തനാകുമായിരുന്നു. ഞാനതിൽ സന്തോഷം കണ്ടെത്തി. സത്യമെന്തന്നാൽ ദൈവേഛക്ക് സമ്പൂർണമായും കീഴടങ്ങുക. അതാണ് എറ്റവും നല്ല ഫലം ഉണ്ടക്കുക.(***മൽഫൂസാത്ത് വാ. 1 പേജ് 440***)

വസ്തുത എന്താണെന്ന് വെച്ചാൽ ഒരാൾ വേണ്ടവിധത്തിൽ കർമങ്ങൾ ചെയ്യുന്നില്ലെങ്കിൽ അയാൾ യഥാർഥ പ്രാർഥന നടത്തുന്നില്ല എന്നാണ്. അയാൾ ദൈവത്തെ പരീക്ഷിക്കുകയാണ് ചെയ്യുന്നത്. അത്കൊണ്ട് ഒരാൾ എന്തെങ്കിലും ഒന്നിന്ന് വേണ്ടി പ്രാർഥിക്കുന്നതിന്ന് മുമ്പായി സാധ്യമായ എല്ലാ ഭൗതിക ഉപാധികളും സ്വീകരിക്കണം എന്നത് വളരെ പ്രധാമാണ്. ഇതാണ് യഥാർഥ പ്രാർഥനയുടെ അർഥം. ചില ഉചിതമായ ഉപാധികളിലൂടെ മാറ്റങ്ങൾ ഉണ്ടാക്കുക എന്നതാണ് ദൈവത്തിന്റെ സമ്പ്രദായം. അതിനായി ഉപാധികൾ അവൻ ലഭ്യമാക്കുകയാണ് ചെയ്യുക. അതുകൊണ്ട് പ്രാർഥിക്കുന്നയാൾ അയാളുടെ വിശ്വാസത്തെക്കുറിച്ചും കർമത്തെക്കുറിച്ചും ചിന്തിക്കണം. (***മൽഫൂസാത്ത്, വാ. 1118***)

# വടക്കൻ കൊറിയയുടെ ഹൈഡ്രജൻ ബോംബ്

മുസാഫിർ



ഹൈഡ്രജൻ ബോംബ് വിജയകരമായി പരീക്ഷണം നടത്തിയതിന്റെ പ്രഖ്യാപനം നടത്തുന്നു

**2016** ജനുവരി 6 ന് ഉത്തര കൊറിയ വിജയകരമായി നടത്തി എന്ന് അവകാശപ്പെടുന്ന ഹൈഡ്രജൻ ബോംബ് പരീക്ഷണം ലോകം ഭയാശങ്കകളോടെയാണ് നോക്കിക്കാണുന്നത്. വടക്കൻ കൊറിയ ഭൂമിക്കടിയിൽ നടത്തിയ സ്ഫോടനം 5.1 മാഗ്നിറ്റ്യൂഡ് ഉള്ള ഒരു ചെറിയ ഭൂകമ്പം തന്നെയായിരുന്നു. രണ്ട് ദിവസം മുമ്പ് വടക്കൻ കൊറിയയുടെ ഏകാധിപതി കിം ജോങ്ങ് ഉൻ ന്റെ ജന്മദിന സമ്മാനമായും ലോകത്തിന് വടക്കൻ കൊറിയയുടെ പുതുവത്സര സമ്മാനമായും ഈ ഹൈഡ്രജൻ ബോംബ് വിലയിരുത്തപ്പെടുന്നു. ഒരു പരമാധികാര രാജ്യം എന്ന നിലക്ക് ഹൈഡ്രജൻ ബോംബ് ഉണ്ടാക്കാനുള്ളഅവകാശം തങ്ങൾക്ക് ഉണ്ടെന്നും തങ്ങളെ അണുവായുധങ്ങളാൽ ആക്രമിക്കാനും തകർക്കാനും തക്കം പാർത്തിരിക്കുന്ന അമേരിക്കക്കുള്ള മറുപടിയാണ് ഈ ബോംബെന്നും ഉത്തര കൊറിയൻ ടിവി വാർത്താ മാധ്യമം പറഞ്ഞു. ഇറാഖിലെ സദ്ദാം ഹുസൈനും ലിബിയയുടെ മുഅമ്മൻ ഗദ്ദാഫിയും ആണവ പരിപാടികൾ ഉപേക്ഷിച്ചത് കൊണ്ട് ആ രാജ്യങ്ങളിലെ നേതാക്കന്മാർക്ക് സംഭവിച്ച ഗതി തങ്ങൾക്കും വരാതിരിക്കാനാണ് ഈ ബോംബ് പരീക്ഷണം നടത്തിയതെന്നും ടി.വി വാർത്താ ചാനൽ വിശദീകരിക്കുകയുണ്ടായി. ഉത്തര കൊറിയയുടെ ആണവ പരീക്ഷണത്തെ അമേരിക്ക രൂക്ഷമായ ഭാഷയിലാണ് അപലപിച്ചത്. ഇതിനെതിരെ ഉചിതമായി പ്രതികരിക്കുമെന്നും അമേരിക്ക വ്യക്തമാക്കിയിട്ടുണ്ട്. ലോകത്തെ മറ്റു രാജ്യങ്ങളുമായി പൊതുവേ ബന്ധമില്ലാതെ ഒറ്റപ്പെട്ടു കഴിയുന്ന ഒരു രാജ്യമാണ് വടക്കൻ കൊറിയ. ചൈനയുമായും റഷ്യയുമായും മാത്രമേ ആ രാജ്യത്തിന് സുഹൃദ് ബന്ധങ്ങളുള്ളൂ. ചൈന ആ രാജ്യത്തിന്റെ രക്ഷകർത്തവായി കണക്കാക്കപ്പെടുന്ന രാജ്യമാണ്. ആ രാജ്യങ്ങളും ഇപ്പോൾ വടക്കൻ കൊറിയയെ അപലപിച്ചിട്ടുണ്ട്. 2013 ലെ ആണവ പരീക്ഷണത്തെതുടർന്ന് യു എൻ ഏർപ്പെടുത്തിയ ഉപരോധം നിലനിൽക്കേയാണ് ഇപ്പോഴത്തെ പരീക്ഷണം.

1951 ൽ തന്നെ അമേരിക്ക ഹൈഡ്രജൻ ബോംബ് നിർമിച്ചിട്ടുണ്ട്. അവരുടെ കൈയിൽ ഹൈഡ്രജൻ ബോംബടക്കം 7500 ന്യൂക്ലിയർ ആയുധങ്ങളുണ്ട്. റഷ്യ യുടെ കൈയിൽ 7260, ഫ്രാൻസ് 300 ബ്രിട്ടൻ 215, ചൈന 260, കൊറിയ 12 എണ്ണം വീതവും ഉണ്ട്. കൂടാതെ ഇസ്രയേൽ(80 -200), പാകിസ്താൻ (100 - 120), ഇന്ത്യ (90 - 110) എന്നീ രാജ്യങ്ങൾ ആറ്റം ബോംബുകൾ ഉള്ളവരാണ്. ഇവരുടെയെല്ലാം കൈയിലുള്ള ഈ മാരകായുധം കൊണ്ട് ഈ ഭൂമിയിയിലെ ജീവജാലങ്ങളെ എത്രയോ ആയിരം തവണ പൂർണമായും നശിപ്പിക്കാൻ സാധിക്കും.

## ഹൈഡ്രജൻ ബോംബ്

ഹൈഡ്രജൻ ബോംബ് ആറ്റം ബോംബിനേക്കാൾ അതീവ മാരകമായ പ്രഹരശേഷിയുള്ളതാണ്. അമേരിക്ക ജപ്പാനിൽ വർഷിച്ചത് പോലെയുള്ള ആറ്റം ബോംബിനേക്കാൾ ആയിരം മുതൽ അയ്യായിരം വരെ ഇരട്ടി ശക്തിയേറിയതാണ് ഹൈഡ്രജൻ ബോംബ്.

ഹൈഡ്രജൻ ബോംബിനെ പറ്റി

ഏകദേശം വിവരണം ഇപ്രകാരമാണ്. ഒരു പദാർഥത്തിന്റെ ഏറ്റവും ചെറിയ അംശമാണ് ആറ്റം. ആറ്റത്തിനകത്ത് പ്രോട്ടോൺ, ന്യൂട്രോൺ, ഇലക്ട്രോൺ, എന്നീ കണങ്ങളാണ് ഉള്ളത്. അതിൽ ന്യൂട്രോൺ, പ്രോട്ടോൺ എന്നീ കണങ്ങൾ ആറ്റത്തിന്റെ ന്യൂക്ലിയസ്സിനുള്ളിൽ (അണു കേന്ദ്രം) ആണ് നിലകൊള്ളുന്നത്. ഇലക്ട്രോൺ എന്ന കണം ന്യൂക്ലിയസ്സിന് പുറത്താണ്. സാധാരണ രണ്ട് പദാർഥങ്ങൾ തമ്മിലുള്ള രാസപ്രവർത്തനങ്ങളിലും മറ്റും പങ്കെടുക്കുന്നത് ആറ്റത്തിന്റെ ന്യൂക്ലിയസ്സിന് പുറത്തുള്ള ഇലക്ട്രോൺ ആണ്. ന്യൂക്ലിയസ്സിനുള്ളിൽ സ്ഥിതി ചെയ്യുന്ന ന്യൂട്രോൺ, പ്രോട്ടോൺ കണങ്ങൾ രാസപ്രവർത്തനത്തിൽ പങ്കെടുക്കാറില്ല. അതിശക്തമായ ന്യൂക്ലിയർ ബലങ്ങളാൽ ന്യൂക്ലിയസ്സിനുള്ളിൽ തന്നെ അവ സ്ഥിരതയോടെ നിലകൊള്ളുന്നു. ന്യൂക്ലിയസ്സിനുള്ളിൽ ഈ കണങ്ങളെ തമ്മിൽ ചേർത്ത് നിർത്തുന്ന ബലത്തിനാണ് അണു കേന്ദ്രബലം അഥവാ ന്യൂക്ലിയർ എനർജി എന്ന് പറയുന്നത്. അണുകേന്ദ്രം അഥവാ ന്യൂക്ലിയസ്സ് ഊർജത്തിന്റെ ഒരു മഹാശേഖരമാണ്. ഇങ്ങനെ ആറ്റത്തിന്റെ ന്യൂക്ലിയസ്സിലുള്ള ശക്തമായ അണു കേന്ദ്രത്തെ വമ്പിച്ച മർദം ഉപയോഗിച്ച് വിഘടിപ്പിച്ചാൽ (ന്യൂക്ലിയർ ഫിഷൻ) ന്യൂക്ലിയസ്സിൽ ബന്ധനസ്ഥമായിരിക്കുന്ന ഊർജത്തെ വിമോചിപ്പിക്കാൻ സാധിക്കും. ഇതാണ് ആറ്റം ബോംബിന്റെ പ്രവർത്തനതത്ത്വം. വൈദ്യുതി ഉൽപാദിപ്പിക്കുന്ന റിയാക്ടറുകളിൽ ഇതേ പ്രവർത്തന തത്ത്വമാണെങ്കിലും റിയാക്ടറിൽ ആണവ ഊർജം നിയന്ത്രിച്ച് മനുഷ്യനന്മക്കായി ഉപയോഗിക്കുന്നു.

വലിയ ആറ്റങ്ങളുള്ളതും താരതമ്യേന എളുപ്പത്തിൽ വിഘടിപ്പിക്കാവുന്നതുമായ പ്ലൂട്ടോണിയം, യുറേനിയം എന്നീ മൂലകങ്ങളാണ് ആറ്റം ബോംബ് നിർമാണത്തിന് ഉപയോഗിക്കുക. യൂറേനിയം/ പ്ലൂട്ടോണിയം എന്നീ ആറ്റത്തിന്റെ ന്യൂക്ലിയസിനെ (അണു കേന്ദ്രത്തെ) ബോംബിന്റെ ചട്ടകൂട്ടിനകത്ത് അതിശക്തമായ മർദം ഉപയോഗിച്ച് വിഘടിപ്പിക്കുകയും ആറ്റത്തിനകത്തെ പ്രോട്ടോൺ, ന്യൂട്രോൺ എന്നീ ഉപകണങ്ങളെ ഒന്നിച്ചു നിർത്തിയ ഊർജം മോചിപ്പിക്കപ്പെടുകയും ചെയ്യുന്നു. ഇങ്ങനെ ഒരു ബോംബിന്റെ ചട്ടകൂടിനകത്ത് അനേകം അണു കേന്ദ്രങ്ങൾ ഒന്നിച്ച് വിഘടിക്കുമ്പോൾ മോചിപ്പിക്കപ്പെടുന്ന വൻ ഊർജം ബോംബിനുള്ളിൽ പൊട്ടിത്തെറിക്കുന്നതാണ് ആറ്റം ബോംബ്. ഈ ഊർജമാണ് ന്യൂക്ലിയർ ഫിഷന് (അണുവിഘടനം) ആധാരം. ന്യൂക്ലിയർ ഫ്യൂഷൻ (അണുസംയോജനം) എന്നാൽ വിഘടനത്തിന്റെ നേർ വിപരീതാവസ്ഥയാണ്. ഉപകണങ്ങളെ വൻസമ്മർദത്തിൽ സംയോജിപ്പിച്ച് ഹൈഡ്രജൻ ആറ്റമാക്കി മാറ്റുന്ന പ്രക്രിയയാണ് ഹൈഡ്രജൻ ബോം ബിൽ സംഭവിക്കുന്നത്. ഈ സം യോജനത്തിന് വൻ താപീയ ഊർജം ആവശ്യമാണ്. അതുണ്ടാക്കാൻ ഹൈഡ്രജൻ ബോംബിന്റെ ചട്ടകൂ ടിനകത്ത് യൂറേനിയം/ പ്ലൂട്ടോണിയം മൂലകങ്ങളുപയോഗിച്ച് ആദ്യം ഒരു ആറ്റം ബോംബ് പൊട്ടിക്കുന്നു. ബോബിനകത്ത് അതുണ്ടാക്കുന്ന ന്യൂക്ലിയർ താപത്തിൽ നിന്ന് ഉപകണങ്ങൾ സംയോജിച്ച് ഏറ്റവും ലളിതമായ ഹൈഡ്രജൻ ആറ്റങ്ങൾ ഉണ്ടാവുന്നു. അപ്പോൾ ബാക്കിയാവുന്ന അതിഭീമമായ ഊർജം മോചിപ്പിക്കപ്പെടുന്നു. ഇങ്ങനെ സംയോജിപ്പിക്കുന്നതിലൂടെ മോചിപ്പിക്കപ്പെടുന്ന ഊർജസ്ഫോടനമാണ് ഹൈഡ്രജൻ ബോംബിൽ സംഭവിക്കുന്നത്. ഇത് ആറ്റം ബോം ബിനേക്കാൾ ആയിരം മുതൽ അയ്യായിരം ഇരട്ടിവരെ അധികമാണ്. അത്തരം ഒരു ന്യൂക്ലിയർ ആയുധ മാണ് വടക്കൻ കൊറിയ ഇപ്പോൾ പരീക്ഷിച്ചു വിജയിച്ചു എന്ന് പറയപ്പെടുന്ന ഹൈഡ്രജൻ ബോംബിന്റെ ചുരുക്കം. ഇത്തരത്തിലുള്ള ന്യൂക്ലിയർ ബോംബുകൾ ഭൂഖണ്ഡങ്ങൾക്കപ്പുറമുള്ള ഉദ്ദിഷ്ട സ്ഥാനങ്ങളിൽ കൊണ്ടുപോയി വർഷിക്കാനുള്ള മിസൈൽ ശേഷിയും കൊറിയക്കുണ്ട്.

പക്ഷേ വടക്കൻ കൊറിയയുടെ ഹൈഡ്രജൻ ബോംബ് അവകാശവാദത്തെ പറ്റിയും അവർക്ക് അതിനുള്ള നിർമാണ ശേഷിയെ സംബന്ധിച്ചും അമേരിക്ക സംശയം പ്രകടിപ്പിച്ചിട്ടുണ്ട്. ഈ സംഭവത്തിന് ശേഷം അമേരിക്കൻ ബോംബർ വിമാനങ്ങൾ ദക്ഷിണ കൊറിയയിലെ അവരുടെ സൈനിക താവളങ്ങളിൽ നിന്നും ശക്തി പ്രകടനമെന്നോണം താഴ്ന്നു പറന്ന് സൈനിക അഭ്യാസങ്ങൾ തുടരുന്നുണ്ട്.


## വാഗ്ദത്ത മസീഹിന്റെ പ്രവചനവും കൊറിയൻ പ്രതിസന്ധിയും

വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദിന് (അ) നൂറ് വർഷങ്ങൾക്ക് മുമ്പ് കൊറിയയെ പറ്റിയുണ്ടായ ഒരു ദൈവിക വെളിപാടും അതിനെ തുടർന്ന് കൊറിയയിലും ലോകത്തുമുണ്ടായ സംഭവങ്ങളും ഈ സന്ദർഭത്തിൽ പരിശോധിക്കുന്നത് ഉചിതമായിരിക്കും.

**ഏക് മശ്‌രിഖി താഖത്ത് കൊറിയാ കാ നാസൂക്ക് ഹാലത്ത്.**

'ഒരു പൗരസ്ത്യ ശക്തിയും കൊറിയയുടെ ദുർഘട സ്ഥിതിയും'എന്നതായിരുന്നു വാഗ്ദത്ത മസീഹിനുണ്ടായിരുന്ന ആ വെളിപാട്. ലോക ഭൂപടത്തിൽ ആരാലും ശ്രദ്ധിക്കപ്പെടാതെ ചൈനയുടെ ശരീരത്തിൽ ജപ്പാന് അഭിമുഖമായി തള്ളി നിൽക്കുന്ന ഒരു കൊച്ചു ദശ പോലെ ശാന്ത സമുദ്രത്തിൽ നിലകൊണ്ടിരുന്ന കൊറിയ കഴിഞ്ഞ ഒരു നൂറ്റാണ്ടിന്നുള്ളിൽ പൗരസ്ത്യ ശക്തിയായ ചൈനയുടെ സാന്നിദ്ധ്യത്തിൽ ലോകചരിത്രത്തിൽ പ്രക്ഷുബ്ധമായ പല രാഷ്ട്രീയ പ്രതിസന്ധികളുടേയും എപ്പിക് സെന്ററായി തീർന്നത് ഈ വെളിപാടിന്റെ വെളിച്ചത്തിൽ ഒരു വിസ്മയമായി അവശേഷിക്കുന്നു.

പൗരാണിക ചൈനയുടെ ഒരു സാമന്ത രാജ്യമായിരുന്നു കൊറിയ. ചൈനയുമായി 1,416 കിലോ മീറ്ററും റഷ്യയുമായി 18 കിലോ മീറ്ററും അതിർത്തി പങ്കിടുന്ന ഒരു രാജ്യം കൂടിയാണ് വടക്കൻ കൊറിയ.



റഷ്യയും ശാന്തസമുദ്രത്തിൽ അടുത്തു കിടക്കുന്ന ദ്വീപായ ജപ്പാനും കൊറിയയെ അധീനപ്പെടുത്താൻ ചരിത്രത്തിലുടനീളം ശ്രമിച്ചിട്ടുണ്ട്. പത്തൊമ്പതാം നൂറ്റാണ്ടിൽ യൂറോപ്പിൽ ദേശീയത ഉയർന്നു വന്ന കാലത്ത് ഏഷ്യയിലെ ഏറ്റവും വലിയ സാമ്രാജ്യത്വ ശക്തി ജപ്പാനായിരുന്നു. 1876 ൽ കൊറിയയുടെ തുറമുഖങ്ങൾ മേധാവിത്വത്തോടെ ഉപയോഗിച്ചിരുന്ന ജപ്പാനോട് മത്സരിച്ച് റഷ്യയും അമേരിക്കയും ചില യൂറോപ്യൻ രാജ്യങ്ങളും കൊറിയയുമായി വ്യാപാര കരാറുണ്ടാക്കാൻ ശ്രമിച്ചത് ജപ്പാന് ഒട്ടും രസിച്ചില്ല. 1894-1895 വർഷങ്ങളിൽ കൊറിയയെ ചൊല്ലി ജപ്പാൻ ചൈനയുമായും റഷ്യയുമായും യുദ്ധം ചെയ്തു വിജയിച്ചു. അതോടെ ജപ്പാൻ ഏഷ്യയിലെ ചോദ്യം ചെയ്യാനാവാത്ത സാമ്രാജ്യത്വ ശക്തിയായി അംഗീകരി ക്കപ്പെട്ടു. ചൈനയുടെ അഖണ്ഡഭൂവിഭാഗമായ കൊറിയയെ ജപ്പാൻ പിന്നീട് എല്ലാ അർഥത്തിലും തങ്ങളുടെ ഒരു കോളനിയാക്കി മാറ്റി. ജപ്പാന്റെ കീഴിൽ ഭൗതികമായി പുരോഗമിച്ചുവെങ്കിലും ക്രൂരരായ ജപ്പാൻ സാമ്രാജ്യത്തിന് കീഴിൽ അവർ വീർപ്പ് മുട്ടുകയായിരുന്നു. ഇന്ത്യയെ പോലെ ഒന്നാം ലോക മഹായുദ്ധത്തിന്റെ തുടക്കത്തിൽ കൊറിയയിൽ സ്വാതന്ത്ര്യ സമരപ്രസ്ഥാനം ആരംഭിച്ചിരുന്നു. ജപ്പാൻ അത് ശക്തവും ക്രൂരവുമായും അടിച്ചമർത്തി. പിന്നീട് രണ്ടാം ലോക മഹായുദ്ധത്തിൽ ജപ്പാൻ പരാജയപ്പെട്ടതോടെ കൊറിയയെ വിഭജിച്ച് വടക്ക് റഷ്യയും തെക്ക് അമേരിക്കയും അധീനപ്പെടുത്തുകയായിരുന്നു. റഷ്യയുടെ പിന്തുണയോടെ കിം ഈൽ സുങ്ങ് കമ്യൂണിസ്റ്റ് ഭരണവും അമേരിക്കയുടെ പിന്തുണയോടെ സിങ്ങ് മാൻ റീയുടെ നേതൃത്വത്തിൽ തെക്കൻ കൊറിയയും നിലവിൽ വന്നു. പിന്നീട് യുദ്ധോത്സുകമായ അതിർത്തികളുള്ള രണ്ട് അപകടകാരികളായ രാജ്യങ്ങളായി ഇരു കൊറിയകളും മാറി.

ശീതയുദ്ധകാലത്തെ ശാക്തികചേരിമത്സരത്തിൽ ഏറ്റവും ഭീതിജനകമായ ഒരു സം ഭവമായിരുന്നു 1950-53 കളിലെ ഉത്തര ദക്ഷിണ കൊറിയകൾ തമ്മിലുള്ള യുദ്ധം. കൊറിയൻ യുദ്ധം ഒരു ആഗോള പ്രതിസന്ധിയായി വളരുകയായിരുന്നു. ഒരു ആഗോള യുദ്ധത്തിന്റെ പരിവേശത്തോടെ അരങ്ങേറിയ കൊറിയൻ യുദ്ധം പത്തൊമ്പത് രാജ്യങ്ങൾ പങ്കെടുത്ത ഒരു കൊച്ചു ലോക മഹായുദ്ധം തന്നെയായിരുന്നു. 1950 ജൂൺ 25ന് റഷ്യയുടെ രഹസ്യ പിന്തുണയോടെ കൊറിയൻ അതിർത്തിയായ 38-ാം അക്ഷാംശ രേഖ വടക്കൻ കൊറിയ കടന്നാക്രമിക്കുകയും ഞൊടിയിടക്കുള്ളിൽ തെക്കൻ കൊറിയയെ കീഴടക്കുകയും ചെയ്തു. ഉടനെ അമേരിക്കയുടെ നേതൃത്വത്തിൽ ഐക്യരാഷ്ട്ര സഭാ രക്ഷാസമിതിയിൽ വടക്കൻ കൊറിയക്കെതിരെ പ്രമേയം കൊണ്ടുവന്നു. പ്രമേയം റഷ്യയുടെ അഭാവത്തിൽ എതിർപ്പില്ലാതെ പാസ്സാവുകയും ചെയ്തു.

പ്രമേയം പാസ്സാവാൻ അതായത് യു. എൻ. രക്ഷാസമിതിയിൽ റഷ്യയുടെ സാന്നിദ്ധ്യം ഇല്ലാതാവാൻ അസാധാരണമായ ഒരു സാഹചര്യമുണ്ടായിരുന്നു. അതിന്റെ ചുരുക്കം ഇപ്രകാരമാണ്. രണ്ടാം ലോക മഹായുദ്ധത്തിന് ശേഷം ജിയാങ്ങ് കീ ഷെയ്ക്കിന്റെ കൂമിന്താങ്ങ് കക്ഷിയായിരുന്നു ചൈനയിൽ അധികാരത്തിൽ ഉണ്ടായിരുന്നത്. 1945 ൽ ചൈനയിൽ റഷ്യയുടെ പിന്തുണയോടെ ദേശീയ കക്ഷിയായ കുമിന്താങ്ങിനെ അട്ടിമറിച്ച് മാവോ സെ തുങ്ങിന്റെ നേതൃത്വത്തിൽ വിപ്ലവം അരങ്ങേറുകയും കമ്മ്യൂണിസ്റ്റ് ഭരണ കൂടം അധികാരത്തിൽ വരുകയും ചെയ്തു. ഗത്യന്തരമില്ലാതെ ജിയാങ്ങ് കീ ഷെയ്ക്ക് ചൈനാ മഹാരാജ്യത്തിന് തൊട്ടു കിടക്കുന്ന തായ്‌വാനിൽ (ഫോർമോസ ദ്വീപിൽ ) അഭയം തേടുകയും ചെയ്തു. അവിടെ ഒരു സമാന്തര സർക്കാർ സ്ഥാപിക്കുകയും അതിന് റിപ്പബ്ലിക്ക് ഓഫ് ചൈന എന്ന് നാമകരണം ചെയ്യുകയും ചെയ്തു. യു എന്നിൽ ലോകത്തിലെ ഏറ്റവും ജനസംഖ്യയുള്ള രാജ്യമായ ചൈനയെ പ്രതിനിധീകരിച്ചത് ഈ കൊച്ചു ദ്വീപായിരുന്നു. ഇതിൽ പ്രതിഷേധിച്ച് റഷ്യ ഐക്യരാഷ്ട്ര സഭയുടെ സുരക്ഷാ സമിതി ബഹിഷ്ക്കരിക്കുകയും ചെയ്തു. ഈ കാലഘട്ടത്തിലായിരുന്നു അമേരിക്കയുടെ നേതൃത്വത്തിൽ കൊറിയക്കെതിരെ പ്രമേയം പാസ്സാക്കിയത്. പ്രമേയം 38-ാം അക്ഷാംശ രേഖയിലേക്ക് മടങ്ങുവാൻ ഉത്തര കൊറിയയോട് ആവശ്യപ്പെട്ടു. പ്രമേയത്തിൽ ഉത്തര കൊറിയക്കെതിരെ യുദ്ധം ചെയ്യാനുള്ള ആഹ്വാനമുണ്ടാ യിരുന്നില്ല.

പക്ഷേ അമേരിക്ക അവസരം മുതലെടുത്ത് 18 രാജ്യങ്ങളെ ചേർത്ത് ഉത്തര കൊറിയക്കെതിരെ ജപ്പാനിൽ നിന്നും യുദ്ധം ആരംഭിച്ചു. തെക്കൻ കൊറിയ തിരിച്ചു പിടിച്ചു. യു എൻ സേന വടക്കൻ കൊറിയയെ പിന്നോട്ടടിപ്പിച്ചു. അമേരിക്കൻ പ്രസിഡന്റ് ട്രൂമാൻ ചൈനയുടെ അതിർത്തിയിലേക്ക് ഉത്തര കൊറിയൻ സൈന്യത്തെ ആട്ടിപ്പായിക്കാൻ ഉത്തരവിട്ടു. ഈ സന്ദർഭത്തിൽ ചൈന യുദ്ധത്തിൽ നേരിട്ടിടപെടുമെന്ന് ഭീഷണി മുഴക്കുകയും ചെയ്തു. ചൈനയുടെ പൂർണ സഹകരണത്തോടെ ഉത്തര കൊറിയൻ പട്ടാളം യു. എൻ. സേന നിലയുറപ്പിച്ച പ്രദേശം തിരിച്ചു പിടിക്കുകയും ചെയ്തു. അവസാനം മൂന്ന് വർഷത്തെ പരസ്പര യുദ്ധത്തിന് ശേഷം റഷ്യ ഐക്യരാഷ്ട്ര സഭയിൽ ഇടപെട്ട് 1953 ജൂലൈ 23 ന് സമാധാന സന്ധിയിൽ ഒപ്പ് വെക്കുകയും ചെയ്തു. ഐക്യരാഷ്ട്ര സഭയുടെ അരലക്ഷം ഭടന്മാർ കൊല്ലപ്പെട്ട ഈ യുദ്ധത്തിൽ കൊറിയക്ക് രണ്ടര ലക്ഷം പേരാണ് നഷ്ടപ്പെട്ടത്. അതിന് പുറമെ അളവറ്റ ധന നഷ്ടവും ഉണ്ടായി. രണ്ടാം ലോക മഹായുദ്ധത്തിന് ശേഷം ലോകം അഭിമുഖീകരിച്ച ഏറ്റവും വലിയ ഒരാഗോള പ്രതിസന്ധിയായിരുന്നു ഇത്. മാത്രമല്ല പഴയ ലീഗ് ഓഫ്നേഷനോ ഐക്യരാഷ്ട്രസഭക്കോ അതുവരെ ഒരു യുദ്ധം ചെയ്ത അനുഭവമില്ലായിരുന്നു. ശീതയുദ്ധകാലത്തെ മൂർദ്ധന്യ ദശയെക്കുറിക്കുന്നതാണ് പൗരസ്ത്യ ശക്തികളായ ചൈനയുടേയും റഷ്യയുടെയും ഗണ്യമായ പങ്കാളിത്തമുണ്ടായിരുന്ന ആപൽക്കരമായ ഈ ലോക സംഭവം. അത് സംഭവിക്കുന്നതിന് അഞ്ച് ദശാബ്ദങ്ങൾക്ക് മുമ്പ് വാഗ്ദത്ത മസീഹിന്റെ ദിവ്യജ്ഞാന ദൃഷ്ടിയിൽ ഈ സംഭവത്തിന്റെ സൂചനകൾ മിന്നിമറഞ്ഞതും പ്രവചന ഭാഷയിൽ അത് രേഖപ്പെടുത്തപ്പെട്ടതും അത്ഭുതകരമാണ്. ആ പ്രവചനങ്ങളിൽ പറയപ്പെട്ട ***'ഒരു പൗരസ്ത്യ ശക്തിയും കൊറിയയുടെ ദുർഘട സ്ഥിതിയും'*** എന്ന പ്രവചനം കൂടുതൽ അർഥങ്ങൾ തേടിക്കൊണ്ട് പുതിയ തലങ്ങളിൽ പുലരുകയാണ്.

ചൈന വടക്കൻ കൊറിയയുടെ ഹൈഡ്രജൻ ബോംബിനെ നയതന്ത്ര ഭാഷയിൽ അപലപിച്ചിട്ടുണ്ട്. വടക്കൻ കൊറിയയുടെ ന്യൂക്ലിയർ പരിപാടിയുമായി ബന്ധപ്പെട്ട് ചൈനയുമായി വടക്കൻ കൊറിയക്കുള്ള ബന്ധം പഴയത് പോലെ അത്ര ഊഷ്മളമായി ബാഹ്യമായി കാണപ്പെട്ടിരുന്നില്ല. എങ്കിലും ചൈനയുടെ ഒരു ആശ്രിത രാജ്യമാണ് വടക്കൻ കൊറിയ. 1961 ൽ ഒപ്പ്വെച്ച Sino-North Korean Mutual Aid and Co-operation Friendship Treaty പ്രകാരം വടക്കൻ കൊറിയക്ക് മേലുള്ള ഏതൊരു വിദേശ ആക്രമണത്തേയും പ്രതിരോധിക്കാനും പ്രത്യാക്രമണം നടത്താനും ചൈന ബാദ്ധ്യസ്ഥമാണ്. 2021 വരെ പ്രാബല്യത്തിലുള്ള ഒരു കരാറാണിത്. അമേരിക്കയും പാശ്ചാത്യ രാജ്യങ്ങളും പൗരസ്ത്യ ശക്തികളായ ചൈനയും റഷ്യയും തമ്മിൽ ഇപ്പോൾ നിലനിൽക്കുന്ന വാണിജ്യപരവും സാമ്പത്തികവും സൈനികവുമായ മത്സരത്തെ വടക്കൻ കൊറിയൻ പ്രശ്നം കൂടുതൽ മൂർഛിപ്പിക്കാനും സങ്കീർണമാക്കാനും അത് പ്രക്ഷുബ്ദമായി കൊണ്ടിരിക്കുന്ന ആഗോള സമാധാനത്തെ വീണ്ടും അലോസരപ്പെടുത്താനും ഇടയുണ്ട്. അങ്ങനെ ആവാതിരിക്കട്ടെ എന്ന് നമുക്ക് പ്രാർഥിക്കാം.

# മതമൈത്രി സംഗമം അവിസ്മരണീയമായി

എറണാകുളം: മാനവമൈത്രിയുടെ സന്ദേശം വിളംബരം ചെയ്തു കൊണ്ട് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ വനിതാ സംഘടനയായ ലജ്നാ ഇമായില്ലായുടെ എറണാകുളം ജില്ലാ നേതൃത്വം സംഘടിപ്പിച്ച മതമൈത്രി സംഗമം അവിസ്മരണീയമായി. ജനുവരി 10-ാം തീയതി മസ്ജിദ് ഉമറിൽ വെച്ച് നടത്തിയ സംഗമം കൊച്ചി മേയർ ശ്രീമതി സൗമിനി ജെയ്ൻ ഉദ്ഘാടനം ചെയ്തു. മറ്റുള്ളവരെ ഉൾക്കൊള്ളുകയും തുല്യതയോടെ കാണാൻ ശ്രമിക്കുകയും ചെയ്താൽ ഭൂമിയിൽ എല്ലാവർക്കുമുള്ള ഇടമുണ്ടാകുമെന്ന് അവർ പറഞ്ഞു. സ്നേഹത്തിന്റെ അഭാവമാണ് മതവിദ്വേഷത്തിലേക്ക് നയിക്കുന്നത്. എല്ലാ മനുഷ്യരിലും സ്വാർഥത കുടി കൊള്ളുന്നുണ്ട്. ഇത് ബോധപൂർവം ഇല്ലായ്മ ചെയ്യാൻ ശ്രമിക്കണമെന്നും അവർ പറഞ്ഞു. എല്ലാ മതങ്ങളെയും ആദരിക്കുന്ന മതമാണ് ഇസ്‌ലാമെന്നും മതത്തിൽ യാതൊരു നിർബന്ധവുമില്ല എന്നതാണ് ഖുർആൻ നൽകുന്ന പാഠമെന്നും സംഗമത്തിൽ അദ്ധ്യക്ഷത വഹിച്ച ലജ്നാ ഇമായില്ലാഹ് ജില്ലാ സദർ റാബിയ ശൗക്കത്ത് സാഹിബ അഭിപ്രായപ്പെട്ടു. പ്രമുഖ സാമൂഹ്യ പ്രവർത്തക ജ്യോതി നാരായണൻ, നഗരസഭാംഗം ഗ്രേസി ബാബു ജേക്കബ്, മേരി ട്രീസ ലോപ്പസ്, സിസ്റ്റർ റോളി, മുംതാസ് സഫറുല്ല, സന്ധ്യാജയപ്രകാശ് തുടങ്ങിയവർ പ്രസംഗിച്ചു.

ടി. കെ. സെമിയാ നജീബ്,
എറണാകുളം

## അനുസ്മരണം

### ഉത്തക്കൽ ഹംസ സാഹിബ്

കൂടാളി ജമാഅത്തിലെ ഉത്തക്കൽ ഹംസ സാഹിബ് (82) 2015 സെപ്റ്റംബർ 30 ന് വഫാത്തായി. ഇന്നാലില്ലാഹി.. ഭാര്യ പി കെ ഫാത്തിമാബി. മക്കൾ: അബ്ദുൾ മാലിക്ക്, ബാത്തിശാ, റുഖിയ, സാഹിറ, ശക്കീല, സലീന, സബീന. മരുമക്കൾ: ബുഷ്റ, ഉമ്മർ, അബൂബക്കർ,അബ്ബാസ്, ശംസുദ്ദീൻ, റഫീഖ്, സലീം.

## അനുസ്മരണം



### ഡോ. എസ്. വി കുഞ്ഞഹമ്മദ്

കണ്ണൂർ- കണ്ണൂർ ടൗൺ ജമാഅത്തിലെ ഡോ. എസ്. വി. കുഞ്ഞഹമ്മദ് സാഹിബ് ഡിസംബർ 26ന് നിര്യാതനായി. ഇന്നാലില്ലാഹി....

പരേതൻ ആയുർവേദ ഡോക്ടർ ആയിരുന്നു. കൊല്ലം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ ജില്ലാ മെഡിക്കൽ ഓഫീസറായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. കണ്ണൂർ ടൗൺ ജമാഅത്തിന്റെ മുൻ മാൽസെക്രട്ടറിയായിരുന്ന അദ്ദേഹത്തിന് മക്ക, മദീന, ഖാദിയാൻ തുടങ്ങിയ പുണ്യസ്ഥലങ്ങൾ സന്ദർശിക്കാൻ ഭാഗ്യം ലഭിച്ചിരുന്നു.

സി. എച്ച് സുഹ്റാബീവിയാണ് ഭാര്യ. മക്കൾ: മഹ്മൂദ് അഹ്മദ്, ഡോ. മൻസൂർ അഹ്മദ്, സാജിദ, സമീർ അഹ്മദ്, സഹീർ അഹ്മദ്. മരുമക്കൾ: റിസ്‌വാന, ശെറിൻ, നിശാൻ അഹ്മദ്, ജോഷില, അസീദ

പരേതന് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകുമാറാകട്ടെ.

-സമീർ അഹ്മദ്, കണ്ണൂർടൗൺ




ജനുവരി 24 ന് കാക്കനാട് ബൈത്തെ ത്വാഹിറിൽ നടന്ന എറണാകുളം ജില്ലാ തഅ്ലീം-വഖ്ഫെ നൗ ക്യാമ്പ് ജില്ലാ അമീർ പി. കെ. ശാഹുൽ ഹമീദ് സാഹിബ് ഉദ്ഘാടനം ചെയ്യുന്നു. മൗലവി സുൽത്താൻ നസീർ സാഹിബ്, ടി. കെ. അബൂബക്കർ സാഹിബ്, ബി. ബി. അഹ്മദ് കബീർ സാഹിബ് എന്നിവർ സമീപം.




ജനുവരി 24 ന് പത്തപ്പിരിയം ജമാഅത്തിൽ വെച്ച് നടന്ന മലപ്പുറം ജില്ലാ ദഅ്‌വത്തെ ഇലല്ലാഹ് ക്യാമ്പ് ജില്ലാ അമീർ ടി. കെ. അമീറലിസാഹിബ് ഉദ്ഘാടനം ചെയ്യുന്നു.



**Published on 7 February 2016**

Vol: 88 Issue. 2
Price Rs. **30/-**

Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2015-17
Licence No. KL/CR/EKM/WPP-12/2015-17. Licensed to Post Without Prepayment
**The Sathyadoothan Monthly**


ഖുർആന്റെ ദിവ്യാത്ഭുതം തുറന്നുകാട്ടുകയും
ആധുനിക വൈജ്ഞാനിക ലോകവുമായി സംവദിക്കുകയും
ചെയ്യുന്ന അത്യുജ്ജ്വല ഗ്രന്ഥം




വില ₹ 800
സ്പെഷ്യൽ പ്രൈസ്
₹400
മാത്രം

# വെളിപാട് യുക്തി ജ്ഞാനം സത്യം

ഗ്രന്ഥകർത്താ:
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്
വിവർത്തനം
എ. എം. മുഹമ്മദ് സലിം

1200ഓളം പേജുകൾ | നിരവധി വർണ്ണ ചിത്രങ്ങൾ
സമഗ്രമായ ഇൻഡക്സ്

ഒരു ഇസ്‌ലാം ഇന്റർനാഷണൽ പ്രസിദ്ധീകരണം

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി
കൂടുതൽ അറിയാൻ ബന്ധപ്പെടുക

**1800 425 2020** Toll Free (9 am to 9 pm)